KOTTAYAM PUBLIC LIBRARY

Call No. MA5 Acc. No. 12592

Author അച്യുതമേനോൻ, സി

Title ആചേല വൃത്താം

12592

# കുചേലവൃത്തം

## നാലുവൃത്തം

(ഒരു പ്രാചീനകൃതി)

EDITED BY

C. ACHYUTA MENON, B. A.

*Reader in Malayalam, University of Madras.*

KOTTAYAM PUBLIC LIBRARY
KOTTAYAM.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

PRINTED AT THE
BASEL MISSION PRESS AND BOOK DEPOT, MANGALORE
1929

MA5

PRINTED AT THE
BASEL MISSION PRESS AND BOOK DEPOT MANGALORE

## അവതാരിക.

മദിരാശി സൎവ്വകലാശാലയിൽ മലയാളഭാഷയെ സംബന്ധിച്ച ചുമതലകൾ ഞാൻ ഏറെറടുത്തതോടുകൂടി അച്ചടിക്കാത്ത ഗ്രന്ഥങ്ങൾ തേടിപ്പിടിക്കുന്നതും എന്റെ കൃത്യങ്ങളിൽ ഒന്നായി ഞാൻ അംഗീകരിക്കയുണ്ടായി. ആ വഴിക്കുള്ള പരിശ്രമത്തിന്റെ ഫലമായി കിട്ടിയതാണ് പ്രകൃതഗ്രന്ഥമായ കുചേലവൃത്തം. കാവ്യഗുണംകൊണ്ടു ഇതിന്നും ഭാഷയിൽ ഒരു ഗണ്യമായ സ്ഥാനം കല്പിക്കാമെന്നു തോന്നുകയാൽ, പൊതുജനസമക്ഷം ഈ കൃതിയെ അവതരിപ്പിക്കുന്നതിൽ എനിക്കു വലുതായ കൃതാൎത്ഥതയുണ്ടു.

കവളപ്പാറ കൊട്ടാരത്തിൽനിന്നു കിട്ടിയ ഒരു താളിയോല ഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിന്നു ആധാരം. പാഠങ്ങൾ ശരിപ്പെടുത്താനും, സംശയം ജനിക്കുന്നിടങ്ങളിൽ ശുദ്ധപാഠങ്ങൾ സ്വീകരിക്കാനുമായി ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതികൾ വേറെയൊന്നും അന്വേഷിച്ചുകിട്ടായ്കയാൽ എനിക്കു കിട്ടിയ പ്രതിയെ തന്നെ ശരണംപ്രാപിക്കാനേ തരമായിട്ടുള്ളൂ. ഇതിന്റെ കയ്യെഴുത്തുപ്രതികൾ വല്ലവരുടേയും കൈവശമുണ്ടെങ്കിൽ അതു സദയം അയച്ചുതരുന്നപക്ഷം പാഠഭേദങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു വേറൊരു പതിപ്പു പ്രസിദ്ധപ്പെടുത്തുന്നതാണെന്നുകൂടി ഈ ഘട്ടത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

## ഇതിവൃത്തം.

കുചേലവൃത്തം പല കവികളുടെയും മനോദൎപ്പണത്തിൽ കൂടി പ്രതിഫലിച്ചുകാണുവാൻ നമുക്കു ഭാഗ്യമുണ്ടായിട്ടുണ്ടു. സരസാഗ്രഗണ്യനും ശൃംഗാരരസപ്രതിപാദനത്തിൽ അദ്വിതീയനും ആയ ചെറുശ്ശേരിയാണ് ഭാഷയിൽ ആദ്യമായി കുചേലനെ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം രചിച്ച ചിത്രത്തിൽ നാം കാണുന്നത്, ഒരു വലിയ പ്രഭുവിനെ ദാരിദ്ര്യമൂൎത്തിയായ

ഒരു പഴയ സഖി ചെന്നാശ്രയിക്കുന്നതാണ്. ദാരിദ്ര്യമൂർത്തിയുടെ ദയനീയസ്ഥിതിക്കും, പ്രഭുവിൻെറ കുബേരപദവിക്കും തമ്മിലുള്ള അന്തരം കണ്ടു ചെറുശ്ശേരി ഇടക്ക് പുഞ്ചിരികൊള്ളുന്നുണ്ടു. എല്ലു പെറുക്കിയെടുക്കത്തക്കവണ്ണം മെലിഞ്ഞു കൃശമായ കുചേലൻെറ ദേഹം കണ്ടു ദ്വാരകാവാസികളെക്കൊണ്ടു—

"അസ്ഥികൾകൊണ്ടു ചമച്ചതിൻ മൂലമെ-
ന്തബ്ജജൻ പണ്ടിവൻ മേനിതന്നെ
ബീഭത്സമായ രസത്തിന്നെക്കാട്ടുവാ-
നാബദ്ധലീലനായല്ലയല്ലി?
പേശലമായോരു കാശത്തോടേശീട്ടു
പേശുവാൻ പോരുമിക്കേശമിപ്പോൾ.
പാങ്കുഴിയെന്നോർത്തോ? നേത്രങ്ങൾ നിർമ്മിച്ചു
യോഗ്യത പോരുമിതിന്നു പാർത്താൽ.
പാതാളലോകത്തോലൊന്നിന്നു പോന്നിവൻ-
നാഭിക്കുമീതേ പോയ്തിന്നിതോ ചൊൽ.
വിശപ്പത്തിനായൊരു നൽത്തൂണു നിർമ്മിച്ചേ
വിശ്വസിച്ചീടാവു വീഴായിവാൻ
എന്നങ്ങു നണ്ണിയതിന്നുള്ള നീളത്തെ-
ത്തന്നിലേ ചിന്തിച്ചു നിന്നനേരം
നാളീകജന്മാവിപ്പാദങ്ങൾ നിർമ്മിച്ചു
നീളത്തെക്കാണുംപോളെന്നുതോന്നും."

എന്നു പരിഹസിപ്പിക്കുന്നതു കാണുമ്പോൾ ആ ഭക്താഗ്രണിയുടെ സങ്കടത്തിൽ ചെറുശ്ശേരിക്കു സഹതാപമില്ലെന്നു തോന്നിപ്പോകും.

"ഓദനം കാണാതെയൊട്ടുനാളുണ്ടല്ലൊ
വേദന മാറാതെ വാഴുന്നു നാം
ഓദനം തന്നോനെക്കണ്ടതുമില്ലെങ്ങും
വേദന ചിന്തിക്കിൽ മേലിലത്രേ.

*        *        *        *        *

യാചിപ്പാൻ പോവാനോ ചേലയും ചെമ്മല്ല.
ഗേഹത്തിൽ മേവുവാൻ പൈപ്പുമുണ്ടേ."

എന്ന തരത്തിലാണ് ഗാഥയിൽ കുചേലപത്നി ആവലാതി

തുടങ്ങുന്നത്. അദ്ധ്യാത്മചിന്തയിൽ മുഴുകിയിരിക്കുന്ന ഒരു പരമവിരക്തന്റെ ഭാൎയ്യയായിരുന്ന് ശാന്തഗുണം സമ്പാദിക്കുവാനിടയുള്ള സഹധൎമ്മിണിയല്ല ഈ വാക്കുകളിൽക്കൂടെ നമുക്കു പ്രത്യക്ഷമാകുന്നത്. ഇരിക്കപ്പൊറുതിയില്ലാതെ അഭിമാനം കൊണ്ടു അരിശംകൊള്ളുന്ന ഒരു മാനിനിയുടെ ചിത്രമാണിത്. ഈ എടുത്തുചാട്ടം കണ്ടിട്ടു തന്നെയായിരിക്കണം—

"നിന്നുടെ സാഹസം തന്നാലെയെങ്കിലും
പുണ്യങ്ങൾ പൂരിച്ചുകൊള്ളാമിപ്പോൾ"

എന്നു ആ ശുദ്ധാത്മാവു പറയുന്നത്.

ദ്വാരകയിൽനിന്നു മടങ്ങുന്നതുവരെ ചെറുശ്ശേരിയുടെ കുചേലനെ പറയത്തക്ക ചാപല്യമൊന്നും ബാധിക്കുന്നില്ല. പക്ഷേ ദ്വാരക വിട്ടപ്പോഴേക്കു പ്രാകൃതനെപ്പോലെ— "ചേലയോ വേണ്ടില തൈലത്തെത്തന്നേയും ലീലയായ്ക്കൊൾവാനും ഞാനിന്നീലല്ലോ" എന്ന നിലയിലാണ് ഇച്ഛാഭംഗം പ്രദശിപ്പിക്കുന്നത്. ശ്രീകൃഷ്ണസാന്നിദ്ധ്യം കുചേലനിൽ മുമ്പില്ലാത്ത ഗുണങ്ങൾ ഉണ്ടാക്കിയെന്നു വരുത്താനായിരിക്കുമോ ചെറുശ്ശേരി ഉദ്ദേശിച്ചത്?

കൃഷ്ണൻ അവിൽ രണ്ടാമതും വാരിയപ്പോൾ—

"ഉററവരെത്തുംപോളെന്നെയിന്നിങ്ങിനെ
വിററതോ ചിന്തിച്ചാൽ പററുമല്ലോ;
പററാതൊരമ്പുകൊണ്ടാരണൻതന്നുടേ
മുററമടിക്കുമാറാക്കൊല്ലാതെ;
എന്നുമിക്കൽകളും നെൽകളും തിങ്കിൽ നീ-
യെന്നുടെ വേലകളാവതല്ലെ"

എന്നു രുഗ്മിണി പറയുന്നതു കേട്ടാൽ ആ വഴിക്കുതന്നെ ഇറങ്ങിപ്പോയിരിക്കുമോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. ചുരുക്കിപ്പറയുന്നതായാൽ സന്ദൎഭങ്ങൾ രസകരമായി വൎണ്ണിക്കേണമെന്നല്ലാതെ പാത്രകല്പനയിൽ ഔചിത്യം ദീക്ഷിക്കേണമെന്നുള്ള നിഷ്കൎഷ ചെറുശ്ശേരിക്കുണ്ടായിരുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു.

വിദ്യാസമ്പന്നനും ഭക്താഗ്രഗണ്യനും ആയ ഒരു കുചേലനെയും ഭക്തവാത്സല്യംകൊണ്ടു മതിമറന്നു കളിക്കുന്ന ഒരു

കൃഷ്ണനെയും കാണേണമെങ്കിൽ കുചേലവൃത്തം വഞ്ചിപ്പാട്ടു തന്നെ വായിക്കണം. ഭക്തനും ഭക്തവത്സലനും തമ്മിൽ കണ്ട സമയം നിഷ്കളങ്കപ്രേമത്തോടുകൂടി ആശ്ലേഷവും ചെയ്തു അവർ തല്ക്കാലം അനുഭവിക്കുന്ന പരമാനന്ദരസം വായനക്കാൎക്കും വാരിയർ വരുത്തുന്നുണ്ട്. കവിയുടെ രാജഭക്തി കുചേലന്റെ കൃഷ്ണഭക്തിയായി രൂപാന്തരപ്പെട്ടുകൊണ്ടാണ് വാരിയരുടെ കവിത പ്രവഹിക്കുന്നത്. പരമഭക്തനായ തന്റെ ഭൎത്താവിന്റെ മനസ്ഥിതിയിൽ തനിക്കുള്ള അതിരററ ബഹുമാനം "ചില്ലീനമാനസ!" എന്ന സംബോധനകൊണ്ടു വെളിപ്പെടുത്തിയതിന്നു ശേഷമാണ് കുചേലപത്നി ആ കുടുംബത്തിന്റെ ദാരിദ്ര്യാവസ്ഥ കുറഞ്ഞൊന്നു പ്രിയതമനെ അറിയിക്കാനൊരുങ്ങുന്നത്. അല്ലാതെ ആവലാതി പറഞ്ഞു പരമാത്മമഗ്നനായ ആത്മവല്ലഭനെ ശല്യപ്പെടുത്തുവാൻ ആ സതീരത്നം തുനിയുന്നില്ല.

അതുവരെ സഖ്യം പുലൎത്തുവാൻ പോവാതിരുന്നതിൽ ആ മഹാപ്രഭുവിന്നു പരിഭവമുണ്ടായേക്കുമോ എന്ന ഭയാശങ്കയോടുകൂടിപ്പോകുന്ന ആ ഭക്തശിരോമണിയുടെ പാരവശ്യവും ഭക്തിപ്രാചുൎയ്യവും—

"പട്ടിണികൊണ്ടു വലഞ്ഞ പണ്ഡിതനു കുശസ്ഥലീ-
പട്ടണംകണ്ടപ്പോഴേ വിശപ്പും ദാഹവും
പെട്ടെന്നകന്നുവെന്നല്ല ഭക്തികൊണ്ടെന്നിയേ പണി-
പ്പെട്ടാലുമൊഴിയാത്ത ഭവാൎത്തിയും തീൎന്നു"

എന്ന വരികൾകൊണ്ടു വാരിയർ ഒരേ സമയത്തുതന്നെ പ്രത്യക്ഷമാക്കുന്നു. അല്ലാതെ—കുചേലന്റെ കുണ്ടിൽപോയ കണ്ണും, പെറുക്കിയെടുക്കത്തക്കവണ്ണമുള്ള എല്ലുകളും, നരച്ച തലമുടിയും, പാതാളംപോലെയുള്ള വയറും വൎണ്ണിക്കുവാൻ വാരിയർ ഒരുങ്ങുന്നില്ല. കുചേലൻ വരുന്നതു തന്നെ അദ്ദേഹം വൎണ്ണിക്കുന്നതു നോക്കുക:—

"രാമാനുജാഞ്ചിതരാജധാനി സൽകരിച്ചേകിയ
രോമാഞ്ചക്കുപ്പായമിീറനായി ചെഞ്ചെമ്മെ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു; കുചേല-
ച്ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു.

ഭക്തിയായ കാററു കൈകണക്കിലേററു പെരുകിയ
ഭാഗ്യപാരാവാരഭംഗപരംപരയാ
ശക്തിയോടുകൂടിവന്നു മാറിമാറിയെടുത്തിട്ടു
ശാൎങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു."

പട്ടിണികൊണ്ടു കുചേലൻ കാററത്തു പറക്കത്തക്ക വിധത്തിലായിട്ടുണ്ടായിരിക്കണം. എങ്കിലും അതിന്നുത്തരവാദി ആ മഹാനുഭാവനല്ലായ്കയാൽ, വാരിയർ, അദ്ദേഹത്തെ ഭക്തിയായ കാററ് അടിച്ചു ദ്വാരകയിലെത്തിച്ചു എന്നു വൎണ്ണിച്ചിരിക്കുന്നു.

ഇനി അവിടെ ചെന്നതിന്നു ശേഷം കൃഷ്ണൻ ചെയ്യുന്ന ഉപചാരങ്ങളിൽ ഒന്നെങ്കിലും വിടാതെ വഞ്ചിപ്പാട്ടിൽ അതിൻെറ കൎത്താവ് വിവരിക്കുന്നു.—ഭക്തനെ കണ്ടപ്പോൾ സന്തോഷംകൊണ്ടോ സന്താപംകൊണ്ടോ എന്നറിഞ്ഞില്ല ഭഗവാൻ—പരമകാരുണികനായ സാക്ഷാൽ ശ്രീകൃഷ്ണൻ—തന്നെ കരഞ്ഞുവത്രെ. ഇങ്ങിനെ ചെയ്യുന്നതിൽ ശ്രീകൃഷ്ണന്നു മാത്രമല്ല അദ്ദേഹത്തിൻെറ ഉററവൎക്കും ശ്രദ്ധയുണ്ടായിരുന്നുവെന്നു കാണിക്കാൻ—

"പള്ളിപ്പാണികളെക്കൊണ്ടു പാദംകഴുകിച്ചു പരൻ
ഭള്ളൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു"

എന്നു എടുത്തുപറയുകയും ചെയ്തിരിക്കുന്നു.

ഇങ്ങിനെ ഓരോ എണ്ണവും എടുത്തു വിവരിക്കുന്നതായാൽ കുചേലവൃത്തം വഞ്ചിപ്പാട്ടു മുഴുവനും പകൎത്തേണ്ടിവരുന്നതാകകൊണ്ടു അതിന്നു തുനിയാതിരിക്കുകയാണ് ഉത്തമമെന്നു തോന്നുന്നു. കുശലപ്രശ്നത്തിന്നുശേഷം പഴയ കഥകൾ പലതും വിസ്തരിച്ചു. ഒടുവിൽ അവിൽപ്പൊതി പിടികൂടി, ഒരു പിടി വാരി തിന്നു. രണ്ടാമതും എടുക്കാൻ തുടങ്ങിയപ്പോൾ പ്രിയതമ ഭഗവാൻെറ കൈ കടന്നുപിടിച്ചു. കുചേലൻെറ പത്നിയുടെ മുററമടിക്കത്തക്ക സ്ഥിതി എനിക്കു വരുത്തരുതേ എന്നു രുഗ്മിണി കുചേലൻെറ മുമ്പാകെ വെച്ചു പറയുന്നതു മൎയ്യാദക്കേടാണെന്നു തോന്നുകയാൽ അവരെക്കൊണ്ടു—

"സവിധഗനാം ദ്വിജനെ ശ്രാവിപ്പിക്കാതെ
ചെവിയിലന്യോന്യമോതി"ക്കുകയാണ്" വാരിയർ

ചെയ്തത്.

"കായഭേദമുണ്ടെന്നാലും രണ്ടല്ലാവാമുഭൌജീവൻ
പോയാലുമിരിക്കുംപോഴമെന്നറിഞ്ഞാലും.
"ശ്രീയും തവ സ്ത്രീയുമൊന്നെന്നുള്ള പദംതന്നെ ചെന്ന-
ജ്ജായയോടു പറഞ്ഞേപ്പൂ മമ വചനം"

എന്നു ഇങ്ങോട്ടു തന്നെ കാൎയ്യസ്ഥിതികളറിഞ്ഞു കൃഷ്ണൻ പറഞ്ഞതിനാൽ ശുദ്ധാത്മാവായ കുചേലന്ന് —

"ഭവ്യയതാം ഭക്തി ഭവിക്കേണം മമ പോകട്ടെ ഞാ-
നവ്യാജമനോജ്ഞമങ്ഘ്രി ചേരുവോളവും"

എന്നു മാത്രമേ അങ്ങോട്ടപേക്ഷിക്കാൻ തോന്നിയുള്ളൂ. വരാൻ പോകുന്ന ഭാഗ്യത്തിൻെറ സൂചകമായി "ശ്രീയും തവ സ്ത്രീയുമൊന്നെന്നുള്ള പദം തന്നെ" എന്നു കൃഷ്ണനെക്കൊണ്ടു വാരിയർ പറയിക്കുന്നതിൻെറ ഔചിത്യവും ഈ ഘട്ടത്തിൽ സ്മരണീയമാണ്. കുചേലൻെറ മഠം അതിന്നുശേഷം രണ്ടാം ദ്വാരകയായി രൂപാന്തരപ്പെടുകയാണല്ലോ ഉണ്ടായത്. മടങ്ങിപ്പോകുംവഴിക്കു ദ്വാരകയിൽ താനനുഭവിച്ച സൽക്കാരങ്ങളെപ്പററി വീണ്ടും വീണ്ടും ആലോചിച്ചു മനപ്പാലു കുടിക്കുംപോഴാണ് ജായയുടെ പ്രാൎത്ഥന അറിയിക്കാൻ മറന്നതിനെക്കുറിച്ചു ആലോചിക്കുന്നത്. അവിടെയും ശ്രീകൃഷ്ണനു യാതൊരു കുറവുമില്ല. തൻെറ ഉപേക്ഷയെത്തന്നെ പഴിക്കുന്നതേയുള്ളൂ. പതിവ്രതയെ പട്ടിണിയിടുന്നതു മഹാപാപമാണെന്നുള്ള വിചാരവും തന്നെ ബാധിക്കാൻ തുടങ്ങി. അങ്ങിനെ വിചാരിച്ചുംകൊണ്ടു തൻെറ ഗൃഹം സമീപിക്കുംപോഴാണ് അവിടെ അതിലിടക്കു നടന്ന ഇന്ദ്രജാലപ്രയോഗത്തിൻെറ മാഹാത്മ്യം കണ്ട് അത്ഭുതപരവശനാവുന്നത്. അതോടുകൂടി മതിമറന്നു ആ പരമഭക്തൻ തൻെറ ഇഷ്ടദേവതയെപ്പററി എതിരില്ലാതെ സ്തുതിക്കാൻ തുടങ്ങുന്നു. അവിടത്തെ ഘോഷങ്ങളെല്ലാം—"രാമകൃഷ്ണ ഗോവിന്ദേതി" നാമസങ്കീൎത്തനങ്ങളിൽ അന്തൎഭവിക്കയും ചെയ്യുന്നു. ഐശ്വൎയ്യദാനം ഭക്തൻെറ ഹൃദയത്തിൽ ഭക്തിപാരവശ്യം ജനിപ്പിച്ചു. ശ്രീകൃഷ്ണനെ കുചേലൻ വീണ്ടും കടക്കാരനാക്കി സൎവ്വോൽകൎഷേണ വൎത്തിക്കുന്നു.

കുചേലവൃത്തം തൻെറ കവിതക്കു വിഷയമാക്കിയ മറെറാരു മഹാകവി കുഞ്ചൻനമ്പ്യാരാണല്ലോ. അദ്ദേഹം ശ്രീകൃഷ്ണ

ചരിതം മണിപ്രവാളത്തിൽ ഈ കഥ ഒരു സംഗ്രഹരൂപത്തിലാണ് പ്രതിപാദിക്കുന്നതെങ്കിലും, അക്ഷരത്തിൽ കുറച്ച അൎത്ഥത്തിൽ കൂട്ടി പ്രതിപാദ്യവസ്തുവിനു അസാമാന്യമായ ചമൽകാരം ആ കവികുഞ്ജരൻ നൽകീട്ടുണ്ടു. ചുരുങ്ങിയ ഒരു കാൎയ്യം വളരെ വലിച്ചു നീട്ടിക്കൊണ്ടു പോവാനും, ഒരു സൂചനയിൽ ഒരു ലോകം മുഴുവനും ഒതുക്കുവാനും നമ്പ്യാൎക്ക് ഒരുപോലെ സാമൎത്ഥ്യമുണ്ടല്ലോ.

ചെറുശ്ശേരിയുടെ കുചേലപത്നി ഒരു നല്ല ചേല ഉടുക്കാനില്ലാത്തതുകൊണ്ടു ഭിക്ഷയാചിക്കാൻ മടിക്കുന്നതായി കാണുന്നു. ഒരു ഭക്തൻെറ ഭാൎയ്യയെക്കൊണ്ടു അങ്ങിനെയൊരു നികൃഷ്ടകൃത്യം ചെയ്യിക്കാൻ മടിച്ചിട്ടായിരിക്കാം, വാരിയർ ഈ ഘട്ടത്തിൽ മൌനം അവലംബിച്ചു. കുഞ്ചൻനമ്പ്യാരാവട്ടെ— തൻെറ സംഗ്രഹത്തിലും, ഈ ഉത്തമ ദംപതികളുടെ ദാരിദ്ര്യദുഃഖം തീൎക്കുവാനൊരുങ്ങാത്ത മഹാജനങ്ങളുടെ ഔദാൎയ്യശൂന്യതയെപ്പററി ആ പതിവ്രതയെക്കൊണ്ടു തന്നെ—

"ഇല്ലങ്ങളിൽ ചെന്നു നടന്നിരന്നാൽ
ഇല്ലെന്നു ചൊല്ലുന്ന ജനങ്ങളേറും,
അല്ലെങ്കിലാഴക്കരി നൽകുമപ്പോൾ
നെല്ലെങ്കിൽ മൂഴക്കുമന്തിനേരം."

എന്ന തരത്തിൽ ഉള്ളിൽ കൊള്ളുന്ന മട്ടിൽ അപഹസിപ്പിക്കുന്നു.

"കിഴക്കുദിക്കും പൊഴുതാത്മജന്മാർ
കഴല്ക്കു കെട്ടിക്കരയുന്നു കാന്ത!"

എന്നു കുചേലപത്നി പറയുംപോൾ കുട്ടികൾ കാലുപിടിച്ചു നിലവിളിക്കുന്നതു നാം കേൾക്കുന്നപോലെ തോന്നുന്നു. ഗാഥയിലും വഞ്ചിപ്പാട്ടിലും കുചേലപത്നി തനിക്കു വിശപ്പു സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് ആവലാതി പറയാൻ പുറപ്പെടുന്നത്. ആ മഹാജ്ഞാനിയുടെ സഹധൎമ്മചാരിണിയെ അത്ര അന്തസ്സാരമില്ലാത്തവളാക്കാൻ നമ്പ്യാർ തെയ്യാറില്ല. കുട്ടികളുടെ സംകടം കണ്ട് അകംവിങ്ങീട്ടാണ് ആ ധൎമ്മപത്നി "അശങ്കിത"മായി ഭൎത്താവിനോടു ചിലതു പറയാനൊരുങ്ങിയത്. വിരക്തി വന്നു വിണ്ണേറുവാനായൊരുങ്ങിനില്ക്കുന്ന ഭൎത്താവിൻെറ മനസ്സിനെ ഒന്നിളക്കിത്തീൎക്കാൻ സ്ത്രീ സഹജ

മായി ചില സൂത്രങ്ങളും നമ്പ്യാർ ആ പരമസാധ്വിയെക്കൊണ്ടു പ്രയോഗിപ്പിക്കുന്നുണ്ട്: ഗൃഹസ്ഥവൃത്തിയിൽ അവരവർ ചെയ്യേണ്ടുന്ന കൃത്യങ്ങൾ നിവ്വഹിച്ചതിന്നു ശേഷമല്ലാതെ അതിന്നടുത്ത ആശ്രമത്തിലേക്കു പ്രവേശിക്കുന്നത് ധമ്മവിരുദ്ധമാണെന്നും, അതിലുൾപ്പെട്ട ഒന്നാണ് ശിശുപരിപാലനമെന്നും ആ ഗൃഹനായിക—

"മററുള്ളതെപ്പേരുമെടുത്തു വിററും
കൊററിന്നു നൽകുന്നു ഗൃഹസ്ഥരെല്ലാം
മുററും ഭവാനുണ്ണികളെ പുലത്താ-
നൊട്ടും മനസ്സില്ല മഹീസുരേന്ദ്ര!"

എന്നു സന്ദർഭത്തിന്നനുസരിച്ച വിധത്തിൽ ഗൃഹനാഥനെ ഉപദേശിച്ച്, മനക്കരുന്നിൽ കനിവുള്ളവനും, രമക്കുചേതോഹരനും, പതിനാറായിരത്തെട്ടു പത്നിമാക്കു വേണ്ടുന്ന വിഭൂതി കൊടുക്കുന്ന ഐശ്വൎയ്യസംപന്നനും, ആയ പഴയ സഖിയെ ചെന്നൊന്നു കാണുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു.

ആ ഘട്ടത്തിലും സാരോപദേശം ചെയ്യാൻ ആ മഹാപരിത്യാഗി തെയ്യാറാണ്. എന്നാലും ഗുണവതിയായ ഭാൎയ്യയുടെ അപേക്ഷയിലന്തർഭവിക്കുന്ന ഗൌരവവും, തൻെറ ആരാധനാമൂർത്തിയെ കാണുവാനുള്ള അത്യാഗ്രഹവും കൂടി മേളിച്ചപ്പോൾ

"എന്നാകിലോ ഞാനിഹ ചെന്നുപോരാം
തന്നാകിലോ ഞാനതുകൊണ്ടുപോരാം
നന്ദാത്മജൻ തൻെറ മുഖാരവിന്ദം
മന്ദസ്മിതാഢ്യം ബത! കണ്ടുപോരാം"

എന്ന് ഏല്ക്കാൻ ആ പരമഭക്തൻ മടിച്ചില്ല.

കുശലപ്രശ്നം, പൂൎവ്വസ്മരണകൾ, പലതരത്തിലുള്ള ഉപചാരങ്ങൾ ഇതെല്ലാം കഴിഞ്ഞപ്പോൾ കുചേലൻെറ മനസ്സിൽ പരമാനന്ദത്തിന്നു മാത്രമേ സ്ഥലമുള്ളൂ എന്ന മട്ടായി. വഴിക്കു വെച്ചു—

"മുരാരിയോടത്ഥമിരന്നതാകിൽ
തരാതിരിക്കില്ലവനത്രമാത്രം
പറഞ്ഞുമോദിച്ചുവസിക്കയാൽ ഞാൻ
മറന്നുപോയേൻ ഗൃഹണീനിയോഗം."

എന്നു വിഷമിക്കേണ്ടതായും വന്നു. ഈ അസ്വാസ്ഥ്യം അടുത്ത നിമിഷത്തിൽതന്നെ ആശ്ചര്യത്തിന്നു അടിമപ്പെട്ടു.

"മാർഗ്ഗഭ്രമംകൊണ്ടിഹ വന്നിതോ ഞാൻ
സ്വർഗ്ഗത്തിനൊക്കും ഗൃഹമാരുടേവാൻ"

എന്ന് അദ്ദേഹം തന്നോടുതന്നെ ചോദിക്കേണ്ടതായി വന്നു. ത്രികാലജ്ഞാനിയായ ആ സുകൃതി പരമാത്മബോധംവന്ന് —

"ഉണ്ടായി തത്വം മമ കണ്ടതെല്ലാം
തണ്ടാരിൽമാതിൻ കണവന്റെ ലീലാ
മിണ്ടാതെ തന്നോരു വിഭൂതിയെല്ലാം
കണ്ടാലുമാശ്ചര്യമഹോ വിചിത്രം"

എന്നു സമാധാനിക്കുകയും "സക്തിഹീനം ഭവനെ രമിക്കുകയും" ചെയ്തു.

ചെറുശ്ശേരി—കുചേലനിൽ ഒരു ദരിദ്രന്റെ പ്രാകൃതമാണ് കണ്ടതെങ്കിൽ—വാരിയർ—മഹാപണ്ഡിതനും പരമഭക്തനുമായ ഒരു മഹാന് ദാരിദ്ര്യബാധകൊണ്ടു വന്നിട്ടുള്ള ദയനീയാവസ്ഥയാണ് നമുക്കു ചിത്രീകരിച്ചുതരുന്നത്. കുഞ്ചൻനമ്പ്യാരാവട്ടെ—ദാരിദ്ര്യത്തെയും വകവെക്കാതെ പരമാത്മചിന്തയിൽ മുഴുകിയിരിക്കുന്ന ഒരു പ്രൌഢഭക്തനെയാണ് കൈരളിക്കു സമ്മാനിച്ചത്.

ഇങ്ങിനെ മൂന്നു മഹാകവികളും കൈവെച്ചിട്ടുള്ള വിഷയത്തിൽ ഇനിയും വല്ല പഴുതുമുണ്ടോ എന്നു നമുക്കു സംശയം തോന്നിയേക്കാം. നമ്മുടെ പ്രകൃതകവിയാവട്ടെ— "കുചേലവൃത്തം" കാമധേനുവിനെപ്പോലെ അപേക്ഷിക്കുന്നവന്റെ അവസ്ഥപോലെ രസപ്രദാനം ചെയ്യുമെന്നു ദൃഷ്ടാന്തപ്പെടുത്തുന്നു.

മേൽപറഞ്ഞ മഹാകവികളുടെ പ്രതിപാദനരസം ഒന്നിച്ചുചേർത്ത് ഒരു മലയാളകുചേലനെ സൃഷ്ടിക്കുവാനാണ് പ്രസ്തുത കൃതിയുടെ കർത്താവു ശ്രമിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ശ്രമം നല്ലവണ്ണം ഫലിച്ചിട്ടുണ്ടെന്നുള്ളതിലേക്കും സംശയമില്ല.

സർവ്വസമ്പൽസമൃദ്ധിയോടുകൂടിയ ദ്വാരകയിൽ ലസിക്കുന്ന കൃഷ്ണരാജധാനിയുടെ മഹിമയും അതിൽ വിശൈകനാഥ

ൻെറ പലതരത്തിലുള്ള വിനോദങ്ങളും വൎണ്ണിച്ചുകൊണ്ടാണ് അദ്ദേഹം കുചേലനെ പ്രവേശിപ്പിക്കുന്നത്. അദ്ദേഹത്തെ കുശലനെന്നല്ലാതെ—കുചേലനെന്നു വിളിക്കുവാൻ തന്നെ പ്രകൃത ഗ്രന്ഥകാരനു മനസ്സില്ല. കുചേലശബ്ദത്തിൻെറ അവയവാൎത്ഥം പറയുവാനുംകൂടി ചെറുശ്ശേരി മടിച്ചതുമില്ല. ഇങ്ങിനെ നമ്മുടെ കവി വായനക്കാരുടെ അനുകമ്പ തട്ടിയുണൎത്തികൊണ്ടാണ് ദാരിദ്ര്യം കുടികൊള്ളുന്ന കുചേലഗൃഹത്തിലേക്കു അവരെ ക്ഷണിക്കുന്നത്.

പ്രസ്തുത കൃതിയിലും തൻെറ വിശപ്പു സഹിക്കാൻ വയ്യാതായിട്ടു തന്നെയാണ് കുചേലപത്നി ഭൎത്താവിനോടു ആവലാതി ബോധിപ്പിക്കുന്നത്. ഭൎത്താവു വിശപ്പു സഹിച്ചിരിക്കുന്നതിൽ അത്ഭുതം തോന്നി "വിശപ്പില്ലയോ താൻ, ഭജിക്കുന്നിതാരെ-ക്കുറിച്ചിട്ടിദാനീം" എന്ന് ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. എന്തെങ്കിലും കാഴ്ചയോടുകൂടി കൃഷ്ണനെ ചെന്നു കണ്ടാൽ വല്ലതും കിട്ടാതിരിക്കയില്ലെന്നും ഭൎത്താവിനോടു ഗുണദോഷിക്കാൻ മടിക്കുന്നില്ല. വേണ്ടുന്ന വിഭവങ്ങളില്ലാത്തതുകൊണ്ടു ഗൃഹഭരണത്തിൽ വന്നുചേരുന്ന കഷ്ടപ്പാടുകൾ സഹിച്ചു മടുത്ത ഒരു ഗൃഹനായികയുടെ ചിത്രമാണ്—

"ഉഴക്കുന്നനേരം കുളിച്ചിട്ടുസന്ധ്യാ
കഴിച്ചിട്ടുഹോമം നമസ്കാരമെല്ലാം
ജപിച്ചീടുവാനും സ്തുതിപ്പാനുമേററം
അഭിപ്രായമുള്ളൂ നമോ നന്ദസൂനോ!"

എന്ന വരികളിൽക്കൂടെ നാം കാണുന്നത്. തന്നെപ്പോലെ ആത്മസംസ്കാരമില്ലാത്തവൎക്കു ഇത്തരത്തിലുള്ള എടുത്തുചാട്ടം സഹജമാണെന്നു ആ മഹാനുഭാവൻ മനസ്സിലാക്കി—

"വെറുപ്പാകവേണ്ടാ പൊറുക്കേണമിപ്പോൾ
ഉറങ്ങീടുക"

എന്നു സമാധാനിപ്പിക്കയും ചെയ്യുന്നു. അവിൽപ്പൊതി മടിശ്ശീലപോലെ കെട്ടി, "തുണിക്കെട്ടുമഛത്രവും"കൊണ്ടു നടന്നുപോകുന്ന ആ കുചേലബ്രാഹ്മണനെ നാം കേരളത്തിലെവിടെയോ കണ്ടിട്ടുള്ളപോലെ തോന്നുന്നു. പോകുമ്പോൾ നമ്മുടെ കുചേലൻെറ മനോരാജ്യത്തിന്നു ഒരു വിശേഷവിധിയുണ്ടു.

സദ്ദ്യയോ നമസ്കാരമോ ഉണ്ടോ എന്നു അന്വേഷിച്ചാണത്രേ അദ്ദേഹം പോകുന്നത്.

കുചേലൻെറ "മുഷിഞ്ഞോരു കോപ്പും, മുഴങ്കാൽതഴമ്പും, മുഴത്തോരു ഭക്തിപ്രവാഹങ്ങളും" കണ്ട് "നവോഢാഗമേ തൻ പ്രിയൻ ചൊന്നപോലെ" കൃഷ്ണൻ എതിരേററ് ആദരിക്കുന്നു. വിയർപ്പുകൊണ്ടു നാറുന്ന കുചേലനെ കൃഷ്ണൻ ആലിംഗനം ചെയ്തുവെന്നേ വാരിയരുംകൂടി പറഞ്ഞുള്ളു. നമ്മുടെ കവിയാകട്ടെ—

"പയോജേക്ഷണനക്കുചേലദ്വിജൻെറ
വിയർപ്പും നറുംകുങ്കുമപ്പാടുമൊക്കും
പ്രിയാശോഭിതന്മാറിടത്തിങ്കലാമ്മാ-
റിയല്ക്കുന്ന നേരം"

എന്നു ഒന്നുകൂടി ഭംഗികൂട്ടി കൃഷ്ണകുചേലന്മാരുടെ സ്നേഹത്തിൻെറ ആഴവുംകൂടി നമുക്കു കണക്കാക്കിത്തരുന്നു.

കുചേലനെ കളഭകസ്തൂരികളെക്കൊണ്ടു അലങ്കരിക്കുന്നത് നമ്മുടെ കവിയുടെ മറെറാരു മനോധർമ്മമാണ്. കുശലപ്രശ്നങ്ങളുടെ കൂട്ടത്തിൽ പാതിവ്രത്യത്തിൻെറ മാഹാത്മ്യത്തെപ്പററി പ്രശംസിക്കാനും കൃഷ്ണൻ അവസരമുണ്ടാക്കുന്നുണ്ട്. പഴയ വർത്തമാനങ്ങൾ വിസ്തരിക്കുന്ന കൂട്ടത്തിൽ, പഠിക്കുന്ന കാലത്തു കാട്ടിലേക്കു വിറകിന്നായി പോയപ്പോൾ മഴപെയ്തതുകൊണ്ടുണ്ടായ സംകടത്തിൽ സന്ധ്യയും ഗായത്രിയും മുടങ്ങിയ സംഗതി നമ്മുടെ കവി എടുത്തുപറയുന്നുണ്ട്. ബ്രഹ്മചാരികളായ അവരുടെ നിഷ്ഠയും അതിൽ ധാരാളം വ്യഞ്ജിക്കുന്നു. കാട്ടിൽ വെച്ചനുഭവിച്ച കഷ്ടപ്പാടുകൾ—

"കാട്ടിൽ കണ്ട മൃഗങ്ങൾ കരകയും
കേട്ടുപേടിച്ചു മിണ്ടാതിരിക്കയും
കാററടിച്ചു മരങ്ങൾ പൊളികയും
പൂട്ടിക്കെകെട്ടി"

"ആട്ടം മാമയിൽ പേട കരകയും
കോടമാമഴ മാരി ചൊരിഞ്ഞിട്ടും
ചൂടുവാനില്ല മൂടുവാനേതുമേ
കോടി നിന്നു നാം"

"വരിയററക്കുഴി നീളെ വരും വെള്ളം
പൊറുതി കൂടാതെ വേരിന്മേലേറി നാം.
അലറിടുന്ന ഇടിമിന്നൽ കേട്ടു നാം
മരവും പററീട്ടു"—

എന്നിത്യാദി ശ്ലോകങ്ങൾകൊണ്ടു അനുഭവത്തോടുകൂടി വൎണ്ണിക്കുന്ന ഭാഗം മററു കുചേലവൃത്തങ്ങളെ അപേക്ഷിച്ചു മേലെക്കിടയിൽ നില്ക്കുന്നുണ്ടെന്നു പറയാവുന്നതാണ്. ഗുരുഭക്തിയെപ്പററി ഉപന്യസിക്കാനും കൃഷ്ണൻ വിടുന്നില്ല. അവിൽ തിന്നുന്ന ഭൎത്താവിൻെറ കൈപിടിച്ചു രുഗ്മിണി പറയുന്ന ഭാഗം ചെറുശ്ശേരിയുടെ അനുകരണം തന്നെയാണ്.

കുചേലൻെറ ദിനചൎയ്യയിൽ നമ്മുടെ കവിക്കു നിഷ്കൎഷ കുറെ അധികമുണ്ട്. ഊണ് കഴിച്ചതിന്നു ശേഷമേ ആ വിപ്രാഗ്രഗണ്യൻ ദ്വാരകയിൽനിന്നു പോരുന്നുള്ളൂ. മടങ്ങിവരുംപോഴത്തെ മനോരാജ്യത്തിൽ ഭാൎയ്യയുടെ ശകാരം രണ്ടാമതും കേൾക്കേണ്ടിവരുമോ എന്നു ഭയപ്പെടുന്നു. ഭാൎയ്യയെ പിന്നെയും പറഞ്ഞു തൃപ്തിപ്പെടുത്താമെന്നുണ്ടു. "കുടുംബിനീ തുണക്ക് തണ്ഡുലം" കൊടുക്കാനുംകൂടി കിട്ടാത്തതിൽ അദ്ദേഹത്തിന്നു കുട്ടംതന്നെ മനസ്സമാധാനമില്ല. "ഇരന്നുകൊണ്ടു ഭിക്ഷയും നടന്നുകൊണ്ടു സദ്യയും" കഴിക്കാനായി തനിക്കുള്ള യോഗത്തിനെ ശിരസാ വഹിച്ചു ഗൃഹത്തിലെത്തുംപോൾ കാണുന്ന അത്ഭുതത്തിനെ—

"ഉഴക്കുനെല്ലിടിച്ചു കാഴ്ചവെച്ചുകണ്ടതിൻ ഫലം,
പിഴെച്ചുകാററടിച്ചു വന്നണഞ്ഞ കപ്പൽപോലെയും
മുഴുത്തകാറെടുത്തുവന്നു പെയ്തമാരിപോലെയും
പൊഴിഞ്ഞിതിന്നു ഭൂതിയും"—

എന്നു വൎണ്ണിച്ചതിൽ കവി പ്രദൎശിപ്പിച്ച മനോധൎമ്മം അന്ന്യാദൃശമായിട്ടുണ്ടു്. പുതിയ ഗൃഹത്തിൽ കുചേലനെ കുളിപ്പിച്ചതിന്നു ശേഷമേ നമ്മുടെ കവി പ്രവേശിപ്പിക്കുന്നുള്ളൂ. കഴിക്കുന്ന പദാൎത്ഥങ്ങളിൽ പായസം ഉൾപ്പെടുത്താനും പ്രകൃതകവി മറന്നിട്ടില്ല. ചുരുക്കിപ്പറയുന്നതായാൽ ഈ ഗ്രന്ഥത്തിൽ മററു കുചേലവൃത്തങ്ങളിൽ കാണാത്തതായ ഒരു കേരളബ്രാഹ്മണനെ—ഭക്തനും ബ്രാഹ്മണവൃത്തി നിഷ്കൎഷയോടുകൂടി പരി

പാലിക്കുന്നവനുമായ ഒരു ഉത്തമബ്രാഹ്മണനെ—നമ്മുടെ കവി കൈരളിക്കു സമ്മാനിച്ചിട്ടുണ്ടെന്നു പറയേണ്ടതായിരിക്കുന്നു.

## കവിയും കാലവും.

കവളപ്പാറകൊട്ടാരത്തിൽനിന്നു കിട്ടിയ ഗ്രന്ഥത്തിൽ കവിയെപ്പററിയൊന്നും പ്രസ്താവിച്ചുകാണാനില്ല. പ്രഭുക്കന്മാർ വിദ്വാന്മാരെ ആദരിക്കുന്ന സംപ്രദായം ഇപ്പോൾ തീരെ നിന്നുപോയതുകൊണ്ടു പരമ്പരവഴിക്കു അവരുടെ വത്തമാനങ്ങൾ അറിയാനും മാൎഗ്ഗമില്ലാതെയാണിരിക്കുന്നതു്.—"വേലും മയിലും മുൻനടക്കു" എന്നു ഗ്രന്ഥാവസാനത്തിൽ ചേൎത്തുകാണുന്നതുകൊണ്ടു കവി ഒരു സുബ്രഹ്മണ്യഭക്തനാണെന്നൂഹിക്കാവുന്നതാണ്. എന്നാൽ ഇതു കവി എഴുതിച്ചേൎത്തതോ പകൎത്തിയ ആൾ എഴുതിച്ചേൎത്തതോ എന്നു തീൎച്ചപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ഓരോ ശ്ലോകങ്ങളുടെ അവസാനത്തിലും വിഷ്ണുപരമായ ഒരു സംബോധന ചേൎത്തുകാണുന്നതും ഓരോ വൃത്തത്തിൻെറയും അവസാനത്തിൽ വിഷ്ണുസ്തോത്രരൂപത്തിൽ ഓരോ ശ്ലോകം കാണുന്നതും മേല്പറഞ്ഞ ഊഹത്തിന്നു അനുകൂലമല്ലെന്നു മാത്രമല്ല, കവി ഒരു വിഷ്ണുഭക്തനാണെന്നൂഹിക്കുവാൻ ധാരാളം അവകാശവും തരുന്നുണ്ട്.

ഗ്രന്ഥത്തിന്നുള്ളിൽ കടന്നുനോക്കിയാൽ വേറൊരു ഊഹത്തിന്നുകൂടി വഴി കാണുന്നു.

1-ാം വൃത്തം 16-ാം ശ്ലോകം—"ഓതിനൊരു നാളിൽ"—"ഓത്തുകഴിഞ്ഞാറെ"

2-ാം വൃത്തം 5-ാം ശ്ലോകം—"സന്ധ്യ കഴിച്ചിട്ടു ഹോമം നമസ്കാരമെല്ലാം"

4-ാം വൃത്തം 1-ാം ശ്ലോകം—"നീരുമൂത്തു സന്ധ്യയും" എന്നീ പ്രയോഗങ്ങളിൽ കേരളബ്രാഹ്മണവൃത്തികളെപ്പററി പ്രത്യേകം സൂചിപ്പിച്ചതു കാണുമ്പോൾ ആ വൎഗ്ഗത്തിൽപെട്ട വല്ലവരുമായിരിക്കുമോ കൎത്താവ് എന്നു വിചാരിക്കാവുന്നതാണ്. വിദ്യാഭ്യാസകാലത്ത് ഓത്തു ചൊല്ലുന്നതിന്നു പ്രാധാന്യം കൊടുത്ത് ആ കാലത്തെപ്പററി പൊതുവായി ഓത്തുപഠിക്കുന്ന കാലമെന്നു പറയുന്നത് കേരളബ്രാഹ്മണരുടെ ഇടയിൽ

പതിവാണ്. അവരുടെ നിത്യകൎമ്മങ്ങളിൽപെട്ടവ മിക്കതും മേലെഴുതിയ വരികളിൽ സൂചിപ്പിട്ടുമുണ്ടു. മററു കവികളിൽ കുഞ്ചൻനമ്പ്യാരൊഴികെ ആരും കുചേലനു കേരളബ്രാഹ്മണ ൻെറ ഛായ വരുത്താനും ശ്രമിച്ചിട്ടില്ല. കുഞ്ചൻനമ്പ്യാർ തന്നെ "അന്തൎജ്ജനത്തോടു" എന്ന ഒരു പദംകൊണ്ടുമാത്രമാ ണ് കേരളച്ഛായ വരുത്തുന്നതും. പ്രകൃതഗ്രന്ഥത്തിൽ 3-ാം വൃത്തം 3-ാം ശ്ലോകത്തിൽ—വിവാഹത്തിന്നു "വേളി" എന്നു പ്രയോഗിച്ചിരിക്കുന്നതും, "കുടുംബിനീ തുണ" എന്നായി ഭാൎയ്യ യുടെ ദാസിയെക്കുറിച്ചു പ്രസ്താവിക്കുന്നതും മേല്പറഞ്ഞ അനു മാനത്തെ സഹായിക്കുന്നുണ്ട്. പ്രകൃതഗ്രന്ഥത്തിലെ കുചേ ലൻ സദ്ധ്യപ്രിയനായി കാണുന്നതും നമസ്കാരമന്വേഷിക്കുന്ന തും ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണ്.

## കാലം.

ഭാഷയിൽ കൃതികളുടെ കാലനിൎണ്ണയം ചെയ്യുന്നതിന്ന് ഇ പ്പോൾ സാഹിത്യകാരന്മാർ അംഗീകരിച്ചുവരുന്ന സംപ്രദായം ശരിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു കൃതിയിൽ തമിഴപദങ്ങൾ അധികം കാണുന്നെങ്കിൽ അതു പ്രാചീനമാണെന്നും, സംസ്കൃതപദങ്ങൾ ധാരാളമുണ്ടെങ്കിൽ അതു മദ്ധ്യകാലത്തുണ്ടായതായിരിക്കണമെന്നും, ഭാഷാപദങ്ങ ളും സംസ്കൃതപദങ്ങളും ഇണങ്ങിക്കാണുമ്പോൾ എഴുത്തച്ഛ ൻെറ കാലത്തോ അതിന്നിപ്പുറമോ ഉണ്ടായതാണെന്നും ഊഹി ക്കുക ഇപ്പോൾ പതിവായിരിക്കുന്നു. ഈ സമ്പ്രദായമനുസരി ച്ചു നോക്കുന്നതായാൽ കേരളവൎമ്മ കോയിത്തമ്പുരാൻെറ ശ്ലോകങ്ങളിൽ പലതും ചംപൂകാലത്തേക്കു തള്ളേണ്ടതായി വരും. ഉണ്ണുനിലീസന്ദേശത്തിലെ—

— "കണ്ടംവണ്ടിൻനിറമുടയനെ കെംകനീരോട്ടു തിംകൾ
തുണ്ടഞ്ചാത്തും പരനെ വരമാതിന്നുമെയ് പാതിയോനെ
മണ്ടുമ്മാനേൽ കരനെയരനെ കംപി പാംപാക്കിയോനെ
ക്കണ്ടെ പോവാന്തരമവിടെ നീ കണ്ടിയൂൎത്തംപിരാനെ"

— "തസ്മിൻവംശേ തരുണനയനങ്ങൾക്കു പീയൂഷ ധാരാ
താരുണ്യാനാം ജഗതി ജനനീ താർചരന്നസ്രുശാലാ

താരാർമാതിന്നഭിമതസഖീ താമ്രബിംബാധരോഷ്ഠി
താരാനാഥ പ്രതിഭടമുഖീ തിണ്ണമെന്നുണ്ണുനീലി"

എന്നീ ശ്ലോകങ്ങൾ ഒരേ കാലത്തുണ്ടാക്കിയതല്ലെന്നും പറയേണ്ടിവരും. മിസ്റ്റർ നാരായണപ്പണിക്കർ ബി. എ. എടുത്തു കാണിച്ചിട്ടുള്ള രേഖകൾ [1]പരിശോധിക്കുമ്പോൾ ഭാഷാസ്വഭാവം കാലത്തിനേക്കാൾ കൃതിയുണ്ടായ സ്ഥലത്തിനെയാണ് അധികം സൂചിപ്പിക്കുന്നതെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മലയാളഭാഷയുടെ പ്രാഗ്രൂപം കൊടുന്തമിഴാണെന്നുള്ള സിദ്ധാന്തംതന്നെ ഇപ്പോൾ അട്ടിമറിഞ്ഞിട്ടാണ് ഇരിക്കുന്നത്. ഇങ്ങിനെയിരിക്കെ ഒരു കൃതിയിൽ കാണുന്ന തമിഴപദങ്ങളോ സംസ്കൃതപദങ്ങളോ കാലനിർണ്ണയത്തിൽ നമ്മെ സഹായിക്കുമോ എന്നുള്ള കാര്യം സംശയമാണ്. പ്രയോഗങ്ങൾ കവിയുടെ അഭിരുചിയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു അദ്ദേഹത്തിന്നു ഏതു ഭാഷയിലാണോ അധികം പദസ്വാധീനം, ആ ഭാഷയിലെ പദങ്ങൾ തൽകൃതിയിലും സ്ഥലംപിടിക്കാതിരിക്കയില്ല. തമിഴിനെയോ സംസ്കൃതത്തെയോ അവലംബിക്കാതെ തനിമലയാളമായ പച്ചമലയാളത്തിൽ കവിത നിർമ്മിക്കേണമെന്നുള്ള ആഗ്രഹം ആധുനികന്മാരിലാണ് അങ്കുരിച്ചതെന്ന വാസ്തവവും ഇവിടെ സ്മരിക്കേണ്ടതാണ്. അതുപോലെതന്നെ ചമ്പുകാരന്മാരെ പ്രതിപാദനത്തിലും ആശയത്തിലും അനുകരിക്കുന്നവരെ ഇപ്പോഴും കാണുന്നതുമുണ്ട്. [2]"ഉഴയ്ക്കുക" 1; പോകിൻറു 2; നൽകിൻറു 3. എന്നീ പദങ്ങൾ കാണുംപോൾ ഈ വക പ്രയോഗങ്ങൾ ഭാഷയിൽ ഇല്ലാതാവുന്നതിന്നു മുമ്പാണോ ഈ കൃതിയുടെ കാലം എന്നു സംശയം തോന്നിയേക്കാം. എഴുത്തച്ഛൻെറ കാലംമുതൽക്കു ഈവക പ്രയോഗങ്ങൾ കാണാതായിത്തുടങ്ങീട്ടുണ്ട്. ഗ്രന്ഥം ആകപ്പാടെ വായിച്ചു നോക്കുംപോൾ അത്ര പഴക്കം കല്പിക്കാമോ എന്ന ശങ്കക്കും അവകാശമില്ലെന്നില്ല. ഒരു സംഗതി സ്പഷ്ടമാവുന്നുണ്ടു. കവി ഒരു ഭക്തനാണെന്നതിൽ പക്ഷാന്തരത്തിന്നു വഴിയില്ലെ

1. കേരളഭാഷാസാഹിത്യചരിത്രം—169—170 ഭാഗങ്ങൾ.

2. 1. 2-ാംവൃത്തം 5-ാംശ്ലോകം. 2. 2-ാംവൃത്തം 8-ാംശ്ലോകം. 3. 3-ാംവൃത്തം 20-ാംശ്ലോകം.

ന്നു തോന്നുന്നു. ഭക്തന്മാർ ഇന്നകാലത്തെ ഉണ്ടാകാവൂ എന്നില്ലെങ്കിലും എഴുത്തച്ഛൻ, ഭട്ടതിരി, പൂന്താനം മുതലായവരുടെ കാലം കേരളത്തിൽ ഭക്തന്മാരുടേയും ഭക്തിയുടേയും വിലാസകാലമാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. സ്തോത്രംകൊണ്ടവസാനിക്കുന്ന ഇരുപത്തിനാലുവൃത്തം മുതലായ ഗ്രന്ഥങ്ങളുടെ ആവിർഭാവവും അക്കാലത്തുതന്നെയാണല്ലോ. ഈ കൃതിയും അക്കാലത്തുണ്ടായിരുന്ന ഒരു ഭക്തകവിയുടേതായിരിക്കാമെന്നു വിചാരിക്കുന്നതിൽ തീരെ അസാംഗത്യമുണ്ടെന്നു പറഞ്ഞുകൂടാ. കേരളബ്രാഹ്മണരുടെ സങ്കേതമെന്നു കരുതിവരുന്ന മദ്ധ്യകേരളം തന്നെ ആയിരിക്കണം കവിയുടെ ജന്മദേശവും.

## സാഹിത്യം.

മേല്പറഞ്ഞ സംഗതികൾ നിർണ്ണയിക്കാൻ പ്രയാസമുണ്ടെങ്കിലും കവിതയെ സംബന്ധിച്ചേടത്തോളം അഭിപ്രായവ്യത്യാസത്തിന്നു അവകാശമില്ല. സന്ദർഭത്തിന്നനുസരിച്ച സ്തോഭം, ഔചിത്യം, അവസരോചിതമായ അലംകാരം, തന്മയത്വത്തോടുകൂടിയുള്ള വർണ്ണനം, ചിത്രീകരണപാടവം എന്നീ ഗുണങ്ങൾ ഈ കൃതിയുടെ ആപാദചൂഡം പരിശോഭിച്ചുകാണുന്നുണ്ടെന്നുള്ളത് അനുഭവവേദ്യമാകയാൽ ഓരോന്നും എടുത്തു വിവരിച്ചു ഇപ്പോൾതന്നെ കണക്കിലധികം നീണ്ടുപോയ ഈ മുഖവുര ഇനിയും ദീർഘിപ്പിക്കേണമെന്നു വിചാരിക്കുന്നില്ല. കവിയുടെ ചിത്രീകരണസാമർത്ഥ്യം ഏറെക്കുറെ ഇതിവൃത്തനിരൂപണത്തിൽ പ്രതിപാദിച്ചിട്ടുമുണ്ട്. ഒരു പ്രയോഗത്തെപ്പററി രണ്ടുവാക്കു പറയാതിരിപ്പാൻ എന്റെ മനസ്സു സമ്മതിക്കുന്നില്ല. കുചേലനെ ശ്രീകൃഷ്ണൻ എതിരേല്ക്കുന്നതു—"നവോഢാഗമേ തൽപ്രിയൻ ചെന്നപോലെ"യാണെന്നു പ്രയോഗിച്ച കവിയുടെ മനോധർമ്മത്തിന്നു ഒരു നമോവാകംതന്നെ ചെയ്യേണ്ടതാണ്. ഇതു നമ്മുടെ കവിയുടെ ഒരു സ്വാതന്ത്ര്യകല്പനതന്നെയാണ്. നവവധുവിന്റെയും നവവരന്റെയും പ്രഥമ സമ്മേളനത്തിന്നു ഒരു പ്രത്യേക മാഹാത്മ്യമുണ്ടെന്നുള്ളത് സകലരും സമ്മതിച്ചിട്ടുള്ളതാണ്. സംസാരസാഗരത്തിലേക്കു കാലെടുത്തുവെക്കുന്ന അവരുടെ തല്ക്കാലമനോഗതി കറ കളഞ്ഞ

നൈമ്മല്യത്തോടു കൂടിയതാണ്. പ്രപഞ്ചസംഭവങ്ങളുമായി മല്ലിടുന്നതുകൊണ്ടുണ്ടാവാവുന്ന കാലുഷ്യം അതിനെ മലിനമാക്കിക്കഴിഞ്ഞിട്ടില്ല. അനുരാഗംകൊണ്ടു ഏകാഗ്രമായും ഇരിക്കുന്നു. സമാഗമം ഒന്നല്ലാതെ വേറെ യാതൊന്നും അവർ അപ്പോൾ ഇച്ഛിക്കുന്നതുമല്ല. ഇങ്ങിനെ ഏകാഗ്രവും, നിമ്മലവും, പരസ്പര സന്ദശ്നൈക്യം മാത്രം കാംക്ഷിക്കുന്നതുമായ മനസ്ഥിതിതന്നെയാണ് പരമഭക്തന്മാക്കും ഉണ്ടാവുന്നത്. വിവേകാനന്ദപ്രഭൃതികൾ ഭക്തിയെ പരമാനുരാഗമായി സംകല്പിച്ചിട്ടുള്ളതും ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണ്. അതിന്നുപുറമെ നവോഢയുടെ സംകോചവും നവവരൻെറ അക്ഷമയും സുപ്രസിദ്ധമാണ്. ദരിദ്രനും പരമഭക്തനുമായ കുചേലന്നു സകലൈശ്വൎയ്യസമ്പന്നനും സൎവ്വേശ്വരനുമായ ശ്രീകൃഷ്ണൻെറ സന്നിധാനത്തിലെത്തുമ്പോൾ സംകോചമുണ്ടാവുന്നതു സ്വാഭാവികമാണ്. അതുപോലെതന്നെ കുചേലനെപ്പോലെയുള്ള ഭക്തശിരോമണികളെ കാണുംപോൾ കൃഷ്ണനെപ്പോലെയുള്ള ഭക്തവത്സലന്മാർ മതിമറന്നു ആദരിക്കുന്നതും സ്വാഭാവികമാണ്.

ഇനി ഉപസംഹരിച്ചേക്കാം. ഗുണഭൂയിഷ്ഠമായ ഈ കൃതിയെ പ്രസാധനംചെയ്യാൻ അനുവാദം തന്ന മ. രാ. രാ. കവളപ്പാറ മൂപ്പിൽനായരവർകളോട്ട് സൎവ്വകലാശാലാ പ്രതിനിധിയുടെ നിലയിൽ എനിക്കുള്ള അപാരമായ നന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഒരു നല്ല വ്യാഖ്യാനം എഴുതി ഇതിൻെറ പ്രസിദ്ധീകരണവിഷയത്തിൽ എന്നെ സഹായിച്ച എൻെറ സഹപ്രവൎത്തകനും പ്രസിദ്ധ പണ്ഡിതനുമായ ശ്രീമാൻ വട്ടോളി കോമൻമേനോൻ അവർകളോടും എനിക്കുള്ള കൃതജ്ഞത പറഞ്ഞുതീക്കാവുന്നതല്ല. മഹാജനങ്ങൾ കൌതുകത്തോടുകൂടി ഈ കൃതിയെ ആദരിക്കുമെന്ന വിശ്വാസത്തോടെ ഇത് അവരുടെ മുമ്പാകെ സവിനയം സമൎപ്പിച്ചുകൊള്ളുന്നു. എന്ന്,

മദിരാശി,
16—2—1929.

ചേലനാട്ട് അച്യുതമേനോൻ, ബി. ഏ.

*Reader in Malayalam*
*University of Madras.*

# കുചേലവൃത്തം.

## നാലുവൃത്തം.

---

### ഒന്നാം വൃത്തം.

1. ഘോരതരരായ സുരവീരരിടയാതേ
വാരിനിധി തന്നിലമരാവതിയൊടൊപ്പം
ദ്വാരവതിയെന്ന പുരി പണ്ടു യദുവീരൻ
ചാരുതരമായ് ചമച്ചു പുക്ക ഹരി കൃഷ്ണ!

2. ചിത്രതരമായ മതിൽ ഗോപുരവുമോരോ-
ന്നെത്ര വലുതെന്നതു പുകഴ്ത്തരുതു പാൎത്താൽ
രത്നമയമൊക്കയുമയത്നമതിരമ്യം
തത്ര പണിതീൎത്തു മുരവൈരി ഹരി കൃഷ്ണ!

3. വേറുതിരിച്ചങ്ങു മണിമാടങ്ങളും മറ്റും
കുറ്റുപിശകാതെയൊരുപോലെ പണിതീൎത്തു
ഏറിനനിറത്തൊടു പതാകകൾ വിതാനം
കൂറകളും ചേൎത്തവിടെ മേളമരി കൃഷ്ണ!

4. ഷോഡശസഹസ്രവരനാരികളോടുൾച്ചേ-
ൎന്നോടലർശരാമയവും തീൎത്തുപിരിയാതേ
ആടൽ തുടരാതെ ചിരകാലമിളകൊണ്ടാ-
നാടി മുകിൽവൎണ്ണനഖിലേശ ഹരി കൃഷ്ണ!

5. വേദമുരുവിട്ടു പലർ കൂടിയൊരു ഗേഹേ;
ചൂതശരലീലകൾ തുടങ്ങുമൊരു ഗേഹേ;
ചൂതു പൊരുതീട്ടു ചില തോലികളിലോരോ
വാതു പതവിച്ചു പതവിച്ചു ഹരി കൃഷ്ണ!

6. ചെന്തഴകളും പെരിയകംപടികളോടേ
ദന്തിവരമേറിയെഴുന്നെള്ളുമൊരു ഗേഹേ;
മന്ത്രികളുമായിരുന്നു മന്ത്രമൊരു ഗേഹേ;
ചിന്തുകളും പാടി നടമാടുമരി കൃഷ്ണ!

7. വീണയു മെട്ടത്തനുഭവിക്കുമൊരുനേരം;
പ്രാണനിയമാദികൾ തുടങ്ങുമൊരുനേരം;
ഊണിനൊരുമിക്കുമൊരുനേരമൊരു ഗേഹേ;
കോണകമുടുത്തു കരുമിക്കുമരി കൃഷ്ണ!

8. ഉമ്പർപ്പതി വന്നു തൊഴുതീടുമൊരുനേരം;
കുമ്പിടുന്നു വന്നുമുനിമാരുമൊരുനേരം;
അമ്പിനൊടിതന്തണർ വണങ്ങുമൊരുനേരം
തമ്പദമിതമ്പിനൊടു നിത്യമരി കൃഷ്ണ!

9. യക്ഷകുലമൊക്കെ വരുമാറിതൊരുനേരം;
തക്കമൊടു കിന്നരരുമുണ്ടിതൊരു നേരം;
അക്കമലപാദമഴകോടു തൊഴുവാനാ-
യക്കരങ്ങൾകൊണ്ടിതവർ നിത്യമരി കൃഷ്ണ!

10. ചന്തമൊടു ഗന്ധറുവപാളിയൊരുനേരം;
സിദ്ധജനമാദരവിൽ വന്നിതൊരുനേരം;
പന്തി പിശകാതെ തൊഴുതീടുമൊരുനേരം
പന്തിയിൽ വരുന്നിതവർ നിത്യമരി കൃഷ്ണ!

11. ഭാഗമൊടു ചാരണർ വിദ്യാധരരുമോരോ
നാഗങ്ങളു * * * * മുണ്ടിതൊരുനേരം
ഭോഗിശയനൻ പദങ്ങൾ കുമ്പിടുവതിന്നാ
യോഗമിതൊരോ ജനങ്ങൾ നിത്യമരികൃഷ്ണ!

12. അസ്തമനകാലമണയുന്നിതൊരുനേരം
ഇന്ദുമുഖിമാരുടെ മനസ്സിനെ ഹരിപ്പാൻ
ചിത്രതരമായ് കുഴലുമൂതി നടമാടും
അത്ഭുതങ്ങൾ കണ്ടവർക്കങ്ങാശ്ചര്യമരികൃഷ്ണ!

13. സൂര്യനുദകങ്ങളിൽ വിളങ്ങിനതുപോലെ
നാരികൾപുരംപ്രതി പുരംപ്രതി നിറന്നാൻ.
നാരദമുനീന്ദ്രനു നല്ലാശ്ചരിയമായി
ശൌരിയുടെ മായയിതു കണ്ടു ഹരി കൃഷ്ണ!

14. അന്നു കുരളക്കൊരു നറുങ്ങവർ കുലുങ്ങി-
ലിന്ദുമുഖിമാ;“രഖിലനാഥനൊടു വേർപാ-

ടൊന്നുമറിവീല മറിവെ"ന്നവർ പറഞ്ഞാ
ലൊന്നതിനു കേൾക്കകയുമില്ല ഹരി കൃഷ്ണ!

15. ശൈബ്യയൊടു ചേൎന്നഥ ജഗൽപതി നികേതേ
കോപ്പൊടു സുഖിച്ചു സുരമന്ദിരസമാനേ
താല്പരിയമാൎന്ന സുരസേന ചിരകാലം
രാപ്പകൽ കളിച്ചിരുന്നശേഷമരികൃഷ്ണ!

16. യാദവനു പണ്ടു ചെറിയന്നൊരു സഖിത്വം
ഭൂസുരനൊടന്‌പൊടു ഭവിച്ചു ഗുരുഗേഹേ,
കാതിനൊരു നാളി;ലുടനോത്തു കഴിഞ്ഞാറേ
വേർതിരിഞ്ഞു; വിപ്രനഥ വേട്ടു ഹരി കൃഷ്ണ!

17 സൽകുശലനെന്നതു കുചേലനഥ നാമം
സൽക്രിയകൾ ചെയ്തു നിജവേശ്മനി വസിച്ചു
തൽഗൃഹണി പട്ടിണി പൊറാഞ്ഞഥ പറഞ്ഞാ-
ളക്ഷിതി സുരോത്തമനൊടിത്ഥമരി കൃഷ്ണ!

18. രാമ! മധുസൂദന! രമാവര! മുരാരേ!
മാധവ! മുകുന്ദ! കരുണാനിലയ! ശൌരേ!
വാരിജവിലോചന! ജനാൎദ്ദന! ദിവേശ!
രാമജയ രാമജയ രാമജയ കൃഷ്ണ!

---

## രണ്ടാം വൃത്തം.

1. വിശക്കുന്നു പാരം; മെഴുക്കില്ല കാണ്മാൻ;
വശത്തിന്നു കണ്ടീലെനിക്കാവതില്ലേ;
വിശപ്പില്ലയോതാൻ; ഭജിക്കുന്നിതാരെ-
ക്കുറിച്ചിട്ടിദാനീം നമോ നന്ദസൂനോ!

2. ചെറുപ്പത്തിലോതുന്ന നാളുള്ളിരിപ്പും
നിരപ്പും പെരുത്തോരു ദാരിദ്ര്യമോൎത്തും
തരാതോ ധനം താനിരന്നീടിനാലും
ധരാ ജീവനാഥൻ നമോ നന്ദസൂനോ!

3. യഥാശക്തി താൻ കാഴ്ചയും വെച്ചു കണ്ടാൽ
വൃഥാതന്നെ യാത്രാക്കകില്ലെന്നു നൂനം
പ്രസാദിക്കമങ്ങാശ്രയം കേട്ടു ചെന്നാ;-
ലതും കേട്ടുകൂടാ നമോ നന്ദസൂനോ!

4. ധനം കിട്ടുമോ താൻ, പശുക്കിട്ടുമോ താൻ,
വയൽ കിട്ടുമോതാൻ, തുകിൽ കിട്ടുമോ താൻ,
ഹരിയെൻെറ കൃഷ്ണൻ വഴങ്ങുന്നതെല്ലാം
അതും കൊണ്ടുപോരാം നമോ നന്ദസൂനോ!

5. ഉഴക്കുന്നനേരം കുളിച്ചിട്ടു സന്ധ്യാ
കഴിച്ചിട്ടു ഹോമം നമസ്കാരമെല്ലാം
ജപിച്ചീട്ടുവാനും സ്തുതിപ്പാനുമേററം
അഭിപ്രായമുള്ളൂ നമോ നന്ദസൂനോ!

6. കരഞ്ഞിങ്ങിനേ താപമുൾക്കൊണ്ട ഭാൎയ്യാം
പറഞ്ഞൂ കുചേലൻ കൃപാപൂരിതാത്മാ
വെറുപ്പാകവേണ്ടാ പൊറുക്കേണമിപ്പോ-
ളുറങ്ങീട്ടുകെന്നാൻ നമോ നന്ദസൂനോ!

7. വ്രതം മുട്ടുമെന്നോൎത്തുതന്നേ മടിച്ചൂ
മതം നീ നിരൂപിച്ചതത്രേ നമുക്കും
മധുദ്വേഷിയെച്ചെന്നു കാണ്മാൻ കനക്കെ-
ക്കൊതിച്ചീടിനേൻ ഞാൻ നമോ നന്ദസൂനോ!

8. തെരിക്കെന്നു പോകിൻെറു നാളെപ്പുലച്ചെ-
ച്ചുരുക്കിക്കഴിക്കേണ്ടു തേവാരമെല്ലാം.
തിരുക്കാഴ്ച വെപ്പാനൊരുക്കീട്ടുകെന്നാൽ
കരഞ്ഞീടവേണ്ടാ നമോ നന്ദസൂനോ!

9. ഇവണ്ണം കുചേലൻ പറഞ്ഞോരുനേരം
ചുവന്നു കിഴക്കേടമപ്പോൾ നടന്നു
അവൾക്കങ്ങു കണ്ടോർ കൊടുത്തുള്ള നെല്ലി-
ങ്ങവില്ലേത്തുമാകാ നമോ നന്ദസൂനോ!

10. ഇടിച്ചിട്ടു കല്ലോടു നെല്ലോടുകൂടി-
ക്കൊടുത്തു കുചേലന്നിതമ്പോടു വാങ്ങി,

മടിശ്ശീലപോലെ മടിഞ്ഞങ്ങു കെട്ടി;
മടിച്ചീലയേതും നമോ നന്ദസൂനോ!

11. ഘനശ്യാമളം ഗോപികാ ജീവനാഥം
മനക്കാമ്പിലോൎത്തോൎത്തു മെല്ലെ നടന്നു
തുണികെട്ടു മച്ഛത്രവുംകൊണ്ടു മെല്ലേ
മിനക്കെട്ടു താനേ നമോ നന്ദസൂനോ!

12. നടക്കുന്നു മെല്ലേ വിശക്കുന്നുപാരം
അടുത്തുണ്ടൊ സദ്യ കഴിപ്പാനുപായം
കടക്കേണ്ടു ചെൽകിൽ നമസ്കാരമുണ്ടാ-
യിടത്തുണ്ടു കോയിൽ നമോ നന്ദസൂനോ!

13. നടന്നങ്ങു ദണ്ഡിച്ചു ചെല്ലുന്ന നേരം
കൊടിക്കൂറ കാണായ് തുടുക്കുന്നു നേരേ
അടുത്തെന്നു കല്പിച്ചകക്കാമ്പിൽ മോദം
തുടങ്ങീ തദാനീം നമോ നന്ദസൂനോ!

14. കുചേലദ്വിജൻേറ വരത്തങ്ങു കണ്ടി-
ട്ടെശോദാത്മജൻ പത്മജാവല്ലഭൻ താൻ
വിശാലേക്ഷണൻ വിശ്വലോകൈകനാഥൻ
വിശേഷിച്ചു നോക്കീ നമോ നന്ദസൂനോ!

15. മുഷിഞ്ഞോരുകോപ്പും, മുഴങ്ങാൽത്തഴമ്പും
മുഴുത്തോരു ഭക്തിപ്രഭാവങ്ങളും കണ്ടും
മഴക്കൊണ്ടൽവൎണ്ണന്നു കണ്ണീർ നിറഞ്ഞൂ
വഴിഞ്ഞൂ തദാനീം നമോ നന്ദസൂനോ!

16. മതിൽകണ്ടു, കോവില്ക്കൂടുത്തങ്ങു കണ്ടു.
മദംപെട്ട ആനാ, കദംപെട്ട അശ്വം,
ഹരിതത്തോടു പാട്ടിൻ ധ്വനീ കേട്ടകേട്ട-
ങ്ങടുത്തങ്ങു ചെന്നൂ നമോ നന്ദസൂനോ!

17. കടുക്കെന്നവീടുന്നെഴുന്നേററു നേരേ
തടുത്തീലയാരും വഴിക്കങ്ങു നീളെ
അടീ നാലുമൂന്നങ്ങെഴുന്നെള്ളിയപ്പോൾ
അടുത്തു കുചേലൻ നമോ നന്ദസൂനോ!

12592



18. കവാടാന്തികേ ചെന്നുനില്ക്കേ കുചേലൻ,
നവോഢാഗമേ തൻ പ്രിയൻ ചെന്നപോലേ
ഉവന്നങ്ങു ചെന്നാശു ഗാഢം പുണൎന്നു
ദ്വാരാധിനാഥൻ നമോ നന്ദസൂനോ!

19. പയോജേക്ഷണന്നക്കുചേലദ്വിജന്റെ
വിയൎപ്പും നറുംകുങ്കുമച്ചാറുമൊക്കം
പ്രിയാശോഭിതന്മാറിടത്തിങ്കലാമ്മാ-
റിയല്ക്കുന്നനേരം നമോ നന്ദസൂനോ!

20. മുദാ പാദശൌചാദി ചെയ്താദരേണാ-
ധിതീൎത്ഥാശു ദേവൻ ജഗന്മംഗലൻ താൻ
തദാ തജ്ജലം മൌലിമേലേറ്റുകൊണ്ടാൻ
സദാനന്ദതൃപ്തീ നമോ നന്ദസൂനോ!

21. പയഃഫേനപോലെ വിളങ്ങുന്ന തല്പേ
വിയൎപ്പോടുകൂടെപ്പിടിച്ചങ്ങിരുത്തി
പയോജാക്ഷിയോടാശു വീശെന്നു ചൊല്ലി-
ദ്ദയാസിന്ധു നേരേ നമോ നന്ദസൂനോ!

22. നമോ നന്ദസൂനോ നമോ നന്ദസൂനോ!
നമോ നന്ദസൂനോ! നമോ നന്ദസൂനോ!
നമോ നന്ദസൂനോ! രമാകാന്ത! വിഷ്ണോ!
ഹരേ! രാമ രാമാ! നമോ നന്ദസൂനോ!

KOTTAYAM PUBLIC LIBRARY KOTTAYAM.

---

## മൂന്നാം വൃത്തം.

1. കളഭകസ്തൂരിയാദികളേക്കൊണ്ടും
തെളിവെഴും മലർമാലകളെക്കൊണ്ടും
അലങ്കരിച്ചു കുചേലമനന്തരം
നളിനലോചനൻ രാമ! രമാപതേ!

2. അരികിലാമ്മാറു ചെന്നിരുന്നോരോന്നേ-
യരുളിച്ചെയ്തു കുചേലനോടീവണ്ണം

സരസിജേക്ഷണൻ കീഴിലേ വൃത്താന്തം
സരസമാംവണ്ണം രാമ! രമാപതെ!

3. ഗുരുവിനന്നേരമ്പോട്ടു ദക്ഷിണ ചെയ്തോറെ-
പ്പെരികെ വൈകിലല്ലീ സമാവൎത്തനം
വിരവിൽ മേളമായ് വേളിയുമവ്വണ്ണം
സരസമായല്ലി? രാമ! രമാപതേ!

4. സദൃശയല്ലീ ഭവാനു കുടുംബിനീ?
മതമറിഞ്ഞോരോ വേലയെടുക്കമോ?
ചതികൂടാതേ മടിയാതെ വേണ്ടുംപോ-
ളുചിതമാംവണ്ണം രാമ! രമാപതേ!

5. പതിവ്രതയായിരിക്കേണമേററവും
അതു വരേണ്ടതു നാരിമാൎക്കൊക്കയും
അതെല്ലാമങ്ങിനെയല്ലിയിരിക്കുന്നു?
മതിമതാം വര! രാമ! രമാപതേ!

6. ഗുരുകുടുംബിനി ചൊന്നതു കേട്ടടൻ
വിറകൊടിപ്പാനായ് പോയോരുനാളിൽ നാം
വിറപിടിച്ചോരു രാത്രി പൊറുത്തതും
മറന്നുപോയല്ലി രാമ! രമാപതേ!

7. ഇന്ധനങ്ങളില്ലാതേ തിരഞ്ഞു നാം
സന്ധ്യയോളം, വിശക്കുന്നനേരത്ത്
ഹന്ത! ഹന്ത! വഴിയും തിരിയാതെ-
യെന്തെല്ലാം ദുഃഖം രാമ! രമാപതേ!

8. സന്ധ്യാ ഗായത്രിയില്ല സമിധയും
എന്തു നല്ല നാമെന്നൊടു ചൊന്നതും
ചിത്തത്തിങ്കൽ നിനെച്ചെന്നെ ബന്ധിക്കാ
സന്ധ്യാകൎമ്മങ്ങൾ രാമ! രമാപതേ!

9. കാട്ടിൽ കണ്ട മൃഗങ്ങൾ കരകയും
കേട്ടുപേടിച്ചു മിണ്ടാതിരിക്കയും
കാററടിച്ചു മരങ്ങൾ പൊളികയും
പൂട്ടിക്കൈ കെട്ടി രാമ! രമാപതേ!

10. ആട്ടം മാമയിൽപ്പേട കരകയും,
കോടമാമഴമാരി ചൊരിഞ്ഞിട്ടും,
ചൂടുവാനില്ല മൂടുവാനേതുമേ
കോടി നിന്നു നാം രാമ! രമാപതേ!

11. വരിയറക്കഴി നീളേ വരും വെള്ളം
പൊറുതികൂടാതെ വേരിന്മേലേറി നാം
അലറിടുന്ന ഇടിമിന്നൽ കേട്ടു നാം
മരവും പററീട്ടു രാമ! രമാപതേ!

12. ആവാമഗതികളങ്ങുന്നു പേടിച്ചും
അവരവരോടു ചെന്നുടൻ ചോദിച്ചും
വിവശമോരോരുപായങ്ങൾ ചിന്തിച്ചും
ശിവശിവ! ശിവ! രാമ! രമാപതേ!

13. ചിന്തനൊന്തു ഗുരുവും കുടുംബിനി-
യെന്തു സംകടമായതു ദൈവമേ!
നൊന്തു നൊന്തു കരം കൂപ്പിയെന്തെല്ലാം
മന്ത്രം ചൊന്നതും രാമ! രമാപതേ!

14. കാട്ടുപോത്തു, കരടി, പുലികളും,
കൂട്ടത്തോടേ വരാഹങ്ങൾ നാഗവും
കേടുകൂടാതെ രക്ഷിക്കയെല്ലാരും
ഇന്നു രാത്രിയിൽ രാമ! രമാപതേ!

15. കോഴി കൂകുന്നു, കാകൻ കരയുന്നു,
തോഴിമാർ ജലം കോരുന്ന കേട്ടിട്ട്
കാടിറങ്ങി വഴിയെ നടകൂടി
ഓടിവന്നു നാം രാമ! രമാപതേ!

16. പുലർകാലേ നമ്മെക്കണ്ടോരു സന്തോഷാൽ
തലയിൽ തൊട്ടവർ ചൊന്നതുകൊണ്ടല്ലോ
പലർ കൂട്ടംനേരം നമ്മുടേ വിദ്യകൾ
തെളിയായ് വന്നതും രാമ! രമാപതേ!

17. ഗുരുകടാക്ഷമൊഴിഞ്ഞൊരു വസ്തുവും
കരുതീടേണ്ടാ ഗുണത്തേ വരുത്തുവാൻ

അറിയാതെതന്നെ വന്നിടും വിദ്യയും
വിരവിൽ മോക്ഷവും രാമ! രമാപതേ!

18. ഗുരുകടാക്ഷവും മോക്ഷവും വിദ്യയും
പരമപൂരുഷ! നിൻകളിയെല്ലാമെ-
ന്നുരചെയ്യുന്ന കുചേലൻെറ ചിത്തതാ-
രറിഞ്ഞു മല്ലാരി രാമ! രമാപതേ!

19. ദ്വിജവരന്നൊരു കാംക്ഷയില്ലേതുമേ
നിജകളത്രനിയോഗത്താൽ വന്നതും
വിജിതമാനസനെന്നതറിഞ്ഞുടൻ
വിജയസാരഥി രാമ! രമാപതേ!

20. സുരവിഭൂതി പുകഴ്ത്തുന്ന ഭൂതിയും
പുരിയുമന്പോടു നൽകിൻറു ഞാനിപ്പോൾ
പരിജനത്തെയുമങ്ങോട്ടു ചെല്ലുംപോ-
ളരുമയാംവണ്ണം രാമ! രമാപതേ!

21. കരളിലീവണ്ണം കല്പിച്ചു കാർവർണ്ണൻ
അരുളിച്ചെയ്തു കുചേലനോടീവണ്ണം
അരികെയെന്തൊന്നു കണ്ട പൊതിയെടോ!
തരുവാനോ മമ രാമ! രമാപതേ!

22. പൃഥുകമോ കദളിക്കനിയോ സഖേ!
ഹിതമെനിക്കിതു വല്ലതും നൽകിനാൽ;
ഗദനമെന്തിന്നു താഴ്ത്തുന്നു തന്നാലും,
പൊതിയഴിച്ചാലും രാമ! രമാപതേ!

23. കുസുമപത്ര ഫലാദികളെങ്കിലും
ഹിതമെനിക്കിതു സാധുക്കൾ നൽകിനാൽ
ചതി പെരുത്തവരാന തരികിലും
മതി വരാ മമ രാമ! രമാപതേ!

24. പൃഥുകം ചെന്നു പിടിച്ചൊരു പോങ്ങയ-
ങ്ങമൃതുചെയ്തിട്ടു രണ്ടാമതാഞ്ഞപ്പോൾ
മതി മതിയെന്നു തൃക്കൈ പിടിച്ചാള-
മ്മധുമലർക്കന്നി രാമ! രമാപതേ!

25. അവനിദേവൻെറ സേവകൊണ്ടെന്നെ നീ
യവന്നു മുററമടിക്കമാറാക്കൊല്ലാ
അവധികൂടാതെ ഭൂതിയിതുകൊണ്ടം-
ങ്ങവൻവന്നിട്ടും രാമ! രമാപതേ!

26. കുസുമമാനിനീയീവണ്ണം ചൊന്നാറെ
മതമറിഞ്ഞു മധുവൈരി മെല്ലവേ
പൃഥുകാറുംവെച്ചു കണ്ടതരുൾചെയ്തു
പുതുമയോരോന്നേ രാമ! രമാപതേ!

27. ഭുവനനായക സൽകൃതനായിട്ട-
ങ്ങവിടെത്തന്നെസ്സുഖിച്ചു വസിച്ചാൻപോൽ
അവനിപാലനെപ്പോലേ കുചേലനാ-
മവനിദേവേശൻ രാമ! രമാപതേ!

28. ഭുവനനായക! നാഥ! ദയാനിധേ!
കുവലയദള കോമള! ഗോപതേ!
ശിവ ശിവ! ശിവവിഗ്രഹ! പാഹിമാം
ഭവഭയഹര! രാമ! രമാപതേ!

---

## നാലാം വൃത്തം.

1. ഉഷസ്സതിന്നു പാത്തിരുന്നു നീരുമൂത്തു സന്ധ്യയും
കഴിച്ചുടൻ ത്രിപുണ്ഡ്രകം ധരിച്ചിരുന്നു ഭൂസുരൻ
കഴൽകളെ കൈവണങ്ങിനാനനംഗവൈരി വന്ദിതം
മുഴുത്ത ഭക്തിയോട്ടുടൻ മുകുന്ദ രാമ പാഹിമാം.

2. 'നമശ്ശിവായ'യെന്നെയല്ലോ വേണ്ടുവെന്നതദ്വിജൻ
സമസ്തലോകനാഥനോടു യാത്രചൊല്ലി മെല്ലവേ
രമാവരൻ തദാനുയാത്രയോട്ടുടൻ "തഥാ സ്തുതേ"
നമോസ്തുയെന്നയച്ചു യാത്ര രാമരാമ പാഹിമാം.

3. പറഞ്ഞവണ്ണമല്ലയോ ധനം തരാഞ്ഞതെന്തുവാൻ
മറന്നുപോകയല്ലയല്ലി യെന്നതോത്തു പിന്നെയും
മറിഞ്ഞു നോക്കിനോക്കി യാത്ര ഭൂമിദേവനങ്ങുപോയ്-
മറഞ്ഞുകൂട്ടവോളവും മുകുന്ദരാമ പാഹിമാം.

4. വഴിക്കുനീളെയിങ്ങിനേ നിനച്ചയാത്ര ചേതസാ
പിഴച്ചതില്ല രണ്ടു ജാതിയും മുകുന്ദ ദശനം
പഴിക്കുമിന്നു പത്നിയങ്ങു ജാതഖേദമെന്നതേ
പിഴച്ചതുള്ളു പാക്കിലിന്നു രാമ രാമ പാഹിമാം.

5. മനസ്സുകേട്ട കിഞ്ചിലില്ല മാം പ്രതീതി നിണ്ണയം
ധനം മുഴക്കിൽ ഞാനഹംകരിച്ച തന്നെയെന്നുമേ
നിനയ്ക്കയില്ല തന്നെയെന്നതോത്തു മല്ലവൈരിതാൻ
അനുഗ്രഹിക്ക ചെയ്തതും മുകുന്ദരാമ പാഹിമാം.

6. പുരന്ദരൻ പുരത്തിലും വിരുന്നിനിത്ര വെണ്മയി-
ലരക്ഷണം പിരിഞ്ഞതില്ല ചെന്നുപോരുവോളവും.
മുരാരി മാം പുണന്നിതല്ലോ ഹന്ത! കണ്ടവണ്ണമേ
നിരപ്പുകേട്ട ചേരുമോ മുകുന്ദരാമ പാഹിമാം.

7. വെറുപ്പെനിക്കു മുററുമൊന്നുകൊണ്ടുമില്ല മാനസേ
നുറുങ്ങു ഖേദമുണ്ടു താനുമില്ല താനുമെങ്കിലും
പറഞ്ഞവണ്ണമെന്നതോത്തു പാത്തിരുന്നു വല്ലഭാ
കറിക്കു മൂന്നിരിക്കുമങ്ങു രാമരാമ പാഹിമാം.

8. കൊടുക്കണം കുടുംബിനീ തുണക്കവൾക്കു തണ്ഡുലം
നടന്നുകൊണ്ടിലായഹം കിടപ്പെനിക്കു കിട്ടുമോ?
കൊടുക്കുമെന്നു നിണ്ണയം നിനച്ചുകൊണ്ടു പോയതും
കടാക്ഷമില്ല യാത്രയോ മുകുന്ദ രാമ പാഹിമാം.

9. ദരിദ്രനായിരിക്കയെന്നെനിക്കു ബ്രഹ്മകല്പിതം
കഴിക്കരുതരിക്കു മങ്ങരന്നുമെന്നു നിണ്ണയം.
ഇരന്നുകൊണ്ടു ഭിക്ഷയും, നടന്നുകൊണ്ടു സത്രയും,
കഴിക്കയെന്നു കല്പനാ മുകുന്ദരാമ പാഹിമാം.

10. മനക്കുരുന്നിലിങ്ങിനേ നിനച്ചിരുന്നവണ്ണമേ
മണത്ത പൂ മരങ്ങൾ കണ്ടു ഹേമസൌധശൃംഗവും
കനകേ രത്നതോരണങ്ങൾ നാലു ഗോപുരങ്ങളും
കിനാവു കണ്ടപോലെയങ്ങു രാമരാമ പാഹിമാം.

11. വിമാനമാനയാദിയായ യാനസാധനങ്ങളും
കുമാരിമാർ നിരക്കെ നില്ക്ക, നീളെ നില്ക്ക നാരിമാർ,

അമേയകാന്തി പൂണ്ടെഴുന്ന കാന്തരോടു ചേൎന്നുടൻ
സുമന്ദഹാസ വിഭ്രമം മുകുന്ദ രാമ പാഹിമാം.

12. ഇടക്കമെദ്ദളങ്ങളിത്തരങ്ങൾ കൊട്ടമാറു പ-
ന്തടിക്കമാറു ചിന്തുപാടിയാടുമാറു നാടകം
നടിക്കമാറു ബാലമാതരിങ്ങിനേ വിശേഷമു-
ണ്ടൊട്ടുക്കമില്ലയാതെ കാഴ്ച രാമരാമപാഹിമാം.

13. രമാസമാനയായ് ചമഞ്ഞ ഭാൎയ്യയാവിതെന്തുവാൻ
പിഴച്ചു പിന്നെയും മുകുന്ദ മന്ദിരത്തിലാകയോ?
നമശ്ശിവായ വിശ്വലോകനായകൻെറ മായയോ?
നിമിത്തമെന്തിതിന്നു ഹന്ത രാമരാമപാഹിമാം.

14. ഉഴക്കുനെല്ലിടിച്ചുകാഴ്ച വെച്ചുകണ്ടതിൻ ഫലം
പിഴച്ചു കാററടിച്ചുവന്നണഞ്ഞ കപ്പൽപോലെയും
മുഴത്ത കാറെടുത്തുവന്നു പെയ്ത മാരിപോലെയും
പൊഴിഞ്ഞിതിന്നു ഭൂതിയും മുകുന്ദരാമപാഹിമാം.

15. എനിക്കു മറെറാരുത്തരല്ല ഹന്ത തന്നതിങ്ങിനേ
മുനീന്ദ്രവന്ദിതാംഘ്രി, ഞാനപേക്ഷിയാതെ താനറി-
ഞ്ഞനുഗ്രഹിക്ക ചെയ്തതും കൃപാംബുരാശി നൂനമെ-
ന്മനസ്സിലേ വെറുപ്പു കണ്ടു രാമരാമപാഹിമാം.

16. ഇവണ്ണമുള്ള വിസ്മയങ്ങൾ കണ്ടു കണ്ടു ഭൂസുരൻ
യദൃഛ്ശമേ നടേത്തതിൽ പതിന്മടങ്ങു ഭക്തി പൂ-
ണ്ടതിക്രമിച്ച മായയേജ്ജയിച്ചുകൊണ്ടു തദ്വിജൻ
സദാലപൽ കഥാ ഹരേമ്മുകുന്ദരാമപാഹിമാം.

17. നിറത്തൊടങ്ങൊരോരൊ കൌശലങ്ങൾ നോക്കി നില്ലു [വേ
നിറക്കുടം സുവൎണ്ണദീപ താലതണ്ഡുലാദിയും
ധരിച്ചു വന്നെതിൎത്തുകൊണ്ടു ബാലമാതരാദരാൽ
നിറച്ചുവെച്ചു വാൎത്തിനാർ മുകുന്ദരാമപാഹിമാം.

18. കുളിപ്പതിന്നു ആടുനീരു കാച്ചിവെച്ചൊരുക്കിയും
അടുത്തപേരൊടൊത്തുമെണ്ണ തേച്ചുകൊണ്ടു മെല്ലവേ
കുളിച്ചുടൻ അലങ്കമുണ്ടു ടുപ്പതിന്നി,ണപ്പുട
കടുക്കനേ അകത്തുപുക്കു രാമരാമപാഹിമാം.

19. അടുത്ത കൎമ്മമൊക്കയും കഴിച്ചു വിപ്രരോടുടൻ
എടുക്ക ചോറു പസ്തരിക്ക, കാദളം ഗുളങ്ങളും
എടുത്തു താൻ കുടിക്കുനീരു കൃഷ്ണനെ സ്തുതിക്കയും
അടുത്തവണ്ണമൂട്ടിനാർ മുകുന്ദരാമ പാഹിമാം.

20. ദെയ്യവന്നു രണ്ടു വാട്ടിവെച്ചു പത്രമന്യഥാ
സദാരമദ്വിജോത്തമം സുവൎണ്ണപീഠസ്ഥിതം
സുധാരസോപമാന പായസാദിയൂട്ടിനാ-
രുദാരരായി നാരിമാർ മുകുന്ദരാമ പാഹിമാം.

21. തഥാപി ചെററിളക്കമില്ല ചിത്തകാമ്പിലദ്വിജ-
ന്നധോക്ഷജാംഘ്രിപംകജം ഭജിക്കകൊണ്ടു സാദരം
മദംതുടങ്ങിയുള്ളതൊക്കെയുള്ളിൽനിന്നു പോയ്ക്കഴി-
ഞ്ഞസംഗനായ് ചമഞ്ഞിതാശു രാമരാമപാഹിമാം.

22. അകാമനായനന്തരം വിധിച്ച കൎമ്മ നിഷ്ഠയാ,
മുകുന്ദസേവയാ, തഥാ വിശുദ്ധയാ ച ഭാൎയ്യയാ,
നികേതരക്ഷണാദി ചെയ്തിരിക്കവേ ജഗന്മയം
ജഗാമ പുംസുഖാത്മകം മുകുന്ദരാമ പാഹിമാം.

23. ഇരന്നവൎക്കു ഭിക്ഷയും വരുന്നവൎക്കു സദ്യയും
പെരുവഴിക്കു കൂപവും ഉടജശാല വേലയും
ഇരുന്നകാലമിങ്ങിനേ കഴിച്ചുകൊണ്ടു ഭൂസുരൻ
ധരിച്ചുകൊൾക ഏവരും മുകുന്ദരാമ പാഹിമാം.

24. ദരിദ്രനായിരിക്കിലും ധനംമുഴുത്തുകൊൾകിലും
ഹരിഹരൻെറ നാമമൊന്നു ഭക്തിയാൽ ജപിച്ചിടിൽ
ഇരിക്കിൽ വേണ്ടതെത്തിടും മരിക്കിൽ മോക്ഷവുംവരും
ധരിച്ചുകൊൾക ഏവരും മുകുന്ദരാമ പാഹിമാം.

25. അരക്ഷണം മിനക്കെടാതെ ഭക്തിയോടു കൃഷ്ണനെ
സ്തുതിപ്പവൎക്കു നല്ലതെന്നറിഞ്ഞുകൊൾക ഏവരും
ദരിദ്രനാം കുചേലനിക്കുബേരതുല്യനാവുമെ-
ന്നൊരുത്തനോൎത്തിരുന്നിതോ മുകുന്ദരാമ പാഹിമാം.

26. മുകുന്ദഭക്തവത്സലത്വമക്കുചേല ഭക്തിയും
പുകഴ്ന്നു പാടുവോൎക്കു പാരിലുള്ള ദുഃഖമൊക്കയും

അകന്നുപോമതില്ലകില്ല, മല്ലവൈരി താൻ തെളി-
ഞ്ഞകക്കരുന്നിൽ വാഴമാസ്തു രാമ രാമ പാഹിമാം.

27. മുകുന്ദ! കേശവാഖിലേശ! കൃഷ്ണ! രാമ! പാഹിമാം
ജഗന്നിവാസ! വാസുദേവ! ദേവദേവ! പാഹിമാം
ശിഖണ്ഡിബാലബർഹശേഖരാഘനാശ! പാഹിമാം
രഘുപ്രവീര! രാമചന്ദ്ര! രാമരാമ പാഹിമാം.

കുചേല വൃത്തം സമാപ്തം.

വേലും മയിലും മുൻനടക്കം.

ഗുരു സാക്ഷി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# ടിപ്പണി.

## ഒന്നാം വൃത്തം.

---

1. ഘോരതരമായി + അസുരവീരർ. ചമച്ചു എന്നതിലെ "ച്ച" കൂട്ടക്ഷരമാണെങ്കിലും അതുനിമിത്തം അതിൻെറ മുമ്പിലുള്ള "മ" എന്ന അക്ഷരം ഗുരുവാവാൻ പാടില്ലാത്തതിനാൽ "ചു" എന്നതുപോലെ ചൊല്ലണം. പഴയ ദ്രാവിഡവൃത്തങ്ങളിൽ ഈ സമ്പ്രദായം സാധാരണ കാണാം.

2. അയത്നം = യത്നം (: — അധ്വാനം — ക്ലേശം) കൂടാതെ. ഇത്, പണിതീൎത്തു എന്ന ക്രിയയുടെ വിശേഷണമാകുന്നു.

3. വേറുതിരിച്ച് = വേർതിരിച്ച് — ഇതിലെ- "തിരിച്ചങ്ങു" എന്ന ദിക്കിലുള്ള "ച്ച" കൂട്ടക്ഷരമാണെങ്കിലും അല്ലാത്തതുപോലെ ശ്ലഥമായി ചൊല്ലി അതിൻെറ മുമ്പിലത്തെ അക്ഷരം ഗുരുവാവാതെ കഴിക്കണം. "മാടങ്ങളും" ഇവിടെയും — "മാടങ്ങളു" എന്നപോലെ ചൊല്ലണം. കുറുപിശകാതെ = ലേശമെങ്കിലും പിഴപററാതെ. ഏററിനനിറത്തൊടു = വളരെ നിറമുള്ള. പതാകകൾ = കൊടിക്കൂറകൾ. കൂറകളും = വസ്ത്രങ്ങളും (വിതാനത്തിന്ന്) "കൂറകളും" എന്നത് അനുസ്വാരമില്ലാത്തതുപോലെ "കൂറകളു" എന്നു ചൊല്ലണം. "ഹരി കൃഷ്ണ!" എന്നതു "മേളം" എന്നതിനോടു യോജിപ്പിച്ചു വൃത്തത്തിന്നൊപ്പിക്കാൻ വേണ്ടി "മേളമരി കൃഷ്ണ! എന്നാക്കിയിരിക്കുന്നു.

4. ഷോഡശസഹസ്രവരനാരികളൊട് = 16 ആയിരം ഉത്തമസ്ത്രീകളോട്. ഉൾച്ചേൎന്ന് = മനമിണങ്ങി. ഏടലർ ശരാമയം = കാമപീഡ. (ഏടലർ = പുഷ്പം) "ആമയവും" എന്ന പദത്തിലെ അനുസ്വാരം ഇല്ലാത്തതുപോലെ ചൊല്ലണം. ഇളകൊണ്ടാൻ = ഭ്രമിവാണു. ഇളകൊള്ളുക എന്നതിന്നു മുളക്കുക, ഉണ്ടാവുക മുതലായ അൎത്ഥങ്ങളിലും പ്രയോഗം കാണാം. ആടിമുകിൽവൎണ്ണൻ = ആടിമാസത്തിലെ (കൎക്കിടകമാസത്തിലെ) മുകിൽപോലെ വൎണ്ണമായിട്ടുള്ളവൻ.—ആടിമാസമെന്നത് തമിഴ്മാസമാകുന്നു. മലയാളത്തിൽ ഇപ്പോൾ പറഞ്ഞുവരുന്ന മേടം ഇടവം മുതലായ മാസങ്ങൾ സംസ്കൃതമാസങ്ങളാ

കുന്നു. സംസ്കൃതത്തിൽ തന്നെ രണ്ടുതരം മാസങ്ങളും നടപ്പുണ്ട്. നാളും പക്ഷവും കണക്കാക്കുന്നത് ചന്ദ്രനെ നോക്കീട്ടാണല്ലോ. അതുപോലെ രണ്ടു പക്ഷം കൂടിയത് ഒരു മാസമെന്നും കണക്കാക്കിയിരുന്നു. അങ്ങിനെയുണ്ടാവുന്ന മാസം 12 കൂടിയതു കൊല്ലം എന്നു കണക്കാക്കുമ്പോൾ സൂൎയ്യന്റെ സ്ഥിതിക്ക് യോജിച്ചിരിക്കാത്തതിനാൽ പിന്നെ സൂൎയ്യനെ നോക്കി മാസങ്ങളേൎപ്പെടുത്തി. അതാണ് മേടം മുതലായവ. അവകൾ സൌരമാസങ്ങളെന്നു പറയുന്നു. ചന്ദ്രന്റെ ഗതിക്കനുസരിച്ചു കണക്കാക്കിയ മാസങ്ങളായിരുന്നു അതിന്നു മുമ്പുണ്ടായിരുന്നത്. അവകൾ ചാന്ദ്രമാസങ്ങളെന്നും പറയും. ഒരു കറുത്ത വാവു കഴിഞ്ഞ വെളുത്ത പ്രഥമമുതൽ പിന്നെത്തെ കറുത്ത വാവുവരെ ഒരു മാസം എന്നായിരുന്നു ആ കണക്ക്. എന്നാൽ അങ്ങിനെ കണക്കാക്കുമ്പോൾ അതാതുമാസം വെളുത്തവാവ് ഏതു നാളിനോടു ചേൎന്നുവരുന്നുവോ ആ നാളിന്റെ പേർ ആ മാസത്തിന്നും പറഞ്ഞിരുന്നു. അങ്ങിനെ—ചിത്രയും വെളുത്തവാവും കൂടി വരുന്ന മാസം "ചൈത്രം". അതിന്നു ശരിയായ തമിഴമാസം "ചിത്തിര". അതു ഇപ്പോഴത്തെ കണക്കിൽ വരുന്നത് മീനത്തിലെ വെളുത്ത പ്രഥമമുതൽ മേടത്തിലെ കറുത്ത വാവുവരെ.—ഇനി ഈ കണക്കിൽ 12 മാസത്തിന്നും ഒരു പട്ടിക വിവരിക്കാം.

| സംസ്കൃത മാസം | തമിഴ മാസം | അതിന്നു ശരിയായ മേടം മുതലായ മാസങ്ങൾ വെളുത്ത പ്രഥമ—കറുത്തവാവ് | പേരുവരാൻ സംഗതി. അല്ലെങ്കിൽ ചേൎന്നനാളിന്റെ വിവരം. |
|---|---|---|---|
| ചൈത്രം | ചിത്തിര | മീനം — മേടം | വെളുത്തവാവ് ചിത്രനാളിൽ |
| വൈശാഖം | വൈകാശി | മേടം — ഇടവം | ,, വിശാഖത്തിൽ |
| ജ്യേഷ്ഠം | ആനി | ഇടവം — മിഥുനം | ,, കേട്ടയിൽ |
| ആഷാഢം | ആടി | മിഥുനം — കൎക്കിടകം | ,, പൂരാടത്തിൽ |
| ശ്രാവണം | ആവണി | കൎക്കിടകം — ചിങ്ങം | ,, തിരുവോണത്തിൽ |
| പ്രോഷ്ഠപദം | പുരട്ടാശി | ചിങ്ങം — കന്നി | ,, പൂരുരുട്ടാതിയിൽ |
| ആശ്വിനം | ഐപ്പശി | കന്നി — തുലാം | ,, അശ്വതിയിൽ |
| കാൎത്തികം | കൃത്തിക | തുലാം — വൃശ്ചികം | ,, കാൎത്തികയിൽ |
| മാൎഗ്ഗശീൎഷം | മാർകഴി | വൃശ്ചികം — ധനു | ,, മകീരത്തിൽ |
| പൌഷം (തിഷ്യം) | തൈ | ധനു — മകരം | ,, പൂയത്തിൽ |
| മാഘം | മാശി | മകരം — കുംഭം | ,, മകത്തിൽ |
| ഫാൽഗുനം | പംഗുനി | കുംഭം — മീനം | ,, ഉത്രത്തിൽ |

ആടിമാസം മിഥുനത്തിൽ ആരംഭിക്കുമെങ്കിലും അതിൻെറ പ്രധാനഭാഗം കക്കിടകത്തിലാകയാലും വഷക്കാലം എന്നു പറയുന്ന വഷളുതു ആടിമാസത്തിലാകയാലും കക്കിടകമാസമെന്നതിന്നു ആടിമാസമെന്നു പറഞ്ഞു എന്നേ ഉള്ളു.

5. വാത്=വീരവാദം. പതവിച്ചു=മത്സരിച്ചു. തോല്ലും പോൾ ഓരോ വീരവാദം പറഞ്ഞു മത്സരിച്ചു എന്നത്ഥം.

6. ചെംതഴകൾ=ചെമ്മുള്ള (ഭംഗിയുള്ള) തഴകൾ. "ചെന്തഴകൾ" എന്നതിന്നു ചുവന്ന തഴകൾ എന്നും അത്ഥം പറയാമെങ്കിലും നീലത്തഴ എന്നല്ലാതെ ചുവന്ന തഴ എന്നു പ്രസിദ്ധിയില്ലാത്തതിനാൽ ഭംഗിയാണെന്നു തോന്നുന്നില്ല. "ഇരുന്നു" എന്നത് "ഇരുന്ന" എന്നപോലെ ചൊല്ലണം. "ചിന്തുകളും" എന്ന ദിക്കിൽ അനുസ്വാരമില്ലാത്തതുപോലെ വിചാരിക്കണം. ചിന്ത്=പാട്ട് (മൂളിപ്പാട്ട്) നടമാടും=നൃത്തംവെക്കും. (വിലസും എന്നത്ഥം.)

7. പ്രാണനിയമാദികൾ=പ്രാണായാമം മുതലായവ. കരുമിക്കുക=കമ്മം ചെയ്യുക. കോണകമുടുത്ത്=തററുടുത്ത്.

9. "കമ്പിടുന്നു" എന്നത് "കമ്പിടുന്ന" എന്നതുപോലെ ചൊല്ലണം. അക്കരങ്ങൾ കൊണ്ടിതു=ആ കരങ്ങൾ കൊണ്ടു. കൊണ്ടു=ഉപയോഗപ്പെടുത്തി.

10. ഗന്ധറുവപാളി = ഗന്ധവ്വന്മാരുടെകൂട്ടം. പന്തി= ക്രമം. പിശകാതെ=തെററാതെ. പന്തിയിൽ=കൂട്ടമായി.

11. ഭാഗമൊടു=ഭാഗം ഭാഗമായി (ഓരോ വഗ്ഗമായി) "നാഗങ്ങളു" എന്നത് "നാഗങ്ങള" എന്നതുപോലെ ചൊല്ലണം—പിന്നെത്തെ നാലക്ഷരം കാണ്മാനില്ല. സാഹചയ്യം കൊണ്ട് "ഗുഹ്യകരു" എന്നാണെന്ന് ഊഹിക്കാം. "പദങ്ങൾ" "ജനങ്ങൾ" ഇവിടങ്ങളിലും "ങ്ങ" ദ്വിത്വമില്ലാതെ "ങ" എന്നായി ഉച്ചരിക്കണം.

12. ചിത്രതരമായി കുഴലുമൂതിക്കൊണ്ട് നടമാടുന്ന (നൃത്തംവെക്കുന്ന) അത്ഭുതങ്ങൾ. "അത്ഭുതങ്ങൾ," "കണ്ടവക്ക്" ഇവയിലെ "ങ്ങ" "ക്ക" ഇവയും ദ്വിത്വമില്ലാത്തവിധം ഉച്ചരിക്കണം.

13. നിറന്നാൻ=ശോഭിച്ചു. ആശ്ചരിയം=ആശ്ചയ്യം. [വരിഷം, ദുരിയോധനൻ എന്നൊക്കെ കവികൾ സ്വാതന്ത്ര്യമായുപ

യോഗിക്കുന്നു]. നാരദന്നു ആശ്ചയ്യമായി—പതിനാറായിരത്തെട്ടു ഭായ്യാഗൃഹത്തിലും പല വ്യാപാരങ്ങളിലേപ്പെട്ടുകൊണ്ട് ഒരേ അവസരത്തിൽ കൃഷ്ണനെ കണ്ടതിനാൽ നാരദൻ ആശ്ചയ്യപ്പെട്ടു. "സൂയ്യനുദകങ്ങളിൽ വിളങ്ങിനതുപോലെ നാരികൾ പുരംപ്രതി പുരംപ്രതി നിറന്നു" എന്ന ഉപമ നന്നായിരിക്കുന്നു. ഇതു കാണുമ്പോൾ അദ്ധ്യാത്മരാമായണത്തിലെ—"നാനാ രൂപങ്ങളായി തോന്നുന്നു ലോകത്തിങ്കൽ ഭാനുമാൻ ജലം പ്രതി വെവ്വേറെ കാണുംപോലെ" എന്ന ഉപമയും, ശ്രീകൃഷ്ണചരിതത്തിലെ—"അംഭസ്സിലാകാശതലം കണക്കെ" എന്ന ഉപമയും ഓർമവരുന്നു.—

14. കുരള=ഏഷണി. നുറുങ്ങ്=ലേശം. മറിവ്=മായം—കപടം. ഈവിധം പറയുന്നതെല്ലാം നാരദൻ കപടം പറയുന്നതാണ് എന്നു മനസ്സിലാക്കി, അവർ പറഞ്ഞാലൊന്നതിനു കേൾക്കുകയുമില്ല=എന്തു പറഞ്ഞാലും അതിന്നൊന്നും അവർ ശ്രദ്ധവെക്കുകയുമില്ല.

15. ശൈബ്യ=രുഗ്മിണി. താല്പരിയം=താല്പയ്യം. സുരസേന=സു+രസേന=നല്ല രസത്തോടെ. "കളിച്ചിരുന്ന" എന്നത് "കളിച്ചിരുന" എന്നതുപോലെ ചൊല്ലണം.

16. ചെറിയന്ന്=കുട്ടിയായിരിക്കുംപോൾ. ഓതിനൊരുനാളിൽ=പഠിച്ചുകൊണ്ടിരിക്കുന്ന കാലത്ത്—വേദം പഠിച്ചുകൊണ്ടിരിക്കുന്ന കാലത്ത്. ഓത്ത്=വേദം. ഓതുക=വേദംചൊല്ലുക. ഓതിനൊരു നാളിൽ=ഓതിക്കൊണ്ടിരിക്കുന്ന കാലത്ത്. "കഴിഞ്ഞാറെ" എന്നുള്ളത്, "കഴിഞ്ഞാറെ" എന്നതുപോലെ ചൊല്ലണം. വേർതിരിഞ്ഞു=വിട്ടുപിരിഞ്ഞു.

17. സൽകുശലൻ=സൽകുശലത്തോടു കൂടിയവൻ—നല്ല ക്ഷേമത്തോടു കൂടിയവൻ. (സത്തിൽ=നല്ലതിൽ—നല്ല വഴിയിൽ കുശലൻ=സമത്ഥൻ എന്നുമാവാം) സൽക്രിയകൾ=സൽകമ്മങ്ങൾ.

18. ജനാൎദ്ദനൻ=ജനങ്ങളെ അൎദ്ദിപ്പിക്കുന്നവൻ—സന്തോഷിപ്പിക്കുന്നവൻ. ദിവേശൻ=ദിവത്തിന്റെ—സ്വൎഗ്ഗത്തിന്റെ ഈശൻ—നാഥൻ.

ഒന്നാം വൃത്തം കഴിഞ്ഞു.

---

## രണ്ടാം വൃത്തം.

ഇതാരംഭിക്കുന്നത് ബ്രാഹ്മണസ്ത്രീയുടെ ആവലാതികളെ കൊണ്ടാകുന്നു.

1. വശത്ത് + ഇന്ന് കണ്ടീല = നിവൃത്തി കണ്ടില്ല. എനിക്കാവതില്ലേ = ഞാൻ വലഞ്ഞു.—എന്നെക്കൊണ്ടു വയ്യ—എനിക്കു വയ്യ. ഇനിയത്തെ വാക്യങ്ങൾ കുചേലനെ ഉദ്ദേശിച്ചു പറയുന്നതാകുന്നു.

2. ഇരിപ്പ് = സ്ഥിതി. നിരപ്പ് = ഇണക്കം—സ്നേഹം. ദാരിദ്ര്യവും ഓൎത്താലും. തരാതോ = തരില്ലയോ? ധരാജീവനാഥൻ = വിഷ്ണു. (ധരയുടെ = ഭൂമിയുടെ:—ഭൂമീദേവിയുടെ ജീവനാഥൻ = ഭൎത്താവ്.)

3. യാത്രാക്കുകില്ല = യാത്രയാക്കുകയില്ല.—വേഗം പറയുംപോൾ കേൾക്കുന്ന രൂപത്തിൽ ഈ വാക്കുപയോഗിച്ചിരിക്കുന്നതാകുന്നു. അങ്ങ് + ആശ്രയം കേട്ടുചെന്നാൽ = അവിടത്തെ ആശ്രയമപേക്ഷിച്ചു ചെന്നാൽ. അതും കേട്ടുകൂടാ = അതെങ്കിലും ചോദിച്ചുകൂടാ.

ചെന്നു ചോദിച്ചാൽ—

4. തുകിൽ = വസ്ത്രം. വഴങ്ങുന്നത് = നൽകുന്നത്.

5. ഉഴക്കുന്ന നേരം = ഉഷക്കുന്ന നേരം—ഉഷസ്സിൽ—ഉദിക്കുമ്പോൾ. ഴകാരം, ഷകാരത്തിന്നു പകരം ഉപയോഗിച്ചിരിക്കുന്നു. ഇങ്ങിനെതന്നെ ചുരുക്കം ചില വാക്കുകളിൽ 'ഴ'കാരത്തിന്നു പകരം 'ഷ'കാരമുപയോഗിക്കയും പതിവുണ്ട്. ഉദാഹരണം. പോഴൻ എന്നതിന്നു പകരം ഭോഷൻ എന്നു പറയുന്നു. അഭിപ്രായമുള്ളു = മനസ്സുള്ളു. ഇങ്ങിനെയൊക്കെ കൂടേണമെന്നല്ലാതെ കുടുംബസ്ഥിതിയെപ്പററി യാതൊരു ചിന്തയുമില്ല എന്നൎത്ഥം.

6. ഇതുമുതൽ കുചേലൻെറ വാക്യമാകുന്നു. ഭാൎയ്യാം പറഞ്ഞു = ഭാൎയ്യയോടു പറഞ്ഞു.

7. വ്രതം = യാചിക്കയില്ലെന്നുള്ള വ്രതം. (നിത്യകൃത്യങ്ങൾ എന്നുമാവാം). കനക്കെ = വളരെ. മധുദ്വേഷി = മധു എന്ന അസുരൻെറ ശത്രു.

8. പോകിൻറു=പോകുന്നു. പഴയകാലത്ത്—"ന്നു" എന്ന പ്രത്യയത്തിന്നു പകരം—"ഇൻറു" എന്നാണുപയോഗിച്ചിരുന്നത്. തിരു + കാഴ്ച— തിരുമുൽകാഴ്ച എന്നൎത്ഥം. ഈ വാക്കു ചുരുങ്ങി നാടോടിഭാഷയിൽ തിരുക്കാഴ്ച എന്നും ആവാറുണ്ടു. തേവാരം = കീൎത്തനം — ജപംമുതലായവ.

9. ചുവന്നു കിഴക്കേടം = കിഴക്കുഭാഗം ചുവന്നു.—സൂൎയ്യോദയമായിത്തുടങ്ങി. കണ്ടോർ കൊട്ടത്തുള്ള = വല്ലവരും കൊട്ടത്തിട്ടുള്ള.

10. കുചേലനു + ഇത് + അമ്പോട്. ഘനശ്യാമളം = മേഘംപോലെ ശ്യാമളനായ.

11. മിനക്കെട്ട = ഇടവിടാതെ. താനെ = ഒററക്ക്.

12. ഈ പദ്യത്തിന്നു, ഇതിന്നു മുമ്പും പിമ്പുമുള്ള പദ്യങ്ങളോടു യോജിപ്പു പോരായ്കയുണ്ടു. ഒരു സമയം കുചേലൻ വഴിക്കു കണ്ടെത്തിയ വല്ലവരുടേയും സംസാരത്തിൻെറ ഒരു ഭാഗമായിരിക്കാം. അതിലെ മററു ഭാഗങ്ങൾ പോയ്പോയിരിക്കുന്നു എന്നും വരാം. അതല്ലാതെ, കുടുംബത്തിലെ കഷ്ടപ്പാടും ദാരിദ്ര്യവുംപോലുമറിയാതെ, ഭക്തനും വിരക്തനുമായി കഴിഞ്ഞുകൂടിയിരുന്ന കുചേലൻ പുറത്തിറങ്ങിയപ്പോഴേക്ക് സദ്യ അന്വേഷിച്ചുതുടങ്ങി എന്നു വരുന്നതു കുറച്ചു അയുക്തമായി തോന്നുന്നു. ആ + ഇടത്ത് + ഉണ്ട്. കോയിൽ = കോവിൽ = ക്ഷേത്രം. ഈ പദ്യം രണ്ടാളുടെ സംഭാഷണരൂപത്തിലാണിരിക്കുന്നത്.

13. തുടുക്കുന്നു = ചുവന്നുകൊണ്ട് (ഉള്ള) കൊടിക്കൂറ.

14. വരത്ത = വരവ്. എശോദാത്മജൻ = യശോദാത്മജൻ. പദ്മജാവല്ലഭൻ = ലക്ഷ്മീപതി. വിശേഷിച്ചുനോക്കി = സൂക്ഷിച്ചുനോക്കി.

15. മുഴങ്ങാൽത്തഴമ്പ് = മുഴങ്ങാലിന്മേലുള്ള തഴമ്പ് (സ്വാധ്യായത്തിന്ന് ഇരുന്നിരുന്നുണ്ടായത്.)

16. മദംപെട്ട = മദിച്ച. കദംപെട്ട = കോപിച്ച (ചൊടിച്ച) ചൊടിയുള്ള (തമിഴ് വാക്ക്). ആൎദ്ര, അശീൎഷം എന്നിവകളിലെ അകാരം യകാരമായി ഉച്ചരിക്കണം.

17. അവീടുന്ന് = അവിടുന്ന്. (വൃത്തത്തിൻെറ യോജിപ്പിന്നു വേണ്ടി "വീ" എന്നാക്കിയിരിക്കുന്നതാകുന്നു. നീള = നീളെ.

18. ഉവന്ന്=വാത്സല്യത്തോടെ—സ്നേഹത്തോടെ. ദ്വവാരാധിനാഥൻ=ദ്വാരാധിനാഥൻ=ദ്വാരകാധിപൻ.

19. പ്രിയാശോഭിതമ്മാറിടത്തിൽ=പ്രിയയെക്കൊണ്ട്,:—പ്രിയയായ മഹാലക്ഷ്മിയെക്കൊണ്ടു ശോഭിക്കുന്ന തൻെറ മാറിൽ. ഇയൽക്കുന്ന=ഏല്ക്കുന്ന. ഈ ഭാഗം ഭക്തനായ കുചേലനിലുള്ള സ്നേഹാധിക്യം സൂചിപ്പിക്കുന്നു.

20. പാദശൌചാദി=പാദശൌചം—കാൽ കഴുകുക--മുതലായവ. ആദരേണ+ആധിതീർത്ത്. തജ്ജലം=ആ വെള്ളം.

21. പയഃഫേനപോലെ=പയസ്സിൻെറ ഫേനംപോലെ—പാൽനുരപോലെ.—"ഫേനം"പോലെ എന്നു വേണ്ടതാണെങ്കിലും വൃത്തത്തിന്നൊപ്പിക്കുവാൻ വേണ്ടി കവി സ്വാതന്ത്ര്യം കാണിച്ച് "ഫേന" എന്നുപയോഗിച്ചിരിക്കുന്നു.

രണ്ടാം വൃത്തം കഴിഞ്ഞു.

---

## മൂന്നാം വൃത്തം.

1. തെളിവെഴും=തെളക്കമുള്ള—നിറമുള്ള. കുചേലം=കുചേലനെ.

3. "വൈകീലല്ലീ" എന്നത് പദ്യത്തിൻെറ പാകത്തിന്നു "വൈകിലല്ലീ" എന്നാക്കിയിരിക്കുന്നു. "സമാവർത്തനം" എന്നതു "സമാവർത്തനവും" എന്നതിൻെറ സ്ഥാനത്തുപയോഗിച്ചിരിക്കുന്നു. സമാവർത്തനമെന്നത് വേദശാസ്ത്രങ്ങൾ അഭ്യസിച്ചു മടങ്ങിവരുന്ന അവസരത്തിലുള്ള ഒരു ആചാരമാണ്. മുമ്പ് വിദ്യാഭ്യാസത്തിന്നായി ആളുകൾ ഗുരുകുലത്തിൽ ചേർന്നു താമസിക്കുകയായിരുന്നു പതിവ്. സ്വന്തംഗൃഹത്തിൽ വെച്ച് സാമാന്യവിദ്യാഭ്യാസം കഴിഞ്ഞതിന്നു ശേഷം ശാസ്ത്രങ്ങളും വേദങ്ങളും മറ്റും പഠിക്കുവാനായി ഗുരുകുലത്തിലേക്കയക്കുന്നു. ഇതിന്ന് ഉപനയനം എന്നു പറയും. ഇപ്പോഴും ബ്രാഹ്മണാദികളുടെ ഇടയിൽ നടപ്പുള്ള ഉപനയനം എന്ന കർമ്മം അതിൻെറ അവശേഷമാണ്. വേദം പഠിക്കുവാനർഹനാണെന്നു കാണിക്കുന്ന ചിഹ്നമായി പൂണൂൽ ഇടുകയും അതു സംബന്ധിച്ച ചടങ്ങുകളുമാണ് ഇപ്പോളുള്ളത്. ഗുരുകുലവിദ്യാഭ്യാ

സവും വേദശാസ്ത്രാഭ്യാസവും ഇപ്പോളില്ലാത്തതുകൊണ്ട് ഉപനയനവും ഈ ചടങ്ങുകളോടുകൂടി അവസാനിക്കുന്നു.—ഉപ+നയനം എന്ന പദത്തിന്നു സമീപത്തേക്കു കൊണ്ടുപോവുക. (ഗുരുവിൻെറ അടുക്കലേക്കു കൊണ്ടുപോവുക)എന്നാണൎത്ഥം. അതുപോലെ സമാവൎത്തനം എന്നതിന്നു വഴിപോലെ മടങ്ങിവരുക എന്നും അൎത്ഥമാകുന്നു. ഗുരുകുലവാസം കഴിഞ്ഞ്:—വേദശാസ്ത്രാദികളിൽ നിപുണനായി,—ബ്രഹ്മചൎയ്യം മതിയാക്കി ഗൃഹസ്ഥാശ്രമം സ്വീകരിച്ചുകൊള്ളുവാൻ ഗുരുവിൻെറ അനുവാദം ലഭിച്ചു സ്വഗൃഹത്തിലേക്കു തന്നെ മടങ്ങിവരുന്നതാകുന്നു സമാവൎത്തനം. ഇപ്പോൾ ഉപനയനംപോലെ ഇതും ഉപനയനശേഷം പിന്നെ അടുത്ത മുഹൂൎത്തത്തിൽ നടത്തുന്ന ഒരു ചടങ്ങെന്നായിത്തീൎന്നിട്ടുണ്ട്.

5. അതെല്ലാമങ്ങിനെയല്ലി=ഇവിടെ "അതെല്ലമങ്ങിനെയല്ലി" എന്നേ ചൊല്ലുവാൻ പാടുള്ളു. ഇത് ആകപ്പാടെ കുടുംബക്ഷേമവൎത്തമാനം അന്വേഷിച്ചിരിക്കുന്നതാകുന്നു.

8. സമിധ=വിറക്—ചമത. എന്ന് + ഒട്ട=ഒട്ടുവിൽ. ചിത്തത്തിങ്കൽ നിനച്ചു എന്നെ സന്ധ്യാകൎമ്മങ്ങൾ ബന്ധിക്കാ=മനസ്സിൽ എന്നെ ധ്യാനിച്ചാൽ മതി; എന്നാൽ സന്ധ്യാകൎമ്മങ്ങളൊന്നുമില്ലെങ്കിലും വേണ്ടില്ല; ആ വകയൊന്നും എനിക്കു ബാധകമല്ല.

9. "പൂട്ടിക്കൈക്കെട്ടി" എന്നതിൻെറ തുടൎച്ചയായിട്ടുള്ളത് വിട്ടിരിക്കുന്നു.—കൈ കെട്ടിപ്പൂട്ടിപ്പിടിച്ചുകൊണ്ട് (ഭയവും പരിഭ്രമവും കാററും മഴയും നിമിത്തം) വിട്ടുപോയത്—"നാമിരുന്നതും" എന്നായിരിക്കണം.

10. ആട്ടത്തിന്നു പ്രസിദ്ധി മയിൽപേടക്കല്ല. ഇവിടെ മയിൽപേട എന്നുണ്ടെങ്കിലും മയിൽ എന്നേ ഉദ്ദേശമുള്ളു. കോട=മഴക്കാറ്. പഴിഞ്ഞാറൻകാററ് എന്നും മഴക്കാററ് എന്നും അൎത്ഥമുണ്ട്. ചൂടുവാനില്ല=തല മറക്കുവാനില്ല.—കുടയില്ല. (കുട ചൂടുക എന്നു സാധാരണ പറയാറുണ്ട്) മൂടുവാൻ=പുതപ്പാൻ—ഏതുമേ ഇല്ല എന്നൎത്ഥം. കോടി=തണുത്തു കോടി—ചൂളിപ്പിടിച്ച്

11. വരിയറക്കുഴി=വരിവെട്ടുചാൽ— (വരി + അറ + കുഴി)

വെള്ളം പൊറുതികൂടാതെ=വെള്ളം സഹിക്കാൻ വയ്യാതെ. അലറിടുന്ന ഇടിമിന്നല്=ഇടിയും, മിന്നലും. മിന്നൽ കേൾക്കാൻ വയ്യെങ്കിലും പറയുംപോൾ ഇടിയും മിന്നലും കേട്ടു എന്നു പറയാറുണ്ട്. ആ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു.

12. ആവാം=നാം രണ്ടുപേരും—അഗതികളായ നാം രണ്ടു പേരും.

13. ചിന്ത നൊന്തു=മനസ്സു തപിച്ചു. ഗുരുവും, കുടുംബിനി=അദ്ദേഹത്തിൻെറ പത്നിയും. എന്തു സംകടമായത്=എന്തു സംകടമനുഭവിക്കുന്നുണ്ടാവും. (ഇത് ആ സമയത്തു പലതും പറഞ്ഞിട്ടുള്ള കൂട്ടത്തിൽ പറഞ്ഞിട്ടുള്ളത് ഇപ്പോൾ ഓർത്തു പറയുന്നതാണ്.)—"ഇപ്പോൾ നമ്മുടെ ഗുരുവും അദ്ദേഹത്തിൻെറ പത്നിയും എത്ര മനസ്താപവും സംകടവുമനുഭവിക്കുന്നുണ്ടാവും ഈശ്വര!" എന്നു നമ്മൾ പറഞ്ഞില്ലേ?—എന്നർത്ഥം. നൊന്തു നൊന്ത്=വ്യസനിച്ചു വ്യസനിച്ച്.

14. കാട്ടിലെ ക്രൂരജന്തുക്കളോടുള്ള അപേക്ഷയാണ്:— നിങ്ങളെല്ലാവരും ഇന്നു രാത്രി കഴിയുന്നതുവരെ—ഈ ഒരു രാത്രി മാത്രം—കേട്ടു കൂടാതെ ഞങ്ങളെ രക്ഷിച്ചുതരണം.— ഞങ്ങളെ ഒന്നും ചെയ്യാതെയിരിക്കണം.

15. കോഴി കൂകിത്തുടങ്ങി; കാക്ക കരഞ്ഞു തുടങ്ങി; സ്ത്രീകൾ വെള്ളം കോരിത്തുടങ്ങി എന്നുള്ളത് — കൂകുന്നു, കരയുന്നു, കോരുന്നു എന്നുപയോഗിച്ചിരിക്കുന്നതിനാൽ കീഴിൽ കഴിഞ്ഞ ആ സംഭവം ഇപ്പോൾ നടക്കുംപോലെ തോന്നുന്നതിനെ സൂചിപ്പിച്ചിരിക്കുന്നു. (ഈ വകയെല്ലാം) കേട്ടിട്ട് (പുലൎന്നു തുടങ്ങിയതായറിഞ്ഞ്) എന്നർത്ഥം. വഴിയെ നടകൂടി=വഴിയിൽക്കൂടെ നടന്നുതുടങ്ങി. (വഴി കണ്ടെത്തി എന്നർത്ഥം)

16. തലയിൽ തൊട്ട്=അനുഗ്രഹിച്ച്. അവർ=ഗുരുവും ഗുരുപത്നിയും. ഈ പദ്യത്തിൽ ഗുരുഭക്തി പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു.

20. നൽകിൻെറു=നൽകുന്നു. നൽകുന്നുണ്ട് എന്നർത്ഥം (പഴയ പ്രയോഗരീതി) അരുമ=വാത്സല്യം—സ്നേഹം—സ്നേഹത്തോടെ എന്നർത്ഥം. നൽകിൻെറു എന്നതിനെ വിശേഷിക്കുന്നു. ചെല്ലുംപോൾ=ചെല്ലുംപോഴേക്ക്.

22. സ്വാഭാവിക വർണ്ണനം.—പൃഥുകം=അവിൽ. കദളിക്കനി=വാഴപ്പഴം.

23 സാധുക്കൾ=സജ്ജനങ്ങൾ.

24. ഒരു പോങ്ങ=ഒരു പിടി. അമൃതുചെയ്തിട്ട്=തിന്നിട്ട്. ആഞ്ഞപ്പോൾ=ഭാവിച്ചപ്പോൾ. മധുമലർ കന്നി=മഹാലക്ഷ്മി:—രുഗ്മിണി. (മധുവുള്ള മലരിൻെറ=തേനുള്ള പുഷ്പത്തിൻെറ:—താമരയുടെ—കന്യക—മഹാലക്ഷ്മി താമരയിലുണ്ടായി എന്നാണല്ലോ പറയുന്നത്).

25. ഇതുകൊണ്ട്=ഈ തിന്ന ഒരു പിടികൊണ്ടുതന്നെ.

28. ഗോപതി=ഭൂമീപതി.—(ഗോവ്=ഭൂമി.)

മൂന്നാം വൃത്തം കഴിഞ്ഞു.

---

## നാലാം വൃത്തം.

1. ഉഴപ്പതിന്ന്=പുലരുന്നതിന്ന്. നീരും ഊത്ത്=അർഘ്യം കഴിച്ച്. അനംഗവൈരി വന്ദിതം=കാമവൈരിയായ ശിവനാൽകൂടി വന്ദിക്കപ്പെട്ടുകൊണ്ടിരിക്കുന്ന (കൃഷ്ണനെ)

2. നമശ്ശിവായയെന്നെയല്ലൊ=ഇളകാത്ത ഭക്തിയുണ്ടാവണം എന്ന ഒന്നു മാത്രമാണ്. എന്ന്=എന്നുകരുതി. തഥാ അസ്തു=അങ്ങിനെയാവട്ടെ.

3. കുചേലൻെറ വിചാരമാണ്:—പറഞ്ഞവണ്ണമല്ലയോ?= കേൾക്കുംപോലെയൊന്നുമല്ലെന്നുണ്ടോ? മറിഞ്ഞു നോക്കി നോക്കി (കൊണ്ടു) യാത്ര (ചെയ്തു).

4. നിനച്ചു (കൊണ്ടായിരുന്നു) യാത്ര. പഴിക്കും=കുററം—ആവലാതി—പറയും. പിഴച്ചതി . . . ശനം=രണ്ടായാലും ശ്രീകൃഷ്ണനെ കണ്ടത് നന്നായി.

5. മനസ്സുകേട്=അപ്രിയം—വെറുപ്പ്. കിഞ്ചിൽ+ഇല്ല. ഈ മാതിരി സന്ധി ഭംഗിയല്ലെങ്കിലും നടപ്പുണ്ടായിരുന്നു. മാം പ്രതി=എൻെറ നേരെ. ഇതി=ഇപ്രകാരം.—ധനം തരാതിരുന്നത് അനുഗ്രഹമാണെന്നു വിചാരിക്കുന്നു.

6. പുരന്ദരൻപുരം=ഇന്ദ്രലോകം. വെണ്മ=വെടിപ്പ്.

ചെന്നു = ചെന്നിട്ട്. കണ്ടവണ്ണമേ = കണ്ടപ്പോഴേക്ക്. നിരപ്പുകേട്=സ്നേഹഭംഗം.

7. നുറുങ്ങുഖേദം ഉണ്ടുതാനും ഇല്ലതാനും=ലേശം ഖേദം ഉണ്ടെന്നും പറയാം ഇല്ലെന്നും പറയാം. പറഞ്ഞ വണ്ണം= പറഞ്ഞുപോന്നതുപോലെ. കറിക്കുമൂന്നിരിക്കും = കറികളുറു ക്കിയിരിക്കും. (ധനം നിശ്ചയമായും കൊണ്ടുവരും ഇനി സുഖമായി ഊണുകഴിക്കാമെന്നു കരുതി ഒരുങ്ങിക്കാത്തിരിക്കും.)

8. കുടുംബിനീതുണക്ക്+അവൾക്ക്=കുടുംബിനിയുടെതുണ (ദാസി)യായ അവൾക്ക്—(കുചേലന്ന് ഒരു നമ്പൂതിരിച്ചായ വരുത്തിയിരിക്കുന്നു.) തണ്ഡുലം = അരി. നടന്നുകൊണ്ടി ലാ = ഭിക്ഷക്ക് നടന്നുകൊണ്ടില്ല. കിടപ്പെനിക്ക്= ഒരു ദിക്കിൽ സ്വസ്ഥനായി കിടക്കുന്ന എനിക്ക്. കിട്ടുമോ?=എങ്ങിനെ കിട്ടും? കൊടുക്കുമെന്നു നിർണ്ണയം നിനച്ചുകൊണ്ട് = (ശ്രീകൃ ഷ്ണൻ) തരും എന്നു തീർച്ചയാക്കിക്കൊണ്ട് (ആകുന്നു) പോയതും.

9. "ഒഴിക്കരുത്"—ഇത് ഒരു ഗാനരീതിയിൽ—"ഒഴിക്കുരുത്" എന്നു ചൊല്ലണം. ഒഴിക്കരുത് + അരിക്കും (ഹരിക്കും) +അങ്ങ് + അരന്നും (ഹരന്നും) ഇരന്നു . . . . . . കല്പനാ = യോഗം.— ഇതിൽ ഒരു ഫലിതം പ്രയോഗിച്ചിട്ടുണ്ട്. വിരക്തന്മാരും വിശി ഷ്ടന്മാരുമായ തപസ്വികൾ മുതലായവരെ ക്ഷണിച്ചുവരുത്തി സൽക്കരിക്കുന്നതിന്നു "ഭിക്ഷകഴിക്കുക" എന്നു പറയും. അങ്ങി നെ ചെയ്യുന്നതു ഗൃഹസ്ഥന്മാരുടെ ധർമ്മമാണെന്നും വെച്ചി ട്ടുണ്ട്. അതുപോലെതന്നെ ബന്ധുമിത്രാദികളെ ക്ഷണിച്ചുവ രുത്തി സൽകരിക്കുന്നതിന്നു സദ്യകഴിക്കുക എന്നും പറയും. അതും ഗൃഹസ്ഥന്മാരുടെ മുറയാകുന്നു. ഒരു ഗൃഹസ്ഥനായ ഞാനും ഭിക്ഷയും സദ്യയും കഴിക്കാറുണ്ട്. പക്ഷെ—എന്റെ ഭിക്ഷകഴിക്കൽ ഭിക്ഷാവൃത്തി ആചരിക്കലാണ്; ദിവസേന ഇരന്നുനടന്നു ഞാൻ ആ വൃത്തി മുടങ്ങാതെ ആചരിക്കുന്നു. എന്റെ സദ്യകഴിക്കൽ സദ്യയിലുണ്ണുകയാണ്; സദ്യയെവിടെ യുണ്ടെന്നന്വേഷിച്ചുനടന്ന് ഞാൻ അതും നിവൎത്തിക്കാറുണ്ട് എന്നൎത്ഥം. (കഴിക്കുക എന്നതിന്ന് ആചരിക്കുക എന്നും ഭക്ഷിക്കുക എന്നും അൎത്ഥമുണ്ടല്ലോ.) ഈവിധം വിചാരം— ഗൃഹസ്ഥനായിരിക്കെ തന്റെ കൃത്യം നിൎവ്വഹിക്കുവാൻ സാധി

KOTTAYAM PUBLIC LIBRARY KOTTAYAM.

ക്കാത്തവിധം ഉള്ള തൻെറ ദാരിദ്ര്യാവസ്ഥയെപ്പററി കുചേലന്ന് തല്ക്കാലമുണ്ടായ ദൈന്യവും വിഷാദവും സൂചിപ്പിക്കുന്നു.

10. നിനച്ചിരുന്നവണ്ണമേ=നിനച്ചിരിക്കുംപോഴെക്ക് മണത്ത പൂമരങ്ങൾ=വാസനയുള്ള പൂക്കളുള്ള മരങ്ങൾ.

11. വിമാനം+ആന+ആദി+ആയ യാനസാധനങ്ങളും.

12. കൊട്ടുമാറ്, അടിക്കുമാറ്, ആട്ടുമാറ്, നടിക്കുമാറ് എന്നിവക്ക്—കൊട്ടിക്കൊണ്ട്, അടിച്ചുകൊണ്ട്, ആടിക്കൊണ്ട്, നടിച്ചുകൊണ്ട് എന്നാണർത്ഥം (കൊട്ടുന്നു, അടിക്കുന്നു, ആട്ടുന്നു, നടിക്കുന്നു എന്നാക്കി യോജിപ്പിക്കാം.) ബാലമാതർ= ബാലസ്ത്രീകൾ.

13. രമാസമാനയായി=ലക്ഷ്മീതുല്യയായി, ചമഞ്ഞ=ആഭരണാദികളണിഞ്ഞ. ഭാർയ്യയാവിതു=ഗൃഹനായികയായിരിക്കുന്നു.

16. സദാ+അലപൽ=പറഞ്ഞു, ജപിച്ചു, കീർത്തിച്ചു. കഥാഃ=കഥകളെ.

17. തിറത്തോട്=ശോഭയോടേ, അങ്ങ് (ഉള്ള) എതിത്തു= എതിരേററു.

18. ആട്ടുനീര്=കുളിക്കാനുള്ള വെള്ളം. അടുത്തപേരോട്= സ്നേഹിതന്മാരോട്. ഉടുപ്പതിന്ന് ഇണപ്പുടവയായ അലക്കുമുണ്ടുമായി (ഉടുത്ത്.)

20. ദെയ്യ=ദയിത. രണ്ടു പത്രം വാട്ടി അന്യഥാ (തല അന്യോന്യം മാററി). പീഠരം=പലക.

21. അധോക്ഷജാംഘ്രിപംകജം=വിഷ്ണുവിൻെറ പാദപത്മം (അധോക്ഷജൻ=വിഷ്ണു) അസംഗൻ=വിരക്തൻ.

22. ഇരിക്കവെ=ജീവിച്ചിരിക്കവെ തന്നെ. ജഗന്മയം പുംസുഖാത്മകം ജഗാമ=ജഗൽസ്വരൂപിയായ പുരുഷാർത്ഥസുഖസ്വരൂപനെ (മോക്ഷസ്വരൂപനെ) പ്രാപിച്ചു:—ജീവിച്ചിരിക്കവെ മുക്തിനേടി. ജീവന്മുക്തനായി.

23. പെരുവഴിക്കു=ഗാനരീതിയിൽ പെരുവഴിക്ക് എന്നു ചൊല്ലണം. വേല=മതസംബന്ധമായ ഒരു ആഘോഷം. കഴിച്ചുകൊണ്ടു=കഴിച്ചു.

ശ്രീ

# കൃഷ്ണവിലാസം

പാന

ഒരു പഴയ കൃതി


പ്രസാധകൻ

ചേലനാട്ട് അച്യുതമേനോൻ ബി. ഏ.

*Reader in Malayalam, University of Madras.*

വ്യാഖ്യാതാവ്

വി. കോമൻമേനോൻ

*Fellow in Malayalam, University of Madras.*

# അവതാരിക.

പ്രകൃതഗ്രന്ഥത്തിന്നു ആധാരമായിട്ടുള്ളത് കവളപ്പാറ കൊട്ടാരത്തിൽനിന്നു കിട്ടിയ ഒരു താളിയോല ഗ്രന്ഥമാണ്. ഒത്തുനോക്കുവാനായി ഈ ഗ്രന്ഥത്തിൻെറ മറെറാരു പ്രതി വളരെ അന്വേഷിച്ചിട്ടും കിട്ടുകയുണ്ടായില്ല. പാഠം പ്രായേണ ശുദ്ധമായി കണ്ടതുകൊണ്ട് അച്ചടിക്കാനിനി കാലതാമസം വരുത്തുന്നതു അനുചിതമെന്നു തോന്നുകയാൽ അതിന്നൊരുങ്ങുന്നതാണ്. സംശയം തോന്നിയ ചില സ്ഥലങ്ങളിൽ യുക്തിക്കനുസരിച്ചു ചില ഊഹങ്ങളും ചെയ്തിട്ടുണ്ട്. അത് അവിടവിടെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. പാഠാന്തരങ്ങളുള്ള വല്ല പ്രതികളും വായനക്കാരുടെ കയ്യുശമുണ്ടെങ്കിൽ അത് അയച്ചുതരേണമെന്ന് അപേക്ഷിക്കുകയും, പാഠങ്ങൾ ആദരണീയങ്ങളെന്നു തോന്നുന്നപക്ഷം രണ്ടാം പതിപ്പിൽ അവ കൃതജ്ഞതാപുരസ്സരം ചേർത്തുകൊള്ളാമെന്നു ഏല്ക്കുകയും ചെയ്തുകൊള്ളുന്നു.

## വിഷയം.

ശ്രീകൃഷ്ണൻെറ ബാല്യലീലകളാണ് ഇതിലെ പ്രതിപാദ്യ വിഷയം.

"വിശ്വൈകനാഥൻെറ വിനോദമാകും
ദുശ്ശീലമേവം സഹിയാഞ്ഞൊരുന്നാൾ"

ഗോപസ്ത്രീകൾ യശോദയോട് ആവലാതി ബോധിപ്പിക്കുന്ന ഭാഗം കവി കുറെയധികം വിസ്തരിക്കുന്നുണ്ട്. യശോദ അവരെ സമാധാനപ്പെടുത്തി പറഞ്ഞയക്കുന്നതോടുകൂടി ഗ്രന്ഥം അവസാനിക്കുകയും ചെയ്യുന്നു.

ചില ചില്ലറ സംഗതികളിൽ കവി ചെയ്തിട്ടുള്ള വ്യത്യാസങ്ങൾ വ്യാഖ്യാനത്തിൽ അതാതിടത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രായേണ കവി മണിപ്രവാള കർത്താവിനേയും, ചെറുശ്ശേരിയേയും അനുകരിച്ചുകൊണ്ടാണ് പോകുന്നത്. ദേശകാലാ

ദികൾ അതിക്രമിക്കുവാൻ ആക്കും സാധിക്കയില്ലെന്നുള്ള പരമാൎത്ഥത്തിന്ന് പ്രകൃതഗ്രന്ഥത്തിൽ ഉദാഹരണം ധാരാളമുണ്ട്. കാച്ചിയ പാൽ കുടിക്കാൻ വെച്ചത് കണ്ണൻ കഴിച്ച് അതിൽ വെള്ളം നിറച്ചു പോയിയെന്നത് കൃഷ്ണനെപ്പററിയുള്ള ആവലാതികളിൽ ഒന്നാണ്. മണിപ്രവാളത്തിലും കൃഷ്ണഗാഥയിലും ഗോപസ്ത്രീ പാൽ തൻെറ അച്ഛന്നു വേണ്ടി കൊണ്ടുവെച്ചുവെന്നാണ് പ്രസ്താവിക്കുന്നത്. എന്നാൽ നമ്മുടെ കവിയാവട്ടെ അമ്മാമനുവേണ്ടി മരുമകളെക്കൊണ്ടാണ് അങ്ങിനെ ചെയ്യിക്കുന്നത്. ഗോപസ്ത്രീകൾ മക്കത്തായികളോ മരുമക്കത്തായികളോ എന്നുള്ള സംശയം ഇവിടെ ജനിക്കാനിടയുണ്ട്. "അച്ഛൻ മഹാവൃദ്ധനവൎക്കുവേണ്ടി കാച്ച്യങ്ങുവെച്ചേനിരുനാഴി ദുഗ്ദ്ധം" എന്നു നമ്പ്യാർ പ്രസ്താവിക്കുന്നതു നോക്കുമ്പോൾ അച്ഛനും മക്കളും കൂടി പ്രായേണ ഒന്നിച്ചു വസിക്കുന്ന ഒരു തരം കുടുംബസമ്പ്രദായമാണ് അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നത് എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അതങ്ങിനെയാണെങ്കിൽ അവിടെ അമ്മാമൻ രാത്രി പാലു കുടിക്കുവാൻ എത്തുമെന്നു വിചാരിക്കാൻ ന്യായമില്ല. മരുമക്കത്തായം അനുസരിച്ചുവരുന്ന മലയാളത്തറവാടുകളിലാവട്ടെ അമ്മാമനും മരുമക്കളും ഒന്നിച്ചാണല്ലോ സാധാരണ താമസിക്കാറുള്ളത്. മറിച്ചു കാണാറില്ലെന്നു പറഞ്ഞുകൂടെങ്കിലും അത് അപൂൎവ്വമാണ്. കവി മരുമക്കത്തായക്കാരനായതുകൊണ്ട് താനറിയാതെ തൻെറ അനുഭവം ഇങ്ങിനെ രേഖപ്പെടുത്തിയതായിരിക്കണം.

## കവി.

മേൽ പ്രസ്താവിച്ച സംഗതി കവിയാരാണെന്നു നിൎണ്ണയിക്കുന്നതിൽ അല്പമൊരു സഹായം ചെയ്യുന്നുണ്ട്.

"മച്ചിലങ്ങു നടെയത്തെ സ്ഥാനത്ത്
വെപ്പുകൊണ്ടങ്ങു പോയിതു നിന്മകൻ
അസ്തമിച്ചപ്പോൾ ഞാനുമകം പുക്കു
അത്താഴത്തിന്നു മാതുലനും വന്നു"
"അമ്മാമ! നാഴിപ്പാലുണ്ടിരിക്കുന്നു
ഉണ്മാൻകാലത്തു ഞാനും മറന്നുപോയ്"

എന്ന ഭാഗങ്ങൾ ഒരു മരുമക്കത്തായ തറവാട്ടിൻെറ ചിത്രമാണ് കാണിച്ചുതരുന്നതെന്നൂഹിക്കുന്നതിൽ വലിയ പക്ഷാന്തരത്തിന്നവകാശമുണ്ടെന്നു തോന്നുന്നില്ല. അതിലുൾപ്പെടാത്തവക്ക് ഈവക ചില്ലറ കാൎയ്യങ്ങൾ അറിഞ്ഞിരിക്കാൻ സൌകൎയ്യമുണ്ടെന്നു തോന്നുന്നില്ല. മരുമക്കത്തായം അനാദികാലംമുതല്ക്ക് ഇതുവരെ വിടാതെ അനുസരിച്ചുവന്നിട്ടുള്ളവർ നായന്മാരാണെന്നുള്ളത് ചരിത്രകാരന്മാർ സമ്മതിച്ച സംഗതിയാണ്. ഉത്തര കേരളത്തിൽ മററു സമുദായക്കാരും മരുമക്കത്തായം അനുസരിക്കുന്നുണ്ടെങ്കിലും അത് ഒരു വ്യത്യസ്തമായികരുതേണ്ടതായിട്ടാണിരിക്കുന്നത്. ചില പ്രത്യേക സംഗതികൾകൊണ്ട് അവരുടെ ദായക്രമം അത്തരത്തിലായതാണെന്ന് ഊഹിക്കുന്നതിന്നും കാരണങ്ങളില്ലായ്കയില്ല. കേരളത്തിൽ മററു ഭാഗങ്ങളിലൊന്നും നായന്മാരല്ലാത്തവർ മരുമക്കത്തായം സ്വീകരിച്ചതായി കാണുന്നില്ല. നായർ എന്ന പദത്തിൽ ഒരു കാലത്ത് നായന്മാരായിരുന്ന സാമന്തന്മാരും ഉൾപ്പെടുന്നുണ്ടെന്നുകൂടി ഇവിടെ സ്മരിക്കേണ്ടതുണ്ട്. അതേതുവിധമായാലും മരുമക്കത്തായം നായന്മാരുടെ സംപ്രദായമാണെന്ന് പറയത്തക്കവണ്ണം ആ ദായത്തിന്നും അവക്കും തമ്മിൽ അത്രത്തോളം ബന്ധമുണ്ടെന്നുള്ളതിലേക്കു സംശയമില്ല. അതുകൊണ്ട് ഇതിൻെറ കൎത്താവ് ഒരു നായരാണെന്നൂഹിക്കുന്നതിൽ വലിയ അസാംഗത്യമില്ലെന്നു തോന്നുന്നു. കവളപ്പാറ കൊട്ടാരത്തിന്ന് അടുത്തുള്ളവനും അവിടെ ആശ്രയിച്ചു നിന്നിരുന്നവരിൽ ഒരുവനും ആയിരിക്കാൻ എളുപ്പമുണ്ട്. പിന്നെ ഇതിൽ കാണുന്ന— "പിളുത്തിക്കരയുക" "കൊട്ടപ്പാലം തിരിയുക" "ഇട്ടിൽ," "തുത" എന്നീപ്രയോഗങ്ങൾ കവി വള്ളുവനാട്ടുകാരനാണെന്ന് ഊഹിക്കുവാൻ അവകാശം തരുന്നുണ്ട്. കേരളത്തിൽ മററു പ്രദേശങ്ങളിൽ ഈ വാക്കുകൾക്കു വള്ളുവനാട്ടുള്ളത്ര പ്രചാരമുണ്ടെന്നു തോന്നുന്നില്ല. ഇതിലധികം കവിയെപ്പററി നിൎണ്ണയിക്കാൻ തരമില്ലാതെ വന്നതിൽ വ്യസനിക്കുകയേ നിവ്വാഹമുള്ളൂ. ഗ്രന്ഥം ഇക്കാൎയ്യത്തിൽ മൌനം അവലംബിക്കുന്നതേ ഉള്ളൂ.

## കാലം.

കാലത്തെപ്പററിയ നിരൂപണവും ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തീട്ടേ തരമുള്ളു. ഗ്രന്ഥത്തിൽ അതിനെപ്പററി പ്രത്യക്ഷമായി യാതൊരു സൂചനയും ഇല്ലെന്നുതന്നെ പറയാം. "ഗോരസം വിററു കൊററുകഴിക്കുന്ന" ഗോപസ്ത്രീകൾ തങ്ങൾക്കു ഉണ്ണിക്കൃഷ്ണൻ നിമിത്തമുണ്ടായിട്ടുള്ള നഷ്ടങ്ങളെപ്പററി പറയുന്ന കൂട്ടത്തിൽ മററു പല സംപാദനമാർഗ്ഗങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ട്:—

"അയ്യോ! ഞങ്ങളെ രക്ഷിച്ചുകൊൾക നീ
പൊയ്യല്ല ഗതിയെന്നുള്ളു ഞങ്ങൾക്ക്.
പാട്ടനെല്ലില്ല; പാട്ടകൃഷിയില്ല;
കൂട്ടം, ചങ്ങാതം, കൂലിച്ചവുമില്ല;
കെട്ടിവെച്ച ധനമില്ല; പൊന്നില്ല;
ചെട്ടിയെപ്പോലെ വാണിഭവുമില്ല;
കാര്യക്കൂറില്ല; കാണക്കൊടയില്ല;
വാരക്കൂറും, പലിശനെല്ലുമില്ല;
സ്ഥാനമില്ല; തറയിൽ വരവില്ല;
ദാനമില്ല; പ്രതിഗ്രഹവുമില്ല.
ദേശത്തെക്കൊരു വമ്പില്ല; മുമ്പില്ല;
വേശമാക്കുള്ള കാണപ്പണമില്ല;
കൂത്തും, പാട്ടു, മങ്ങാട്ടം, തൊഴിലുകൾ,
മാത്രക്കോലു,മങ്ങായു ധവിത്ര്യയും,
ശാസ്ത്രക്കൂട്ടത്തിലോഹരിയുമില്ല;
ശാസ്ത്രജ്ഞാനവുമില്ലിജ്ജനങ്ങൾക്ക്;
ഗോരസം വിററു കൊററു കഴിക്കുന്ന
നാരിമാരും വലഞ്ഞു വെന്നംബികെ!"

ഇത് കവിയുടെ കാലത്തെ ധനസമ്പാദനമാർഗ്ഗങ്ങളുടെ ഒരു പട്ടികയായി കരുതാവുന്നതാണ്. അമ്പാടിയിൽ "കാണവും തറയും" ഉണ്ടാവാൻ യാതൊരു വഴിയും ഇല്ലല്ലോ. അമ്പാടി കേരളത്തിലുൾപ്പെട്ട ഒരു സ്ഥലമല്ലെന്നുള്ളതും സർവ്വസമ്മതമാണ്. മലയാളിയായ കവി അന്നു നടപ്പിലുള്ള ചില കാര്യ

ങ്ങൾ (തന്റെ അനുഭവത്തിലുള്ളവ) ഗോപസ്ത്രീകളെക്കൊണ്ടു പറയിച്ചതായിട്ടേ ഈ പ്രസ്താവന ഗണിക്കാൻ നിവൃത്തിയുള്ളൂ. ഇതിൽ വിവരിച്ചിട്ടുള്ള ചില സംപ്രദായങ്ങളെപ്പററി ഇപ്പോൾ കേട്ടുകേൾവിപോലുമില്ലാതായിരിക്കുന്നു. ഇതിൽ പ്രസ്താവിക്കുന്നതോ-അനുഭവമുള്ളതുപോലെയാണ് താനും. **കൂട്ടം**[1] ഇപ്പോൾ "കൂട്ടംകൂട്ടു"ന്നതിൽ മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ. **ചങ്ങാതം**[2] എന്നൊരേർപ്പാട് ഒരു നൂറു കൊല്ലത്തിന്നിപ്പുറം നിലനിന്നതായി കാണുന്നില്ല. **കുലിച്ചവും**[3] അങ്ങിനെ തന്നെ. "**വേശമാക്കുള്ള കാണപ്പണം**" പല സംശയങ്ങൾക്കും കേന്ദ്രമായി നില്ക്കുന്നുണ്ട്. വേശ എന്ന വാക്കിന്നു തേവിടിശ്ശി എന്നർത്ഥം കല്പിക്കുകയാണെങ്കിൽ അങ്ങിനെയൊരു സമ്പ്രദായം കേരളീയരിൽ ഉണ്ടായിരുന്നുവെന്നു തെളിയിക്കുവാൻ മതിയായ ലക്ഷ്യങ്ങളുണ്ടെന്നു തോന്നുന്നില്ല. തമിഴദേശങ്ങളിലുള്ളപോലെ അനിയന്ത്രിതമായി ജീവിതം നയിച്ചിരുന്ന സ്ത്രീകൾക്ക് കേരളീയർ ഒരു കാലത്തും അവരുടെ സമുദായത്തിൽ ഒരു സ്ഥാനം അനുവദിച്ചതായി കാണുന്നില്ല. നടപടിദോഷമുള്ളവൎക്കു ഭ്രഷ്ട് കല്പിച്ച്, അവരെ നന്നാക്കിത്തീർക്കേണ്ട ഭാരം നാടുവാഴികൾ വഹിക്കുകയും അതിന്നായി ഒരു നികുതി പിരിക്കുകയും ചെയ്തിരുന്നതായി ചരിത്രകാരന്മാർ പറയുന്നതുമുണ്ട്.* (ഈ സമ്പ്രദായം ക്രിസ്താബ്ദം ഏകദേശം 1500 വരെ നിലനിന്നതായി വിചാരിക്കാവുന്നതാണ്.) അത് അവൎക്ക് ഒരു സമ്പാദ്യവുമല്ല. പ്രകൃതത്തിൽ ഒരുതരം വരവിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ദുല്ലഭം ചില സ്ഥലങ്ങളിൽ പിഴച്ചുപോയ അന്തൎജ്ജനങ്ങൾ മുതലായ സ്ത്രീകൾ മാനംകെട്ട ജീവിതം നയിച്ചതായും

---

1, 2, 3 വ്യാഖ്യാനത്തിൽ നോക്കുക.

* താഴെ പറയുന്നവ അന്നത്തെ രാജഭോഗങ്ങളായിരുന്നു:—

അങ്കം, ചുങ്കം, ഏഴ, കോഴ, തപ്പു, പിഴ, പുരുഷാന്തരം പുലയാട്ടുപെണ്ണ് (വ്യഭിചാരിണി—നടവടിദോഷംകൊണ്ട് പ്രധാനമായി ബ്രാഹ്മണസമുദായവും മററുസമുദായങ്ങളും ഭ്രഷ്ട്കല്പിച്ച സ്ത്രീകളെ പോററി രക്ഷിക്കുവാനും, വീണ്ടും അവർ അധഃപതിക്കുന്നതു നിർത്തൽചെയ്യേണ്ടതിന്നുള്ള ബുദ്ധിമുട്ടുകൾ സഹിക്കുന്നതിന്നുമുള്ള ഭോഗം—രാജാക്കന്മാർ പലപ്പോഴും ഇവരെ കടൽത്തീരത്ത് കച്ചവടം ചെയ്തിരുന്ന ചെട്ടികൾക്ക് വിററിരുന്നു.) പൊന്നരിപ്പ്, തലപ്പണം, രക്ഷാഭോഗം, ചങ്ങാതം, കാഴ്ച, അടിഞ്ഞ ഉരുക്കൾ,— ചേരിക്കൽ. (Cochin State Manual.)

അവരിൽനിന്ന് ചില നാട്ടുവാഴികൾ ഒരുതരം തൊഴിൽനികുതി പിരിച്ചുവന്നതായും ചില രേഖകളിൽനിന്നു അറിയാനിടയായിട്ടുണ്ടെന്ന് — മാനവിക്രമൻ രാജാവവർകൾ ഡി. സി. (കേരളചരിത്രം, രാജ്യവിവരണം മുതലായവയുടെ കത്താവ്) ഒരിക്കൽ ഇതെഴുതുന്ന ആളോടു പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. അത് ഏതുവിധമായാലും ഗണികാവൃത്തിയിലിരിക്കുന്നവരുടെ സമ്പാദ്യം ന്യായമായിട്ടുള്ളതാണെന്നു കേരളീയർ ഒരുകാലത്തും കരുതിയതായി കാണുന്നില്ല. രാജാക്കന്മാർ, പ്രഭുക്കന്മാർ, ദേവന്മാർ ഇവർ എഴുന്നെള്ളുന്ന സമയത്ത് അകമ്പടിക്കാരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നുവെന്നും, അവരെ വേശമാർ എന്നു പറഞ്ഞിരുന്നുവെന്നും, അവക്ക് അങ്ങിനെ പ്രവത്തിക്കുന്നതിലേക്കായി ഒരു ജീവിതം അനുവദിച്ചുകൊടുത്തിരുന്നുവെന്നും ചില പഴയ കാരണവന്മാരുമായി സംസാരിച്ചപ്പോൾ അറിയാനിടയായി. അത്തരത്തിലുള്ള വരവിനെയാണ് ഇവിടെ കാണപ്പണം എന്നതുകൊണ്ടു സൂചിപ്പിക്കുന്നതെന്ന് ഊഹിക്കുന്നതായാലും ആ സംപ്രദായത്തിന്നും കുറെ പഴക്കമുണ്ടെന്നു സമ്മതിക്കേണ്ടതായി വരുന്നു.

കേരളത്തിൽ പുരാതനകാലം മുതല്ക്കേ രാജാക്കന്മാരുടെയും നാട്ടുവാഴികളുടേയും ദേശവാഴികളുടേയും സ്വേച്ഛാധികാരം അവസരോചിതമായി അമത്തുവാനായി തറക്കൂട്ടം, നാട്ടുകൂട്ടം മുതലായി ജനപ്രതിനിധികളടങ്ങിയ സംഘങ്ങളുണ്ടായിരുന്നതായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. * ഈ വക വ്യവസ്ഥകൾ യാതൊരു കോട്ടവും കൂടാതെ ആധുനിക കാലംവരെ

---

* "വിശേഷാലുണ്ടാവുന്ന രാജ്യകാര്യങ്ങളെ ആലോചിച്ചു തീച്ചചെയ്യാൻ ജനപ്രതിനിധികൾ ഒന്നിച്ചു കൂടുന്ന യോഗത്തിന്നു കൂട്ടം എന്നു പേർ പറയുന്നു.

കൂട്ടങ്ങൾ മൂന്നു തരമാകുന്നു. ഒന്നാമത് ഒരു തറയിലുള്ളവർ കൂടുന്നത്. രണ്ടാമത് ഒരു നാട്ടിലെ പ്രതിനിധികൾ കൂടുന്നത്. മൂന്നാമതു കേരളമഹാജനങ്ങൾ കൂടുന്നത്.

ഒടുവിൽ പറഞ്ഞ യോഗം പന്ത്രണ്ടു കൊല്ലം കൂടുംപോൾ മാമാങ്കോത്സവദിവസം പേരാററിൻെറ വക്കത്തു തിരുനാവായ മണപ്പുറത്തു കൂടുന്നു.

തറക്കൂട്ടത്തിൽ തറവാട്ടിലെ കാരണവന്മാര് യോഗംകൂടി തറക്കാര്യങ്ങളെ ആലോചിച്ചു വ്യവസ്ഥപ്പെടുത്തുന്നു.

ഒരു നാട്ടിലേക്കു പൊതുവായ കാര്യങ്ങളെ ആലോചിച്ചു തീച്ചയാക്കേണ്ടുന്നതിന്നാണ് ആ നാട്ടിലെ തറകളുടെ പ്രതിനിധികൾ കൂടുന്നത്.

നിലനിന്നതായി കാണുന്നു. കേരളത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുവാൻ ശ്രമിച്ച പെരുമാക്കന്മാൎക്കും കൂട്ടത്തിന്നു നീക്കുപോ

---

കേരളമഹാജനങ്ങളുടെ യോഗം കൂടുന്നതു കേരളത്തിലേക്കു മുഴുവൻ സംബന്ധിക്കുന്ന കാൎയ്യങ്ങൾ ആലോചിക്കേണ്ടുന്നതിന്നാണ്.

ഈ മൂന്നു കൂട്ടങ്ങളിൽ പ്രധാനമായിട്ടുള്ളതു തറ പ്രതിനിധികൾ യോഗം കൂടുന്ന കൂട്ടമാണ്.

മേൽ വിവരിച്ച പ്രകാരമുള്ള കൂട്ടങ്ങൾ കേരളത്തിൽ നടപ്പുണ്ടായിരുന്നു എന്നുള്ളതു കേരളോല്പത്തിയിൽ കാണുന്ന പ്രസ്താവങ്ങളെക്കൊണ്ടും, പുരാതന രേഖാലക്ഷ്യങ്ങളെക്കൊണ്ടും, വിദേശീയന്മാരായ ദിക്സഞ്ചാരികൾ പറഞ്ഞു കാണുന്നതുകൊണ്ടും, അടുത്ത മുൻകാലങ്ങളിലും ചില പ്രദേശങ്ങളിൽ ഇപ്പോഴും മേൽ വിവരിച്ച സംപ്രദായങ്ങളിലുള്ള യോഗങ്ങൾ ഉണ്ടായിരുന്നതായും ഉള്ളതായും അറിയുന്നതുകൊണ്ടും പ്രത്യക്ഷപ്പെടുന്നു." (കൊച്ചിരാജ്യചരിത്രം 1-ാം പുസ്തകം 41—42 ഭാഗങ്ങൾ.)

"പഴയ കാലത്തു കേരളത്തിൽ ഒരുതരം പ്രജാധിപത്യം പ്രബലമായിരുന്നു എന്നുള്ളതിലേക്കു ദൃഷ്ടാന്തങ്ങളുണ്ട്. ഭരണവിഷയത്തിൽ ഏററവും ചെറിയ വിഭാഗമാണ് 'തറ'. പിന്നെ 'ദേശം'. പിന്നെ 'നാട്' ഇങ്ങിനെയായിരുന്നു ക്രമം. ഇവയുടെ സംരക്ഷണത്തിന്നായി 'കൂട്ടങ്ങൾ' എന്ന ഒരുതരം സഭകളും ഉണ്ടായിരുന്നു. ഈ കൂട്ടങ്ങളിലെ അംഗങ്ങൾ മിക്കതും യോദ്ധാക്കന്മാരുമായിരിക്കും. തറക്കൂട്ടം, ദേശക്കൂട്ടം, നാട്ടുകൂട്ടം, എന്നിവകൂ പുറമെ പല നാടുകളിലും ഉള്ളവരും ചേൎന്ന ഒരു പെരുംകൂട്ടവുമുണ്ടായിരുന്നു. ഓരോ കാൎയ്യം നടത്താനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ അധികാരം, ഈ കൂട്ടങ്ങളായിരുന്നു നിയമനം ചെയ്തിരുന്നത്. ഈ കൂട്ടങ്ങൾകൊണ്ടും തീരാത്ത കാൎയ്യങ്ങൾ തീൎച്ചപ്പെടുത്താനായി അങ്കം എന്ന ഒരേൎപ്പാട്ടും ഉണ്ടായിരുന്നു. അങ്കം എന്നതു് ഒരുതരം ദ്വന്ദ്വയുദ്ധമാണ്. ഇതിൽ നാട്ടുകാർ, നാടുവാഴികൾ, ദേശപ്രമാണികൾ ഇവരെല്ലാവരും ഹാജരുണ്ടായിരിക്കേണമെന്നാണ് നിശ്ചയം.

വടക്കൻപാട്ടിൽ ആരോമൽചേവകർ അങ്കത്തിന്നുപോയ കഥ സുപ്രസിദ്ധമാണല്ലൊ. തക്കമുള്ളവൎക്കു യുദ്ധംചെയ്വാൻ സാധിക്കയില്ലെങ്കിൽ അവൎക്ക് ഇഷ്ടപ്രകാരം കേമന്മാരായ ചേകവന്മാ (യുദ്ധ വിദഗ്ദ്ധന്മാ)രെ പണം കൊടുത്തു കൊണ്ടുവരാവുന്നതാണ്. കേരളോൽപത്തി, തിരുനെല്ലിയിലുള്ള ശിലാശാസനം, സുറിയാനി ക്രിസ്ത്യാനികളുടെ കൈവശമുള്ള ചെപ്പേടുകൾ, ക്രിസ്തുവൎഷം 700-ലും 824-ലും ഭാസ്കര രവിവൎമ്മനും സ്ഥാണുരവിഗുപ്തനും കൊടുത്ത പട്ടയങ്ങൾ ഇതിലെല്ലാം ഈ കൂട്ടങ്ങളെപ്പററിയും അവൎക്കുള്ള അധികാരങ്ങളെപ്പററിയും പ്രസ്താവിച്ചു കാണുന്നുണ്ട്. നായന്മാരുടെ സംഘങ്ങൾക്കും സംഘത്തലവനും ഉണ്ടായിരുന്ന — 'നൂറുവർ', — 'അഞ്ഞൂറുവർ', — അയ്യായിരപ്രഭുക്കൾ എന്നും മററുമുള്ള പേരുകളും ഈ അഭിപ്രായത്തെ പിൻതാങ്ങുന്നുണ്ട്. സ്വേച്ഛാധികാരത്തോടുകൂടിയ രാജശക്തിയെ കേരളീയർ ഒരു കാലത്തും ആദരിച്ചിരുന്നില്ല. നാട്ടുകൂട്ടത്തിന്നു ക്ഷയം

കൊന്നും വരുത്തുവാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല, പലപ്പോഴും കൂട്ടത്തിനെ ഭയപ്പെടേണ്ടതായും വന്നിട്ടുണ്ട്. മൈസൂർ വ്യാഘ്രത്തിൻെറ അച്ഛൻെറ കണ്ണ് കേരളത്തിൽ വീണതോടുകൂടിയാണ് മേല്പറഞ്ഞ നടപടികൾക്കെല്ലാം ഇളക്കം തുടങ്ങിയത്. *ബ്രിട്ടീഷുകാരുടെ ആധിപത്യം കേരളത്തിൽ വേരൂന്നിയതോടുകൂടി അവയെല്ലാം എന്നേക്കുമായി യാത്രപറയുകയും ചെയ്തു.

1792-ൽ സെരിങ്ങപട്ടണത്തിൽവെച്ചു ടിപ്പുസുൽത്താൻ കാലധൎമ്മം പ്രാപിച്ചതോടുകൂടി മൈസൂരിൽനിന്നുള്ള ആക്രമണം കേരളീയൎക്കു ഭയപ്പെടേണ്ടതില്ലെന്നുള്ള മട്ടായി. ബ്രിട്ടീഷു കോയ്മയോട് എതിൎത്തുനില്ക്കുവാൻ ആരും അന്നു കേരളത്തിലില്ലാതിരുന്നതിനാൽ അവൎക്ക് പടിഞ്ഞാറെ കരയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ അവസരവും കിട്ടി. കുറച്ചുകാലം എതിൎത്തുനിന്ന കോട്ടയത്തു രാജാവും 1809-ൽ വീരസ്വൎഗ്ഗം പ്രാപിച്ചു.

ഈ ചരിത്രജ്ഞാനം പ്രസ്തുത ഗ്രന്ഥത്തിൻെറ കാലനിൎണ്ണയത്തിൽ എത്രത്തോളം സഹായിക്കുന്നുണ്ടെന്നു ഇനി ആലോചിച്ചു നോക്കാം.—പ്രകൃത ഗ്രന്ഥത്തിൽ കൂട്ടം മുതലായവയെ

---

വന്നപ്പോഴാണ് സ്വേച്ഛാധികാരം തല പൊന്തിക്കാൻ തുടങ്ങിയതെന്നുള്ളതിലേക്കു ആധുനിക കാലത്തു നടന്ന എട്ടുവീട്ടിൽ പിള്ളമാരും മാൎത്താണ്ഡവൎമ്മ രാജാവും തമ്മിലുണ്ടായ പോരാട്ടം ഒരു നല്ല സാക്ഷിയാണ്". (കേരള സംസ്കാരം.)

* "ഹൈദരാലി മലയാളത്തെ ആക്രമിച്ച് രാജാക്കന്മാരെ അവരുടെ നാട്ടിൽനിന്നു ഓടിച്ചുകളഞ്ഞ് മൈസൂരിലെ രാജ്യഭരണസംപ്രദായത്തെ മലയാളത്തിലും നടപ്പാക്കുവാൻ ആരംഭിച്ചപ്പോൾ മലയാളത്തിലെ എല്ലാ നടപടികൾക്കും ഒരു ഇളക്കം തട്ടി. ഹൈദരുടെ മരണശേഷം അദ്ദേഹത്തിൻെറ പുത്രനും പിൻഗാമിയുമായ പ്രസിദ്ധപ്പെട്ട ടിപ്പുസുൽത്താൻ മലയാളത്തിൽ പല വിധത്തിലുള്ള അനൎത്ഥങ്ങളും ഉണ്ടാക്കിത്തീൎത്തു. രാജാക്കന്മാരിൽ ബാക്കി ഉണ്ടായിരുന്നവരും നായന്മാരെല്ലാവരും കാടുകളിലും മലകളിലും കയറി ഒളിച്ചു. അനേകം പേർ തിരുവിതാംകൂറിൽ പോയി അഭയം പ്രാപിച്ചു. ഒടുവിൽ ഇംഗ്ലീഷുകാർ നാട്ടുരാജാക്കന്മാരുടെ സഹായത്തോടുകൂടി സുൽത്താനെ യുദ്ധത്തിൽ തോല്പിച്ചു മലയാളത്തിൽനിന്നു പുറത്താക്കി. യുദ്ധത്തിന്നു ശേഷം സുൽത്താനുമായുണ്ടായ കരാറുകൊണ്ട് മലയാളരാജ്യം ഇംഗ്ലീഷു മേൽക്കോയ്മക്കു ടിപ്പു സുൽത്താൻ ഒഴിഞ്ഞുകൊടുത്തു. ഇംഗ്ലീഷുകാർ എടപ്രഭുക്കന്മാരെയും രാജാക്കന്മാരെയും ചില പ്രത്യേക

പ്പററി പ്രസ്താവിക്കുന്നതു വായിക്കുംപോൾ അക്കാലത്തു നട പ്പില്ലാത്ത ഒരു കാൎയ്യത്തെ സൂചിപ്പിക്കുന്നതായിട്ടല്ല തോന്നു ന്നത്. കവിയെ (ഗോപസ്ത്രീയെ) തൻെറ അനുഭവം വിവ രിക്കുന്നതായിട്ടാണ് തോന്നുന്നത്. അതുകൊണ്ട് മൈസൂർ ആക്രമണത്തിന്നു മുമ്പായിരിക്കണം ഈ കൃതിയുടെ ആവിൎഭാ വമെന്ന് ഊഹിക്കാവുന്നതാണ്. മൈസൂർ ആക്രമണത്തിന്നു ശേഷം ഉടനെതന്നെ കേരളത്തിലെ ആചാരങ്ങളെല്ലാം നശി ച്ചുവെന്നു വരാവുന്നതല്ല. നമ്മുടെ നാട്ടിൽ ഒരു പന്തീരാണ്ടി ൻെറ കണക്ക് പണ്ടേ ഉണ്ടല്ലോ. അതുകൊണ്ട് ഒരു പന്തി രണ്ടു കൊല്ലം ഇപ്പുറമാണെന്ന് പറഞ്ഞുകൂടെ എന്ന് ഒരു ചോദ്യത്തിന്ന് അവകാശമുണ്ട്. അതിന്നു സമാധാനമുണ്ട്. മൈസൂർ ആക്രമണം കേരളത്തിൽ ഒരു കൊടുംകാററുപോലെ വലിയ ക്ഷോഭം ഉണ്ടാക്കീട്ടുള്ള ഒരു സംഭവമാണ്. അതിന്നു ശേഷം അധികം കാലം കഴിയുന്നതിന്നു മുമ്പ് എഴുതിയ ഗ്രന്ഥങ്ങളിൽ അതിനെപ്പററി വല്ല പ്രസ്താവവും കാണുവാന വകാശമുണ്ട്. പക്ഷെ ഈ വാദം ബലമായി പിടിക്കേണ്ട ഒന്നല്ലെന്നു സമ്മതിക്കാതെ തരമില്ല. കവികൾ ചിലപ്പോൾ ചരിത്രസംഭവങ്ങളോടു വൈമുഖ്യം കാണിക്കാറുണ്ടെന്നുള്ളതി ലേക്കു എഴുത്തച്ഛൻ തുടങ്ങിയ പല ഭാഷാകവികളും സാക്ഷ്യം വഹിക്കുന്നുണ്ട്. ആകപ്പാടെ ആലോചിക്കുംപോൾ പ്രസ്തുത ഗ്രന്ഥത്തിൻെറ നിൎമ്മാണകാലം മററു തെളിവുകൾ കിട്ടുന്ന തുവരെ 1792-നു മുമ്പാണെന്നു പറയാനേ നിൎവ്വാഹമുള്ളൂ.

---

നിശ്ചയങ്ങളോടുകൂടി അവരവരുടെ നാടുകളിൽ വാഴിച്ചു. നായന്മാരുടെ സംഘ ബലത്തിന്നും ശക്തിക്കും ടിപ്പുസുൽത്താൻെറ ആക്രമത്താൽ വല്യതായ ന്യൂനത തട്ടിപ്പോയതുകൊണ്ടും ഇംഗ്ലീഷുകാരുടെ പിൻബലം ഉണ്ടായിരുന്നതുകൊണ്ടും രാജാക്കന്മാരും നാടുവാഴികളും ജനങ്ങളെ അളവില്ലാത്തവിധം ഉപദ്രവിക്കുവാനാ രംഭിച്ചു. ഒടുവിൽ ഈ രാജാക്കന്മാരും നാടുവാഴികളും ഇംഗ്ലീഷു മേൽക്കോയ്മയിൽ അടക്കേണ്ടുന്ന കപ്പം ശരിയായി തക്ക സമയത്ത് അടക്കുവാൻ സാധിക്കാതായ പ്പോൾ അവൎക്കു മാലീഖാൻ കൊടുത്ത് രാജ്യവാഴ്ചയിൽനിന്ന് ഇംഗ്ലീഷുകാർ നീക്കി രാജ്യഭാരം തങ്ങൾ നേരിട്ടു വഹിച്ച് അതിന്നു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തു. ഈ ഏൎപ്പാടിൽ നായന്മാൎക്കു ഒരു സ്ഥാനവും കൊടുത്തില്ല. അവരുടെ സംഘബ ലം ഛിന്നഭിന്നമായി പല വഴിയും തിരിഞ്ഞ് പ്രായേണ നാസ്തിയായി ഭവിച്ചു."
(കൊച്ചിരാജ്യചരിത്രം ഒന്നാം പുസ്തകം 52—53 ഭാഗങ്ങൾ.)

## സാഹിത്യം.

കാൎയ്യങ്ങളെ തന്മയത്വത്തോടുകൂടി വൎണ്ണിച്ച് വായനക്കാൎക്ക് അനുഭവപ്പെടുത്തിക്കൊടുക്കുവാൻ കേരളകവികൾക്ക് ഒരു പ്രത്യേക സാമൎത്ഥ്യമുണ്ടെന്നു പറയാവുന്നതാണ്. സംസ്കൃത സാഹിത്യത്തെ ഉപജീവിച്ച ഭാഷയിൽ കവനം ചെയ്തിരുന്ന വരിൽ ഈ ഗുണം അത്രതന്നെ തെളിഞ്ഞു കാണുന്നില്ലെന്നും പ്രസ്താവയോഗ്യമാണ്. ശബ്ദാഡംബരംകൊണ്ട് വളച്ചുകെട്ടി അൎത്ഥത്തിന്നു കവിയുടെ പിന്നാലെ ഓടി നടന്നാലും ഫലമില്ലെന്നുള്ള പാകത്തിൽ കവിതയെഴുതുന്ന സംപ്രദായം അവരിൽ അധികംപേരും ആദരിച്ചിരുന്നില്ല. "അനലംകൃതമാണ് ഏററവും അലംകൃതമായിട്ടുള്ളത്" എന്നുള്ള തത്വം മഹാകവി ഷെക്സ്പിയരെപ്പോലെ അവരും ധരിച്ചതായിട്ടാണ് കാണുന്നത്. കവിതാകാമിനിയുടെ അലംകൃതഭംഗിയേക്കാൾ നിസൎഗ്ഗഭംഗിയെയാണ് അവർ അധികം വിലവെച്ചതെന്നുള്ളതിലേക്ക് കേരളത്തിൽ അതി പ്രാചീനകാലം മുതല്ക്ക് ഇതുവരെ ഉണ്ടായിത്തീൎന്നിട്ടുള്ള അനവധി പാട്ടുകൾ സാക്ഷികളാണ്.

"ഓമനക്കുട്ടൻ ഗോവിന്ദൻ—ബല-
രാമനെക്കൂടെ കൂടാതെ
കാമിനീമണിയമ്മത—ന്നങ്ക
സീമനി ചെന്നു മേവിനാൻ.
അമ്മയുമപ്പോൾമാറണ—ച്ചിട്ട-
ങ്ങുമ്മവെച്ചു കിടാവിനെ.
അമ്മിഞ്ഞ നൽകിയാനന്ദി—പ്പിച്ച
ചിന്മയനപ്പോളോതിനാൻ.
ഒപ്പത്തിലുള്ള ബാലക—രായി
മുപ്പത്തിരണ്ടു പേരുണ്ട്.
ദൎപ്പില്ലുരായ്യ നത്തിൽക—ളിപ്പാൻ
ഇപ്പോൾ ഞാനമ്മേ പോകട്ടെ.
അയ്യോയെന്നുണ്ണിയിപ്പോൾ പോ—കല്ലെ
തിയ്യുപോലുള്ള വെയിലല്ലെ.

വെറുതെയെന്നമ്മ തടയൊല്ലേ — കേട്ടോ
പരിചോടുണ്ണികൾക്കുണ്ണുവാൻ
നറുനെയ് കൂട്ടിയുരുട്ടീട്ടും — നല്ലോ-
രുറതൈർ കൂട്ടിയുരുട്ടീട്ടും
വറുത്തോരുപ്പേരി പതിച്ചിട്ടു — മീര-
ണ്ടുരുളയുമെൻെറ മുരളിയും
തരികയെന്നമ്മ മടിയിൽ ചാ — ഞ്ചാടി-
ത്തരസാ കണ്ണൻ താൻ പുറപ്പെട്ടാൻ".

ഈ പാട്ടു പാടി കേൾക്കുന്നതോടുകൂടി ഒരമ്മയും കുട്ടിയും വായനക്കാരുടെ മുമ്പിൽ പ്രത്യക്ഷമാവുന്നു. കളിക്കാനുള്ള താല്പര്യത്തോടുകൂടിയ കുട്ടിയുടെ മുഖത്തു പരിലസിക്കുന്ന ഉന്മേഷവും, ചൊടിയും, ചൊറുചൊറുക്കും, നമ്മെ നാം അറിയാതെ ആകർഷിക്കുന്നു. കുട്ടിയെ പിരിയാൻ മടിയും, കുട്ടിക്കു വെയിലൊ മററൊ തട്ടി ദീനം പിടിക്കരുതെന്ന് ആശയും പ്രദൎശിപ്പിക്കുന്ന അമ്മയുടെ വാത്സല്യം നമ്മുടെ മനസ്സിനെ അലിയിക്കുന്നു. കുട്ടി ചാഞ്ചാട്ടം മുതലായ ലീലാവിലാസങ്ങൾകൊണ്ട് അമ്മയുടെ സമ്മതത്തെ അമ്മ അറിയാതെ അപഹരിക്കുന്ന ആ കണ്ണു കളിക്കുന്ന കാഴ്ച നാം കാണുന്നപോലെ തോന്നുന്നു. നറുനെയ്യും ഉറതയിരും കൂട്ടിക്കുഴച്ച് ഉപ്പേരി പതിച്ചിട്ടുള്ള ആ ഉരുളകൾ വാങ്ങി ഉണ്ണുവാൻ നാമും ഒരു കുട്ടിയായി ജനിച്ചാൽ കൊള്ളാമെന്ന ഒരു അത്യാഗ്രഹം നമുക്ക് ഉണ്ടാവുന്നു. ഇതെല്ലാം ആ വേണുഗോപാലൻെറ ലീലകളാണെന്നു നമ്മെ കവി ഓർമ്മപ്പെടുത്തുന്നതോടുകൂടി പൂന്താനത്തിനെപ്പോലെ—"ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മററു വേണമോ മക്കളായ്" എന്നു നമുക്കും പ്രാൎത്ഥിക്കുവാൻ തോന്നുന്നു. ഇങ്ങിനെ പലവിധ വികാരങ്ങളും നമ്മിൽ ഒന്നിനു മീതെ ഒന്നായി ഉദിപ്പിക്കുന്ന ആ പാട്ടിലാകട്ടെ കേവലം പാമരനുംകൂടി അറിയാവുന്ന വാക്കുകളെ ഉള്ളു. അൎത്ഥത്തെപ്പററി ആൎക്കും സംശയവുമില്ല. ആലോചിക്കുന്നേടത്തോളം ആനന്ദത്തിന്ന് അതിരും ഇല്ല. ഇത്രത്തോളം ശക്തിയുള്ള കവിതാകാമിനിയുടെ നിസൎഗ്ഗസൌന്ദൎയ്യത്തെ ഏതൊരു സഹൃദയനാണ് ആരാധിക്കാത്തത്. "കലാചാതുരി കലയെ മറയ്ക്കുന്നതി"ലാണ് കിട

ക്കന്നതെന്നു പറഞ്ഞ മഹാൻ കാൎയ്യത്തിൻെറ സൂക്ഷ്മം അറിഞ്ഞിട്ടുണ്ടെന്നുള്ളതിലേക്കു വല്ല സന്ദേഹവുമുണ്ടോ?

മേല്പറഞ്ഞ തരത്തിലുള്ള കവിതയുടെ പരിപുഷ്ടിക്കു കൃഷ്ണവിലാസകൎത്താവും സഹായിച്ചിട്ടുണ്ടെന്നുള്ളതിലേക്കു രണ്ടു പക്ഷമില്ല.

"പച്ചപ്പോളകൾകൊണ്ടു പലതരം
പിച്ചയുണ്ടാക്കി വട്ടം തിരിക്കയും,
മുററത്തോരോരോ രൂപം വരക്കയും,
പററത്താണ്ടുടൻ ചാടിക്കളിക്കയും,
മുററം താൻ ചെന്നൊരേടത്തൊളിക്കയും,
മററുള്ളോർകൾ തിരഞ്ഞു പിടിക്കയും,
കൊട്ടപ്പാലം തിരിഞ്ഞു തലതിരി-
ഞ്ഞൊട്ടുനേരമൊരേടത്തിരിക്കയും
ഉണ്ണി താനൊരു മദ്ദളം ചെണ്ടയും
ഉണ്ണിത്തണ്ടുകൊണ്ടുണ്ടാക്കി മെല്ലവേ
കൊട്ടിത്താനേ തലയും കുലുക്കിക്കൊ-
ണ്ടിട്ടിൽത്തോറും നടന്നു കളിക്കയും,
ആനയായിട്ടൊരുത്തനെക്കല്പിച്ചു
താനതിന്മേൽ കരേറിയിരിക്കയും,
ആനപ്പാവനായിട്ടൊരു ബാലകൻ
താനത്രേ വീരനെന്നു നടിക്കയും"

എന്നീത്തരത്തിൽ ഉണ്ണിക്കൃഷ്ണൻെറ ബാലലീലയും, പൂഴിയിൽ കളിച്ചു കുട്ടികളോട്

"പൂഴിയാൎന്നൊരു പീലിക്കാർ കൂന്തലും
പൊന്നുടഞ്ഞാണും പൊന്നിന്മണികളും
മിന്നും താലിയും മാലയും ശീലയും
എന്നിതെല്ലാമഴിഞ്ഞു കിഴിഞ്ഞുടൻ
തമ്മിൽ ചുററിപ്പിണഞ്ഞതു കാണ്കയാൽ
അമ്മ വേഗേന ചെന്നെടുത്താദരാൽ,
അമ്മിഞ്ഞയും കൊടുത്തു പതുക്കവേ,
നീലക്കാർക്കൂന്തൽ കെട്ടിയുറപ്പിച്ചു,
പീലി നാലഞ്ചെടുത്തു തിരുകിച്ചു,
ബാലകൃഷ്ണൻെറ നല്ല തിരുമേനി

KOTTAYAM PUBLIC LIBRARY KOTTAYAM.

ശീലകൊണ്ടു തുടച്ചു വിളങ്ങിച്ചു,
കിങ്ങിണി മണി മോതിരമെന്നിവ
ഭംഗിയോടെ യണിയിച്ചേശോദയും.
അങ്ങിനേതന്നെ രാമനേയും തദാ
മംഗലാംഗി ചമയിച്ചു ചൊല്ലിനാൾ"

എന്ന തരത്തിൽ യശോദ പെരുമാറുന്നതും, വണ്ണിച്ചതു വായിക്കുംപോൾ രോമാഞ്ചം ഉണ്ടാവാതെ ഇരിക്കേണമെങ്കിൽ സാമാന്യം ധൈയ്യം വേണം. "ഉണ്ണിക്കണ്ണുടെ വന്നോരുറക്കവും" എന്ന രീതിയിൽ ഉറക്കുന്നതു കേൾക്കുമ്പോൾ യശോദയുടെ കുട്ടിയായി ജനിക്കാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്നാരാണ് വ്യസനിക്കാത്തതു?

"പാലുപോലെന്നു കേൾക്കാമതിന്നുടെ
ശീലമെന്തെന്നു ഞാനറിഞ്ഞിട്ടില്ല
പാലു കച്ചോ പുളിച്ചോ മധുരിച്ചോ"

എന്നു ഗോപസ്ത്രീകളെ മിരട്ടിവിടുന്ന ആ രസികൻ കുട്ടിയോട് ആക്കെങ്കിലും ദ്വേഷ്യം തോന്നുമോ?

ഇങ്ങിനെ എടുത്തു ഉദാഹരിക്കുന്നതായാൽ ഈ ഗ്രന്ഥം മുഴുവനും അവതാരികയിൽ അടക്കേണ്ടതായി വരുന്നതുകൊണ്ട് ആ കൃത്യത്തിൽനിന്ന് തല്ക്കാലം വിരമിച്ചേക്കാം. ഗോപസ്ത്രീകളുടെ ആവലാതി കേൾക്കുമ്പോൾ അവരുടെ നേരെ സഹതാപം തോന്നുന്ന വായനക്കാർ യശോദ അവരെ സമാധാനിപ്പിക്കുന്നതു കേൾക്കുംപോഴും വാത്സല്യംകൊണ്ടു മതിമറന്ന ആ മാതാവിനെ ബഹുമാനിക്കാനും മടിക്കുന്നില്ല. ഇങ്ങിനെ മനസ്സിനെ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കാൻ സാധിക്കുന്ന കവിയുടെ സാമത്ഥ്യം ബഹുമാനിക്കാതെ തരമില്ല. പ്രസാദം തന്മയത്വം എന്നീ ഗുണങ്ങൾ സവ്വത്ര കളിയാടുന്ന പ്രസ്തുത കൃതിക്കു ഭാഷാസാഹിത്യത്തിൽ ഒരുത്തമസ്ഥാനത്തിന്ന് അഹ്തയുണ്ടെന്നു മാത്രം പ്രസ്താവിച്ചുകൊണ്ട് ഈ അവതാരിക ഉപസംഹരിച്ചുകൊള്ളട്ടെ. എന്ന്

University
Research Institute,
25—3—1929

ചേലനാട്ട് അച്യുതമേനോൻ, ബി. ഏ.
*Reader in Malayalam,*
*University of Madras.*

# ശ്രീ

## കൃഷ്ണവിലാസ കഥാസാരം.

### പാന.

---

1. ശ്രീഗണപതിയും കവിമാതാവും
ശ്രീപതിയും ശിതികണ്ഠദേവനും
ശ്രീ ഗുരുനാഥൻ താനും മമ ഹൃദി
സാദരം വിളങ്ങീടുക സന്തതം.

5. വൃഷ്ണിവംശേ പിറന്നു വളൎന്നോരു
കൃഷ്ണനുണ്ണി തുണക്കേണമെപ്പൊഴും.
വ്യാസനാദി മുനിഗണമെന്നുടെ
മാനസേ കുടി കൊണ്ടരുളേണമേ.

9. ബാലകൃഷ്ണൻെറ ലീലാവിശേഷങ്ങൾ
ചാലവേ ചുരുക്കിപ്പറഞ്ഞീടുവൻ.

---

എങ്കിലോ പണ്ടസുര ഭാരംകൊണ്ടു
സംകടത്തോടും മേദിനീ ദേവിതാൻ

13. പംകജാസനൻ തന്നുടേ മുമ്പിൽ ചെ-
ന്നംകരിച്ചോരു വേദന ചൊന്നപ്പോൾ,
വാനവരോടുമൊന്നിച്ചു നാന്മുഖൻ
നീലലോഹിതൻ തന്നോടുണൎത്തിപ്പാൻ

17. കൈലാസാചലം പ്രാപിച്ചു ദേവനോ-
ടാധിയെല്ലാമുണൎത്തിച്ചനന്തരം,
വാരിജാസനനാദികളേവരും
ക്ഷീരവാരിധി തീരം പ്രവേശിച്ചു,

21. കാളമേഘാഭിരാമ ശരീരനാം
കാരണാത്മാവു തന്നെ സ്തുതിചെയ്തു,
സംകടമുണൎത്തിച്ചതുനേരത്തു
പംകജാക്ഷൻ ചിരിച്ചരുളിച്ചെയ്തു.

"ദുഷ്ടന്മാരാമസുരകളാലുള്ള
പുഷ്ടഖേദമൊഴിപ്പതിന്നായി ഞാൻ
ശ്രീവസുദേവൻ തന്നുടേ സൂനുവായ്
ശ്രീമഥുരാപുരിയിൽ പിറപ്പൻ ഞാൻ.
വാനവരെല്ലാമാദരവോട്ടടൻ
യാദവരിൽ പിറപ്പിനെ" ന്നിങ്ങിനെ
വിശ്വനായകൻ താനരുൾചെയ്തു
വിശ്വസിച്ചു വിരിഞ്ചാദികളെല്ലാം
കാശ്യപി തൻെറ ഖേദവും തീൎത്തുടൻ
ആശ്വസിച്ചു നിജപദം പ്രാപിച്ചാർ.

---

ശ്രീമഥുരാപുരിയെന്നു നാമമായ്
ശ്രീമതിയാം മഹാരാജധാനിയെ
ശ്രീവസുദേവൻ താൻപരിപാലിച്ചു
ശ്രീസഹിതനായ് വാഴുന്നതുകാലം,
ദേവകനാകും യാദവൻ തന്നുടെ
ദേവകിയായ കന്യക തന്നെയും
ശ്രീവസുദേവൎക്കമ്പോടു നൽകിനാൻ
ശ്രീപതി മകനായ് പിറന്നീടുവാൻ.
വേട്ടുനിന്നോരു ശ്രീവസുദേവൻ താൻ
വാട്ടമറേറാരു തേരിലേറിക്കൊണ്ടു്
ബന്ധുവൎഗ്ഗത്തൊടൊന്നിച്ചുകൊണ്ടവൻ
സന്തോഷത്തോടെ പോകുന്ന നേരത്ത്
സാദരം തദാ ദേവകി തന്നുടെ
സോദരൻ നരവീരനാം കംസനും
തേരിലേറിഗ്ഗമിക്കുംപോൾ കേട്ടുടൻ
ഘോരമായോരശരീരി വാക്കുകൾ.
"ദുഷ്ട! കംസ! ധരിക്ക ഇവളുടെ
എട്ടാം പുത്രൻ ഭവാനെക്കൊല ചെയ്യും"
പെട്ടെന്നിങ്ങിനേ കേട്ടോരു കംസനും

ചട്ടററീടിന വാളുമെടുത്തുടൻ
മട്ടലർ മിഴിയാകും ഭഗിനിയെ
വെട്ടുവാനണയുന്ന ദശാംതരേ,
ശിഷ്ടമാനസനാനകദുന്ദുഭി-
യിഷ്ടവാക്കു പറഞ്ഞു ശമിപ്പിച്ചു.
സൽപുരം പുക്കു സാദരമാനക-
ദുന്ദുഭിതാനും തന്നുടെ ഭാൎയ്യയും
നന്ദിച്ചമ്പോടു വാണാരിരുവരും
ഇന്ദിരാപതി ഭക്തിരസത്തോടെ.
ഗൎഭമുണ്ടായി ദേവകിക്കക്കാലം
അൎഭകനെ പ്രസവിക്കയും ചെയ്തു.
അപ്പൊഴേ വസുദേവനെടുത്തങ്ങു
കെല്പേറീടിന കംസന്നു നൽകിനാൻ.
"കഷ്ടമെങ്ങിനെ കൊല്ലേണ്ടു ഞാനെടോ!
പുഷ്ടകാന്തി കലൎന്ന കിടാവിനെ
എട്ടാം പുത്രനെക്കൊന്നോളാം" എന്നവൻ
വിട്ടാനീവണ്ണമാറു ശിശുക്കളെ.
നാരദൻെറയരുൾ കേട്ടനന്തരം
ഘോരഭാവം കലൎന്നോരു മാതുലൻ
ദാരകന്മാരെയൊക്കെക്കൊലചെയ്താൻ:
ദാരുണന്മാൎക്കു ചെയ്യരുതാതുണ്ടോ?
ദേവകീജഠരത്തെ പ്രവേശിച്ചു
കേവലാനന്ദരൂപനനന്തനും
മോഹനീയശരീരം മനോഹരം
രോഹിണീഗൎഭം തന്നിലകംപുക്കു,
രോഹിണീപുത്രൻ തലാംകനുണ്ടായി.
ദേവദേവൻ മുകുന്ദൻ മുരാന്തകൻ
ദേവകീഗൎഭം തന്നിലകംപുക്കു.
ശംഖചക്രഗദാദി ധരിച്ചോരു
പംകജേക്ഷണൻ വന്നുപിറന്നപ്പോൾ

സംകടങ്ങളകന്നു സമസ്തവും.
മംകമാരുടേ ഭാഗ്യമിതെത്രയും.
85. ശംകരൻ വിധി ചന്ദ്രനുമിന്ദ്രനും
പംകജപ്രിയ ബന്ധുവും സിന്ധുവും
സിദ്ധചാരണഗന്ധർവ്വവൃന്ദവും
വൃദ്ധതാപസദേവസമൂഹവും
89. കിന്നരന്മാരും കിംപുരുഷന്മാരും
പന്നഗന്മാരും മററുള്ള ഭൂതവും
ഉന്നതാനന്ദം നൃത്തം തുടങ്ങിനാർ.
അച്ഛനോടും ജനനിയോടും കൂടി
93. അച്യുതൻ താനരുൾചെയ്തു മെല്ലവേ.
"ഇച്ഛയോടെന്നെസ്സേവിക്കുംകാരണാൽ
ഇച്ചരിത്രമിവിടെത്തുടങ്ങി ഞാൻ;
അമ്പാടിതന്നിലുണ്ടൊരു കന്യകാ
97. ഇമ്പമോടേജനിച്ചു ശയിക്കുന്നു;
എന്നെത്തത്ര ശയിപ്പിച്ചു മെല്ലവേ
കന്യയേയുംകൊണ്ടിങ്ങു പോന്നീടണം."
എന്നരുൾചെയ്തു ദേവകീനന്ദനൻ.
101. പിന്നെ നല്ലൊരു മാനുഷബാലനായ്
കയ്യും കാലും കുടഞ്ഞു കരഞ്ഞുടൻ
ശയ്യതന്നിൽ കിടക്കും കിടാവിനെ
കൈത്തലംകൊണ്ടെടുത്തു വസുദേവൻ
105. ചിത്തമോദേന യാത്രതുടങ്ങിനാൻ.
കൂരിരുട്ടും മഴയുമിടികളും
പാരമുള്ളോരു പാതിരനേരത്ത്
വാരിജാക്ഷനെക്കൊണ്ടു പുറപ്പെട്ടു
109. വീരനാം വസുദേവനും സംശയാൽ.
സർപ്പനായകൻ തൻെറ ഫണംകൊണ്ടു
ശില്പമായി കുടയും പിടിച്ചുടൻ,
തൽപദാംഭോജസേവ തുടങ്ങിനാൻ

113. സ്വല്പമല്ലൊരു ഭാഗ്യം ജഗത്തിന്റെ.
ഓളം തള്ളിത്തടത്തിലടിക്കുന്ന
കാളിന്ദിജലം മുട്ടിൽ കവിഞ്ഞീല.
അമ്പാടിതന്നിൽ ചെന്നു പതുക്കവേ

117. അമ്പോടാശു യശോദാസമീപത്ത്
ഉണ്ണിക്കണ്ണനെയങ്ങു ശയിപ്പിച്ചു
പെണ്ണിനേയുംകൊണ്ടിങ്ങു പോന്നീടിനാൻ.
ഈററില്ലത്തിലേ ബാലസ്വരം കേട്ടു

121. ഈററുപാമ്പിനെപ്പോലെയക്കംസനും
ചെന്നു പെണ്ണിന്റെ കാലു പിടിപെട്ടു
ഒന്നുയർത്തിപ്പിടിച്ചു കടുക്കനേ,
കല്ലുതന്മേലടിപ്പാൻ തുടങ്ങുംപോൾ

125. കന്യകാ മെല്ലെ മേല്പോട്ടുയർന്നുപോയ്.
"കംസ! നീയെന്റെ കാലു പിടിക്കയാൽ
ഹിംസ ചെയ്തീല നിന്നെയറിഞ്ഞാലും;
അംപാടി തന്നിലുണ്ടൊരു ബാലകൻ

129. വമ്പനാം നിന്നെസ്സംഹരിച്ചീടുവാൻ."
എന്നീവണ്ണം പറഞ്ഞൊരു കന്യകാ
മന്ദമങ്ങു മറഞ്ഞോരനന്തരം
മന്ദബുദ്ധിയായ് കംസൻ പുരിപുക്കു;

133. അന്നേരം തന്നെ ചിന്തയും വർദ്ധിച്ചു.
അംപാടി തന്നിലക്കാലം ഗോവിന്ദൻ
ഇമ്പമോടേ വളരുന്ന കാലത്ത്,
പൂതന ചെന്നു ഗോപികളെപ്പോലെ,

137. പൈതലെച്ചെന്നു വാരിയെടുത്തുടൻ,
"എന്മകനെന്നോടൊന്നു ചിരിച്ചാലും
അമ്മിഞ്ഞിതരാം" എന്നു പറഞ്ഞവൾ,
ശങ്ക കൂടാതെ പങ്കജനേത്രനു

141. കൊങ്ക നൽകിനാൾ; ഉന്നേരം ബാലനും,
പാണികൊണ്ടു പിടിച്ചു കുടിച്ചുടൻ

പ്രാണവായു വലിച്ചുതുടങ്ങിനാൻ.
ക്ഷീണമെന്നിയേ പൂതനേയും കൊന്നു
145. ക്ഷോണിതന്നിൽ പതിപ്പിച്ചു ഗോവിന്ദൻ.
ചക്രപാണിക്കു സംകടമൊന്നേകാൻ
വിക്രമിച്ചാൽ ഫലിക്കുമോ ദൈവമേ!
ഉണ്ണിക്കൃഷ്ണനും ശ്രീബലഭദ്രരും
149. ഉള്ളംചേരുന്ന ഗോപിക്കിടാങ്ങളും
കൂടി മേളിച്ചു കേളീരസം പൂണ്ടു
മോടി കേൾക്കുംപൊളെത്ര മനോഹരം.
കണ്ണനന്നേരം കണ്ണൻചിരട്ടയിൽ
153. മണ്ണുകോരി നിറച്ചു പിടിച്ചുടൻ
കണ്ണുകുത്തിത്തുളച്ചാനതിൽ കൂടെ
മണ്ണു വീഴുന്ന കണ്ടു രസിക്കയും,
പൂഴിച്ചോറും കറികളുമുണ്ടാക്കി
157. ഘോഷിച്ചോരോരൊ സദ്യ കഴിക്കയും,
പച്ചപ്പോളകൾ കൊണ്ടു പലതരം
പിച്ചയുണ്ടാക്കി വട്ടംതിരിക്കയും,
മുററത്തോരോരൊ രൂപം വരക്കയും,
161. പററത്താണുടൻ ചാടിക്കളിക്കയും
മുററം താൻചെന്നൊരേടത്തൊളിക്കയും
മററുള്ളോർകൾ തിരഞ്ഞു പിടിക്കയും,
കൊട്ടപ്പാലം തിരിഞ്ഞു തലതിരി-
165. ഞ്ഞൊട്ടുനേരമൊരേടത്തിരിക്കയും,
ഉണ്ണിതാനൊരു മദ്ദളം ചെണ്ടയും
ഉണ്ണിത്തണ്ടുകൊണ്ടുണ്ടാക്കി മെല്ലവേ
കൊട്ടിത്താനേ തലയും കുലുക്കിക്കൊ-
169. ണ്ടിട്ടിൽത്തോറും നടന്നു കളിക്കയും,
ആനയായിട്ടൊരുത്തനെക്കല്പിച്ചു
താനതിന്മേൽ കരേറിയിരിക്കയും,
ആനപ്പാവനായിട്ടൊരു ബാലകൻ

173. താനത്രേ വീരനെന്നു നടിക്കയും.
ഊഴിതന്നിൽക്കിടന്നു കളിക്കയാൽ
പൂഴിയാൎന്നോരു പീലിക്കാർ കൂന്തലും
പൊന്നുടഞ്ഞാണും പൊന്നിന്മണികളും

177. മിന്നും താലിയും മാലയും ശീലയും
എന്നിതെല്ലാമഴിഞ്ഞു കിഴിഞ്ഞുടൻ
തമ്മിൽ ചുററിപ്പിണഞ്ഞതു കാൺകയാൽ
അമ്മ വേഗേന ചെന്നെടുത്താദരാൽ,

181. അമ്മിഞ്ഞയും കൊടുത്തു പതുക്കവേ.
നീലക്കാർകൂന്തൽ കെട്ടിയുറപ്പിച്ചു:
പീലി നാലഞ്ചെടുത്തു തിരുകിച്ചു:
ബാലകൃഷ്ണൻെറ നല്ല തിരുമേനി

185. ശീലകൊണ്ടു തുടച്ചു വിളങ്ങിച്ചു:
കിങ്ങിണി മണി മോതിരമെന്നിവ
ഭംഗിയോടേയണിയിച്ചു യശോദയും.
അങ്ങിനേതന്നെ രാമനേയും തദാ

189. മംഗലാംഗി ചമയിച്ചു ചൊല്ലിനാൾ.
"ഉണ്ണി മക്കളേ! നിങ്ങൾക്കൊരിക്കലും
ഉണ്ണേണമെന്നും കൂടെ മനസ്സില്ലേ?
അയ്യോ! പാരം വിശക്കുന്നതില്ലയോ?

193. കയ്യും കാലും തളരുന്നുമില്ലയോ?
അന്തിയായതറിഞ്ഞീലയോ നിങ്ങ-
ളെന്തിനിങ്ങിനേ കാട്ടുതുടങ്ങുന്നു?
ഒട്ടും വൈകാതെ ചങ്ങാതിമാരെല്ലാം

197. വീട്ടിൽപോവാനയച്ചാലും മക്കളെ!
ഒട്ടുനേരം കളിച്ചാലതിങ്കലും
ഉട്ടും തൃപ്തിയും വേണ്ടേ ശിശുക്കളെ!
ഉണ്ണിക്കണ്ണുടെ വന്നോരുറക്കവും

201. ഉണ്ണിവായുടെ വന്നോരുറക്കവും
ഉണ്ണിബാബാ ഉറക്കം വരുന്നതേ

ഉണ്ണിതോതോ ഉറക്കമെന്നിങ്ങിനെ
നന്ദപത്നി യശോദാ പതുക്കവേ
205. നന്ദനന്മാരെ ലാളിച്ചുറക്കിനാൾ.
പിറെറന്നാളും പുലച്ചു തുടങ്ങുമ്പോൾ
മുററത്തോരോരൊ ഘോഷം തുടങ്ങിനാർ.
കണ്ണിനാനന്ദമെല്ലാജനത്തിനും
209. ഉള്ളോരായിച്ചമഞ്ഞു ദിനേ ദിനേ.
ഉണ്ണിക്കണ്ണൻെറ കണ്ണുകളക്കാലം
വെണ്ണയും പാലും തൈരുമിരിക്കുന്ന
ദിക്കിലേക്കു ഗതാഗതമായ്വന്നു
213. തക്കമുണ്ടെങ്കിൽ തസ്കരിച്ചീടുവാൻ.
ഗോപനാരിമാരില്ലാതിരിക്കുന്ന
നേരംനോക്കീട്ടൊരുദിനം മാധവൻ
തൈരും പാലും നിറച്ചുള്ള ഗേഹത്തിൽ
217. സ്വൈരം ചെന്നു കടന്നു ശിശുക്കളും.
എത്തുകില്ലുറിയെന്നു നിനച്ചപ്പോൾ
ബുദ്ധികൌശലമന്നേരമുണ്ടായി.
ലാളിച്ചാദരവോടൊരു ബാലൻെറ
221. തോളിൽ മെല്ലെക്കരേറി കുമാരകൻ,
നല്ല പാകമെന്നോർത്തവൻ വെണ്ണയും
നല്ല പാലും കുടിച്ചു തുടങ്ങിനാൻ.
"അത്രമാത്രമെനിക്കും തരികെടോ!;
225. എത്രനേരം ഞാൻ നിന്നെച്ചുമക്കേണ്ടു ?;
ഇത്ര പാരം നീ സ്വാർത്ഥം നിരൂപിച്ചാ-
ലത്ര നിന്നേ വെടിഞ്ഞേച്ചു പോകും ഞാൻ"
എന്നിവണ്ണം പറഞ്ഞേച്ചു മണ്ടിനാൻ
229. തന്നെത്തോളിലെടുത്തോരു ബാലകൻ;
ചാടുവാനെളുതല്ലാഞ്ഞുറിപിടി-
ച്ചാടിനിന്നു കരഞ്ഞു തുടങ്ങിനാൻ.
ആലാപം കേട്ടു വന്നോരു ഗോപിമാർ

233. ബാലകൃഷ്ണനെ താഴത്തിറക്കിനാർ.
"ഉണ്ണി! നീയെന്തു ചെയ്തതെ"ന്നായപ്പോൾ
കണ്ണൻ കൊഞ്ചിപ്പറഞ്ഞു തുടങ്ങിനാൻ.
"പൂച്ചവന്നു കലങ്ങളുടച്ചോരു

237. ഒച്ച കേട്ടു ഞാൻ മണ്ടിവരുംനേരം,
പൊക്കമുള്ളോരുറിയിലെസ്സാധനം
ഒക്കെപ്പൂച്ച കുടിച്ചു പോയില്ലല്ലി
എന്നു നോക്കുവാൻ മെല്ലെക്കരേറി ഞാൻ;

214. അന്നേരത്തെൻെറ കാലുകൾ തെററിപ്പോയ്;
പാലും വെണ്ണയുമിഷ്ടമില്ലിങ്ങെടോ!;
പാലിൻെറ രസമെന്തെന്നറിഞ്ഞീല;
"പാലു പോലെ"ന്നു കേൾക്കാമതിന്നുടെ

245. ശീലമെന്തെന്നു ഞാനറിഞ്ഞിട്ടില്ല;
പാലു കയ്ക്കുമോ പുളിക്കുമോ മധുരിക്കുമോ
പാരംതന്നെ ധരിച്ചിട്ടുമില്ല ഞാൻ."
ഏവം ചൊല്ലിപ്പിള്ളത്തിക്കരയുന്ന

249. ദേവകീസുതൻ തന്നെപ്പുതുക്കവേ
തന്മടിയിലിരുത്തിത്തരുണിമാർ
സമ്മാനിക്കുന്നു വെണ്ണയും പാൽപഴം.
പിറേറന്നാളൊരു ഗോപീ ഭവനത്തിൽ

253. പററിക്കൂടിനാൻ പങ്കജലോചനൻ.
എത്തുംപോരാഞ്ഞുറിയിലിരിക്കുന്ന
പുത്തൻ തൂതതൻ മൂട്ടിൽ കടുക്കനെ
കുത്തിനാൻ കടകോലിൻെറ വാലുകൊ-

257. ണ്ടൊത്തിച്ചാടിത്തുളച്ചു കടൽവർണ്ണൻ,
ധാരയായിട്ടു കീഴ്പോട്ടൊഴുകുന്ന
ക്ഷീരം നന്നായ് കുടിച്ചു തുടങ്ങിനാൻ.
മോരു വിറേറച്ചു ഗോപാലനാരിമാർ

261. ദൂരെനിന്നു വരവു തുടങ്ങുമ്പോൾ
ആരും കാണാതെ കിങ്ങിണിയും പൊത്തി

സാരസേക്ഷണൻ ധാവതി വെക്കയും;
പേടമാൻമിഴിയാളുടെ വീടുകൾ
265. തേടിത്തേടിയൊളിച്ചു നടക്കയും.
നീലക്കാർമുകിൽവൎണ്ണൻെറയിത്തരം
ശീലക്കേടുകൾകൊണ്ടു പൊറുക്കാഞ്ഞ
ഗോപസ്ത്രീകൾ പലരുമൊരുമിച്ച്
269. താപം പൂണ്ടു കരഞ്ഞുതുടങ്ങിനാർ.
ധന്യശീലയായുള്ള യശോദയോ-
ടന്യായത്തിന്നു മെല്ലെപ്പുറപ്പെട്ടു,
നന്ദഗോപൻെറ മന്ദിരം പുക്കവർ,
273. നന്ദപത്നിയോടേവമുരചെയ്തു.
“മങ്കമാർ മണിയാളേ! മഹാഗുണെ!
നിൻകുമാരൻെറ തായാട്ടെളുതല്ലേ;
നിൻകടാക്ഷം കുറഞ്ഞൊന്നുണ്ടാകണം;
277. സംകടംകൊണ്ടു ഞങ്ങൾ പറയുന്നു.
ഉണ്ണിക്കണ്ണനും ചങ്ങാതിമാരുമായ്
വെണ്ണയും പാലും കട്ടുഭുജിക്കയും;
മൺകുടങ്ങൾ കലങ്ങളും പാനിയും
281. പംകജേക്ഷണൻ കുത്തിത്തുളക്കയും;
അംകണംതോറും മണ്ടിനടക്കുന്നു
മങ്കമാരെ പരിഹാസം കൂട്ടുന്നു;
ഇന്നലെക്കൊണ്ടുപോന്നോരു മോക്കുടം
285. ഇന്നു രാവിലുടച്ചുപോൽ നിന്മകൻ;
നാലിടങ്ങഴി നെല്ലു കൊടുത്തുടൻ
പാലുകാച്ചാൻ കലമൊന്നു മേടിച്ചു,
പാലൊഴിച്ചപ്പോൾ ചോരുന്നതും കണ്ടു,
289. ബാലൻനിന്നു ചിരിക്കുന്നതും കണ്ടു;
ഉണ്ണിക്കൃഷ്ണനൊരാനത്തലയോളം
വെണ്ണ താനേയെടുത്തു ഭുജിച്ചിടും
‘അമ്മേ! പാരം വിശക്കുന്നു തന്നാലും

293. ഉണ്മാ'നെന്നവനെന്നിട്ടിരക്കുന്നു;
ഉണ്മാനില്ലാത്ത ഞങ്ങളിന്നെന്തെല്ലാം
സമ്മാനിക്കേണ്ടു നമ്മുടെയുണ്ണിക്ക്.
അമ്മാമനാണിക്കണ്ണുരണ്ടാണിവൻ
297. നിമ്മരിയാദം തന്നെ തുടങ്ങുന്നു.
ഉണ്ണി തൻെറ ഉദരം നിറപ്പാനും
ദ്ദണ്ഡമില്ല,തുകൊണ്ടല്ല സംകടം;
കണ്ണിൽ കണ്ട കലങ്ങൾ കുടങ്ങളും
301. കിണ്ണം കിണ്ടി തളിക ഉരുളികൾ,
കട്ടൊളിക്കയും, കാട്ടിലെറികയും,
കട്ട പൊട്ടിച്ചെറിഞ്ഞങ്ങുടക്കയും
കാട്ടിക്കൊണ്ടാലിളക്കാതിരിക്കുമോ?
305. നാട്ടിലുള്ള ജനങ്ങൾ പൊറുക്കുമോ?
നാടുവാഴിക്കിടാവിനെശ്ശിക്ഷിപ്പാൻ
നാടുവാഴിക്കുതന്നേയെളുതാവൂ.
ശീലക്കേടുള്ള പുത്രനേ ലാളിച്ചാൽ
309. നാണക്കേടുണ്ടാമച്ഛനുമമ്മക്കും.
കാലക്കേടിപ്പൊളിജ്ജനത്തിന്നായ-
മൂലം നിങ്കൽ ധരിപ്പിക്കുമാറായി;
വല്ലാമക്കളിലില്ലാത്ത മക്ക'ളെ-
313. ന്നെല്ലാരും പണ്ടു ചൊല്ലുന്നതില്ലയോ?
ഗോരസം വിററു കൊററു കഴിക്കുന്ന
നാരിമാർ ഞങ്ങളൊക്കെ വലയുന്നു;
ചോരണം ചെയ്യാൻ കെല്പുള്ള നന്ദനൻ-
317. കാരണം ഞങ്ങളയ്യമിരക്കുന്നു.
അയ്യോ! ഞങ്ങളെ രക്ഷിച്ചുകൊൾക നീ
'പൊയ്യല്ല ഗതിയെന്നുള്ളു ഞങ്ങൾക്ക്.
പാട്ടനെല്ലില്ല; പാട്ടകൃഷിയില്ല;
321. കൂട്ടം, ചങ്ങാതം, കൂലിച്ചവുമില്ല;
കെട്ടിവെച്ച ധനമില്ല, പൊന്നില്ല;

ചെട്ടിയെപ്പോലെ വാണിഭവുമില്ല;
കാൎയ്യക്കുറില്ല; കാണക്കൊടയില്ല;
325. വാരക്കുറും പലിശനെല്ലുമില്ല;
സ്ഥാനമില്ല; തറയിൽ വരവില്ല;
ദാനമില്ല; പ്രതിഗ്രഹവുമില്ല;
ദേശത്തേക്കൊരു വമ്പില്ല; മുമ്പില്ല;
329. വേശമാക്കുള്ള കാണപ്പണമില്ല;
കൂത്തും, പാട്ടു, മങ്ങാട്ടം തൊഴിലുകൾ,
മാത്രക്കോലു,മങ്ങായുധവിദ്യയും,
ശാസ്ത്രക്കൂട്ടത്തിലോഹരിയുമില്ല;
333. ശാസ്ത്രജ്ഞാനവുമില്ലിജ്ജനങ്ങൾക്ക്.
ഗോരസം വിററു കൊററു കഴിക്കുന്ന
നാരിമാരും വലഞ്ഞു വെണ്ണംബികെ!
മോരും തൈരും തിരടിത്തുടങ്ങിയാൽ
337. ആരും ജീവിക്കയില്ലെന്നതും വരും.
പട്ടിയെപ്പോലെ പട്ടിണിയുമിട്ടു
പട്ടണംതോറും മണ്ടിനടക്കയോ?
പെട്ടവണ്ണം നൃപന്മാരെസ്സേവിച്ചു
341. കൊട്ടണച്ചോറും തിന്നുകിടക്കയോ?
പാള കയ്യിലെടുത്തു നടക്കയോ?
കാളപോലേ ചുമടു ചുമക്കയോ?
ആട്ടക്കാരുടേ പെട്ടിയെടുക്കയോ?
345. കോട്ടവാതിലും കാത്തു കിടക്കയോ?
വേക്കോലം കെട്ടിച്ചാടി നടക്കയോ?
ചാക്കിയാരുടെ പിമ്പേ നടക്കയോ?
പാടത്തൊങ്ങാനും വിത്തു വിതക്കുംപോൾ
349. മാടവും വെച്ചു കാത്തു കിടക്കയോ?
മാടണിക്കൊങ്കമാരുടേ പിന്നാലെ
ചേടിയായിട്ടു മുററമടിക്കയോ?
എന്തുകൊണ്ടിനി ഞങ്ങൾ പൊറുക്കുന്നു.

353. ചിന്തിച്ചാലും വഴിപോലെ സ്വാമിനി!.
മൺകുടങ്ങളുടഞ്ഞതു ഞങ്ങൾക്ക
പൊൻകുടങ്ങളുടഞ്ഞതുപോലെയായ്.
പൂഴി കോരുന്ന മുററിമുറംപോലും

357. നാഴി നെല്ല കൊടുക്കാതെ കിട്ടുമോ?
അൎത്ഥമുള്ള നരനും നരേന്ദ്രനും
അൎത്ഥം പോയാലനൎത്ഥം സമം തന്നെ.
‘മന്നിലുള്ളോരെറുമ്പിന്നിറവെള്ളം

361. തന്നെയല്ലോ സമുദ്രം’ മഹാമതെ!
തന്നുടേ ധനം സാരം തനിക്കെന്നു
ധന്യശീലേ! ധരിച്ചാലുമംബികേ!
ആനയുള്ളവനാനനശിച്ചാലും

365. ചേനയുള്ളോനു ചേന നശിച്ചാലും
ദീനഭാവവും ചിന്താവിഷാദവും
മാനഹാനിയുമെല്ലാമൊരുപോലെ.
എന്തിനിത്ര വളരെപ്പറയുന്നു?

369. നിന്തിരുവടിക്കെല്ലാമറിഞ്ഞീടാം.”
— “എങ്കിൽ കേട്ടാലുമെൻെറ ഭവനത്തിൽ
പംകജേക്ഷണൻ വന്നാനൊരുദിനം.
അന്നേരംതന്നെ ഞാനൊരു കിണ്ടിയിൽ

373. മൂന്നാഴിപ്പാലു കാച്ചി നിറച്ചുടൻ,
പച്ചിലകൊണ്ടു വായ്കെട്ടി മെല്ലവേ
മച്ചിൽ വെച്ചുകൊണ്ടിങ്ങു പോന്നീടിനേൻ;
കണ്ടു നില്ക്കുന്നു അന്നേരം നിന്മകൻ;

377. കണ്ടീലെന്നു നടിച്ചു നടന്നുടൻ;
ഞാനുമെൻെറ യനുജത്തിയും കൂടി
സ്നാനത്തിന്നു തിരിച്ചോരവസരേ
കണ്ണൻ മച്ചിൽ കടന്നുടനക്ഷീരം

381. മണ്ണ മോന്തിക്കുടിച്ചാൻ മടിയാതെ;
മിണ്ടാതെ ചെന്നടുക്കളയിൽ പുക്ക-

ക്കിണ്ടിതന്നുള്ളിൽ വെള്ളം നിറച്ചുടൻ
മച്ചിലങ്ങു നടെയത്തെ സ്ഥാനത്തു
385. വെച്ചുകൊണ്ടങ്ങു പോയീതു നിന്മകൻ.
അസ്തമിച്ചപ്പോൾ ഞാനുമകം പുക്ക;
അത്താഴത്തിന്നു മാതുലനും വന്നു;
അത്താഴം കഴിഞ്ഞമ്മാമൻ മച്ചിലേ

389. മെത്തയേറിശ്ശയിപ്പാൻ തുടങ്ങുംപോൾ,—
"അമ്മാമ! നാഴിപ്പാലുണ്ടിരിക്കുന്നു;
ഉണ്മാൻ കാലത്തു ഞാനും മറന്നുപോയ്"
എന്നുടനേ പറഞ്ഞപ്പൊളമ്മാമൻ

393. ചെന്നെടുത്തു പാൽ മോന്തിക്കുടിച്ചപ്പോൾ:—
"പച്ചവെള്ളം ചുവക്കുന്നതെന്തെടീ!
പച്ചപ്പാലോ നീ വെച്ചിരിക്കുന്നത്?
കള്ളത്തൊഴിലു* നീ വെള്ളം കുടിപ്പിപ്പാ-

397. നുള്ളിലോർത്തു നമ്മോടു നന്നെടി!"
എന്നിവണ്ണം കയൎത്തെന്റെയമ്മാമൻ
എന്നെക്കിണ്ടികൊണ്ടൊന്നെറിഞ്ഞീടിനാൻ.
അന്നേരം വന്നു നിന്നുടെ നന്ദനൻ,

401. നിന്നു ചാടിക്കളിച്ചൊന്നുരചെയ്തു:—
:—"ഇന്നലേ മമ പാലു തരായ്കയാൽ
ഇന്നിവണ്ണം ചതിച്ചു ഞാൻ നിങ്ങളെ"
എന്നു ചൊല്ലുന്ന നന്ദനോടുത്തരം

405. എന്തു ചൊല്ലേണ്ടു ഗോകുല നായികേ!"
എന്നതു കേട്ടു ചൊന്നാളൊരുത്തിയു-
"മെന്നെച്ചെയ്തതിൽ പരമാകുന്നു;
:—ഞാനൊരുനാളെൻ പൈതല്ക്കു നൽകുവാൻ

* ഈ വരിക്ക് വൃത്തഭംഗമുള്ളപോലെ തോന്നും. "ഴിലു" എന്ന രണ്ടക്ഷരം ഒരക്ഷരംപോലെ ഉച്ചരിച്ചാൽ വൃത്തം ശരിയാവുന്നതാണ്, സംഭാഷണത്തിൽ അങ്ങിനെ വരാവുന്നതാണല്ലോ.

409. പായസം നന്നായ് നിൎമ്മിച്ചുവെച്ചുടൻ
പൈതലെത്തേടിപ്പോയോരു നേരം നിൻ
പൈതലാമിവൻ വന്നു, തദന്തരെ
പിള്ളരോടും കടന്നു കലമതി-

413. ലുള്ളപായസമെല്ലാം ഭുജിച്ചുടൻ
ചാണകമതിലാശു നിറച്ചുടൻ
കാണാതെ പോയാൻ ചങ്ങാതിമാരോടും.
ഉണ്ണിയോടും ഞാൻ വന്നു ഗൃഹംപുക്ക

417. തിണ്ണം പായസമുണ്ണാൻ പറഞ്ഞപ്പോൾ
മണ്ടിച്ചെന്നവൻ വാരിബ്ഭുജിച്ചുടൻ
തൊണ്ടപൊട്ടുമാറോക്കാനിച്ചീടിനാൻ.
'എന്തിതുണ്ണിയിതെ'ന്നു ചോദിച്ചപ്പോൾ

421. എന്തൊരു ശണ്ഠയെന്നെയെൻ ബാലകൻ!
'കൊല്ലുവാൻ നീ തുടങ്ങീതെന്നാകിലും
ചാണകം തന്നു കൊല്ലേണമെന്നുണ്ടോ?'
ഏവം ബാലൻ പറഞ്ഞു കരഞ്ഞുടൻ

425. മേവിനാൻ പുനരേററവും കോപത്താൽ.
പംകജാക്ഷനീവണ്ണം തുടങ്ങിയാൽ
മങ്കമാർ ഞങ്ങളെന്തൊന്നു ചെയ്യേണ്ടു?"
"എന്നുമല്ല ഇതിൽപരമായിട്ടു

429. നിന്നുടെ സുതനൊന്നു പ്രവൎത്തിച്ചു.
അപ്പാടെ വീട്ടിലച്ഛനു നൽകുവാൻ
അപ്പങ്ങൾ ഞാൻ പ്രയത്നപ്പെട്ടുണ്ടാക്കി
ഭാജനം തന്നിൽ വെച്ചു ഞാനാദരാൽ

433. ഭോജനത്തിന്നിരുന്നോരു നേരത്ത്
ആരും കാണാതെ പിള്ളരോടൊന്നിച്ചു
സ്വൈരമായ് വന്നു നിന്നുടെ നന്ദനൻ;
സ്വല്പമല്ലാതൊരപ്പങ്ങളൊക്കവേ

437. തപ്പിവാരിയെടുത്തു കടൽവൎണ്ണൻ,
ചങ്ങാതിമാൎക്കു നൽകീട്ടനന്തരം,

മംഗളമായിത്താനും ഭുജിച്ചുടൻ,
തിന്നുശേഷിച്ചൊരപ്പങ്ങളുംകൂടി
നന്ദനന്ദനൻ കയ്യിൽ പിടിച്ചുടൻ,
ശുഷ്കങ്ങളായ ഗോമയജാലങ്ങൾ
കൈക്കൊണ്ടന്നതിൽവെച്ചു മെല്ലവേ,
മുമ്പിലെപ്പോലെ വായ്കെട്ടിവെച്ചുടൻ,
തൻപരിജനത്തോടും നടകൊണ്ടാൻ.
ഭോജനം കഴിഞ്ഞാശു ഞാൻ മെല്ലവേ
ഭാജനവുമെടുത്തുകൊണ്ടാദരാൽ
അപ്പാട്ടെക്കു പുറപ്പെട്ടു ചെന്നു ഞാൻ
അച്ഛൻ തന്നുടെ കൊച്ചകം പുക്കുടൻ,
'വേഴ്ചപ്തുണ്ടുടനച്ഛനു ഞാനൊരു
കാഴ്ചകൊണ്ടന്നേ'നെന്നു പറഞ്ഞപ്പോൾ
ആശ്ചര്യമെന്നു ചൊന്നതിവൃദ്ധനാ-
മച്ഛനും കുരച്ചുമ്പോടെഴുന്നേറ്റു,
പച്ചിലകൊണ്ടു വായ്ക്കെട്ടിയ പാത്രം
പിച്ചിമാന്തിപ്പൊളിച്ചു തെരുന്നനെ,
കൊച്ചുകളേയുമെല്ലാം വിളിച്ചുടൻ
അച്ഛനീരണ്ടും മുമ്മൂന്നും നൽകിനാൻ;
എട്ടുപത്തെടുത്തച്ഛൻ കരമതി-
ലിഷ്ടമോടെ പിടിച്ചു വിരവോടെ,
അന്ധകാരം നിറഞ്ഞ ഗൃഹംതന്നിൽ
എന്തെന്നോരാതെ വായിലാക്കീടിനാൻ.
അപ്പൊഴേ ചിലരോക്കാനിച്ചീടിനാ-
രച്ഛനും കുരച്ചൊട്ടു വമിച്ചിതു.
'ചാണകം ചുവച്ചീടുവാനെന്തൊരു
കാരണ'മെന്നു ചൊന്നാരതിൽ ചിലർ;
ചാണകം ചുവച്ചീടുകയല്ലിതു
ചാണകപ്പൊട്ടു തന്നെയെന്നാർ ചിലർ;
വായുംപൊത്തിക്കൊണ്ടോടീടിനാർ ചിലർ;

469. പേയായച്ഛൻ ചൊടിച്ചു പറഞ്ഞിതു;
:—"വേഴ്ച്ചപൂണ്ടു നീ കൊണ്ടന്ന കാഴ്ചയി-
ന്നാശ്ചര്യം, മിതിവിടെയുമുണ്ടെടി!
എത്രയും വൃദ്ധനായുള്ളോരെന്നോടി-
473. ന്നിത്ര ധിക്കാരം കാട്ടുവാനെന്തെടി"
എന്നു ചൊല്ലിയും, വായിൽ കരമിട്ടു
നന്നായോക്കാനിച്ചിട്ടും കുരച്ചിട്ടും,
ഇത്തരം കണ്ടിളിഭ്യംകലന്നു ഞാ-
477. നത്തലും പൂണ്ടു പോന്നു ഗൃഹം പുക്ക."
മറെറാരുത്തി പറഞ്ഞാളതുനേരം.
:—"അററമില്ലാ പറഞ്ഞു തുടങ്ങിയാൽ,
കുററമുണ്ടായ്വരുമെന്നു ശംകിച്ചി-
481. ട്ടേററം ഞങ്ങൾ പറവാൻ മടിക്കുന്നു;
വീട്ടിലിന്നു പുലർകാലെ വന്നുപോ-
ലുണ്ണിക്കൃഷ്ണനും പിള്ളരുമായിട്ട്;
കണ്ണച്ചിപ്പശു തന്നുടെ കുട്ടിയെ
485. കണ്ണൻ വിട്ടു കുടിപ്പിച്ചു പോയിപോൽ;
ഞാനുണന്നു വിഴപ്പു പകന്നുടൻ
പാനിയുംകൊണ്ടു ചെന്നു കറന്നപ്പോൾ
തുള്ളിപ്പാലിന്നു കിട്ടിയെനിക്കു, ഞാൻ
489. തുണിപ്പാലു കറന്നായം നിത്യവും.
മുണ്ടുവാലിക്കു നാലഞ്ചു പെററിട്ടും
രണ്ടിടങ്ങഴിപ്പാലിൽ കുറവില്ല;
കണ്ടുകൊൾവിനൊരാപത്തവളെയും
493. രണ്ടുനാലു ദിനമുണ്ടു കാണാത്തു;
ഇന്നു കേട്ടു ഞാനങ്ങൂട്ടെ വീട്ടിലെ-
ക്കുന്നിൻക്കൂടെ മുളച്ചുപോൽ നിന്മകൻ;
എങ്കിലങ്ങൂട്ടെപ്പെണ്ണുങ്ങളെപ്പേരും
497. കയ്യൂലാക്കുവാനല്ലാതെ നോക്കുമോ?
കഷ്ടം കഷ്ടമിതെന്നേ പറയാവൂ

പട്ടിണികളും ഹേതുക്കളൊക്കയും.
വല്ലേടത്തും പുറപ്പെട്ടു പോയ്ക്കൊണ്ടാൽ
വല്ലതുംകൊണ്ടഹസ്സു കഴിച്ചോളാം:
നല്ലതിപ്പോഴതെന്നു പതുക്കവെ
വല്ലവിമാർക്കു ചിത്തമുറയ്ക്കുന്നു."

---

## വൃത്തം മാറി.

ഇങ്ങിനെ തരുണികൾ പലപല വാക്കുക-
ളങ്ങു നിറഞ്ഞു പറഞ്ഞ ദശായാം
മംഗളഗുണഗണവിശദ യശോദാ
ഭംഗിയൊടുത്തരഗിരമുരചെയ്തു.

"ഗോപനിതംബിനിമാരേ! വരുവിൻ;
കോപരസങ്ങളശേഷം കളവിൻ;
നമ്മുടെ മകനുടെ നാടകമീവക
സമ്മതമല്ല നമുക്കെന്നാലും,

ഉണ്ണിയൊടപ്രിയമുരചെയ്വാൻ മമ
ദണ്ഡമിതെന്നേ പറവാനുള്ളു.
പീലിക്കാർ മുടി കെട്ടിയതിൽ ചില
മാലകൾ ചാർത്തി നടക്കുംപോഴും,

പഞ്ചമമതികലയഞ്ചീടുന്നൊരു
മഞ്ജുളനെററിത്തടവും, വടിവും,
മന്മഥവില്ലിൻ ഭംഗി കെടുന്നൊരു
നിർമ്മലചില്ലികൾ കാണുംപോഴും,

ജലജദളത്തിന്നുള്ള കമിടിയും
ബാലകണ്ണിണ കാണുംപോഴും,
അവനൊടു കോപിച്ചൊന്നുരചെയ്വാൻ
അരുതരുതേതും മതിമുഖിമാരെ!

അരിശമിയന്നൊരു നേരത്തെന്മക-
നരികെവരുംപോളഖിലം നീങ്ങും.

എൾപ്പൂവെന്നൊരു നാസിക കണ്ടാൽ
എപ്പൊഴമില്ലവനോടൊരു വൈരം.

25. തൊണ്ടിക്കൊത്തോരധരം കണ്ടാൽ
ഉണ്ടാമോദമനേകമനേകം
പുഞ്ചിരിപുതുമകൾ കാണുംനേരം
കൊഞ്ചിക്കൊൾവാനെന്നേ തോന്നൂ.

29. മിന്നീടുന്നൊരു ഗണ്ഡസ്ഥലവും
ഉന്നീടുംപോൾ കാണ്മാൻ തോന്നും.
എന്മകനായിട്ടിവനുടെയോരോ
നന്മകൾ ചൊല്ലുകയല്ല ധരിപ്പിൻ.

33. ശംഖിനൊടൊത്തൊരു ഗളവും കണ്ടാൽ
സംകടമത്രേയവനൊടു ചൊൽവാൻ.
വക്ഷോഭാഗം കണ്ടാലതിനുടെ
ശിക്ഷകളെങ്ങിനെ ചൊല്ലീടേണ്ടൂ.

37. ആലിലയൊത്തോരണിവയർ കണ്ടാൽ
ബാലനെയെങ്ങിനെ ശാസിക്കേണ്ടൂ.
അരമണി കിങ്ങിണി കെട്ടീട്ടവനുടെ-
യരികെവരുംപോളുണ്ടൊരു കുതുകം.

41. ചിററാടയുമപ്പീതാംബരവും
ചുററിക്കണ്ടാലെത്ര വിചിത്രം?
ഊരുയുഗളം ചേരും വടിവും
പാരമെനിക്കുണ്ടതിലാനന്ദം.

45. ഉണ്ണിക്കാലടി രണ്ടും കണ്ടാൽ
കണ്ണനൊടൊന്നും പറവാനരുതേ.
കണ്ണേമോതിരമമ്പൊടു കെട്ടി-
ക്കണ്ടാവൂ ഞാനെന്നു കൊതിച്ചു.

49. കരമതിൽ വളയും കടകം കാണ്മാൻ
പരിചോടാഗ്രഹമുണ്ടായേററം.
പാദസരോജേ ചേർത്ത ചിലമ്പിൻ
നാദംകേൾപ്പാനെത്ര കൊതിച്ചു.

53. അവനൊടുകോപിച്ചൊന്നുരചെയ്യാൻ
അരുതരുതേതും മതിമുഖിമാരെ!
കോപം മനസിയി*ലവനോടരുതിനി
ഗോപനിതംബിനിമാരെ! കേൾപ്പിൻ!

57. പാൽകിഴ പോയതിനെന്നുടെ വെള്ളി-
പ്പാൽകിഴ താരാം മടിക്കൂടാതെ.
മണ്ണുകുടങ്ങളുടഞ്ഞതിനൊക്കെ
സ്വർണ്ണകുടങ്ങൾ തരുന്നുണ്ടല്ലോ.

61. മൺകിണ്ണങ്ങളുടഞ്ഞതിനിപ്പോൾ
പൊൻകിണ്ണങ്ങൾ തരുവൻ വിരവിൽ.
തച്ചുതകർത്തൊരു മൺകിണ്ടിക്കിത
വെച്ചുതെടുപ്പിൻ പൊൻകിണ്ടികളും.

65. ഉരുളി തളികാ പോയതിനൊക്കെ-
പ്പുറവിൻ വിരവിനൊടഖിലം നൽകാം.
കലവും കുടവും പോയതിനൊക്കെ
വിലയും കേട്ടാലഖിലം നൽകാം.

69. കൊണ്ടുവരുന്ന കുടങ്ങൾ നിറച്ചിഹ
കനകപ്പൊടി ഞാൻ തന്നു പുലർത്താം.
മിണ്ടരുതിവനുടെ കുററമൊരുത്തരു-
മതിനിത തൊഴുതേൻ ഗോപികമാരെ!

73. ആറേഴെട്ടു വയസ്സാവുംപോൾ
മാറിക്കൊള്ളും കാട്ടുകളെല്ലാം.
എത്രകൊതിച്ചു ജനിച്ചൊരു പുത്രൻ
എത്ര മനോഹരനായ ശരീരൻ

77. അവനോടപ്രിയമുരചെയ്യാൻ മമ
ശിവ ശിവ ശംകര! സംകടമല്ലൊ!
ഗോപികമാരെ! മത്തമതംഗജ-
ഗാമിനിമാരെ! ഭാമിനിമാരെ!

---

* ഇത് ലേഖകപ്രമാദമായിരിക്കണം — "മനമതിൽ" എന്നായിരിക്കണം ശരിയായ പാഠമെന്നു തോന്നുന്നു.

81. നാമിനി മോദാൽ മേളിച്ചഖിലം
താമസരഹിതം തരുവൻ വിരവിൽ"
എന്നു പറഞ്ഞു യശോദ തദാനീം
വന്നു നിറഞ്ഞ നിതംബിനിമാൎക്ക്

85. വന്നീതനവധി മോദത്തോടെ
ചെന്നവരവരവർ നിലയം പുക്കാർ.

ശ്രീകൃഷ്ണവിലാസം കഥാസാരം സമാപ്തം.

# ടിപ്പണം.

1. കവിമാതാവ്=കവികളുടെ മാതാവ് (ദേവി:—സരസ്വതി) ശിതികണ്ഠദേവൻ=നീലകണ്ഠഭഗവാൻ.

ആദ്യത്തെ പത്തു വരികളെക്കൊണ്ട് കവി ഇഷ്ടദേവതാനമസ്കാരവും വസ്തുനിർദ്ദേശവും സാധിച്ചിരിക്കുന്നു.

അനന്തരം കഥാരംഭമാണെന്നു കാണിച്ചു ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കുവാൻവേണ്ടി "എങ്കിലോ" എന്നിങ്ങിനെ കാവ്യം ആരംഭിക്കുന്നു.

നീലലോഹിതൻ=ശിവൻ. (നീലവർണ്ണവും ലോഹിതവർണ്ണവുമുള്ളവൻ.—ശിവൻെറ കണ്ഠത്തിൽ നീലവർണ്ണവും ജടയിൽ രക്തവർണ്ണവുമുള്ളതുകൊണ്ടാണ് നീലലോഹിതൻ എന്ന പേരുണ്ടായത്).

28—ശ്രീമഥുരാപുരി=ശ്രീയുള്ളതായ മഥുരാപുരി.—മഥു എന്ന അസുരൻ സ്ഥാപിച്ച പട്ടണമായതുകൊണ്ടാണ് ഇതിന്നു "മഥുര" എന്നു പേര് വന്നത്. മഥു എന്നവനായിരുന്നു ലവണാസുരൻ. ചിലർ തെററായി മധുര എന്നു പറയാറുണ്ട്. മധുര തെക്കുള്ള ഒരു നഗരമാകുന്നു.

33. കാശ്യപി=ഭൂമി. കാശ്യപമുനിയെ സംബന്ധിച്ചത് എന്നു ശബ്ദാർത്ഥം. പരശുരാമൻ ക്ഷത്രിയരാജാക്കന്മാരെ ജയിച്ചു ഭൂമി കൈവശപ്പെടുത്തുകയും, അശ്വമേധം ചെയ്തു്, ആ യാഗാവസാനത്തിൽ കാശ്യപന്നു ദാനംചെയ്കയുമുണ്ടായി എന്നു പുരാണത്തിൽ പറയുന്നു.

34-ാം വരിയോടുകൂടി പൂർവ്വകഥാപ്രസ്താവം കഴിഞ്ഞു പ്രകൃതത്തിൽ പ്രവേശിക്കുന്നു.

41—ശ്രീപതി മകനായി പിറന്നീടുവാൻ=ശ്രീപതി=ശ്രീയുടെ (ലക്ഷ്മിയുടെ) പതി, ഭർത്താവ്:—മഹാവിഷ്ണു മകനായി ജനിക്കുവാൻ വേണ്ടി—ശ്രീപതിക്കു അമ്മയാവാൻ വേണ്ടി—എന്നു പറയുന്നതാണ് യുക്തം. താല്പര്യം അതു തന്നെയാണ്താനും.

53 — ചട്ടററീടിന = കുററമില്ലാത്ത (കേടില്ലാത്ത) ചട്ട്+അററീടിന. മട്ടലർമിഴി = മട്ടുള്ള (തേനുള്ള) അലർ (പുഷ്പം) പോലെയുള്ള മിഴികളോടുകൂടിയവൾ. പംകജാക്ഷി എന്നു താല്പൎയ്യം.

74 — കേവലാനന്ദരൂപനായ = ആനന്ദമയസ്വരൂപനായ അനന്തനും (ആദ്യം) ദേവകീജഠരത്തെ പ്രവേശിച്ചു; പിന്നെ മോഹനീയശരീരം (കൈക്കൊണ്ട്) രോഹിണീഗൎഭം തന്നിൽ അകംപുക്ക്, രോഹിണീപുത്രനായ താലാംകനുണ്ടായി. മനോഹരംതന്നെ — ആശ്ചൎയ്യകരമായ ഈ സംഭവം മനോഹരം തന്നെ എന്നൎത്ഥം. ബലഭദ്രൻ വിഷ്ണുവിൻെറ അവതാരമാക കൊണ്ടു ഈവക പുത്രമകൾ സംഭവിച്ചതാണെന്നും അത് ആകപ്പാടെ മനോഹരമെന്നേ പറയാനുള്ളു എന്നും അഭിപ്രായം. വിഷ്ണുവിൻെറ അവതാരമായിട്ടാണല്ലോ ബലഭദ്രനെയും പുരാണങ്ങൾ കണക്കാക്കുന്നത്. ദശാവതാരങ്ങൾ വിവരിക്കുമ്പോൾ എട്ടാമത്തേതു ബലഭദ്രനാകുന്നു. അനന്തൻ വിഷ്ണുവിൻെറ കലയാകയാൽ ആനന്ദസ്വരൂപൻ എന്നു പറഞ്ഞിരിക്കുന്നു.

86. പംകജപ്രിയബന്ധു = സൂൎയ്യൻ. സിന്ധു = വരുണൻ.

94. ഇച്ഛയോട് = ആസക്തിയോടെ = ഏകാഗ്രവിചാരത്തോടുകൂടി. എന്നെ സേവിക്കകാരണാൽ — ദേവകീവസുദേവന്മാർ പൂൎവ്വജന്മത്തിൽ അദിതിയും കാശ്യപനുമായിരുന്നുവെന്നും, വിഷ്ണുവിനെ പ്രസാദിപ്പിച്ച് വിഷ്ണുതന്നെ അവൎക്കു പുത്രനായിപ്പിറക്കേണമെന്നു വരം വാങ്ങിയെന്നും, അതിന്നനുസരിച്ച് ഒന്നാം ജന്മം അദിതിയുടേയും കാശ്യപൻെറയും പുത്രരൂപേണ വാമനനായി ജനിച്ചു എന്നും, പിന്നെ കൌസല്യയും ദശരഥനുമായി ഭൂമിയിൽ ജനിച്ചു അവരുടെ പുത്രനായി രാമനായവതരിച്ചു എന്നും, ഇപ്പോൾ — ദേവകീവസുദേവന്മാരായി ജനിച്ചിട്ടുള്ള അവരുടെ പുത്രനായിട്ടാണ് കൃഷ്ണാവതാരമുണ്ടായിരിക്കുന്നതെന്നും ,പുരാണപ്രസിദ്ധം. — ഇച്ചരിത്രമിവിടെത്തുടങ്ങി = ഈ പ്രവൃത്തി ഇവിടെ ചെയ്തു: — ഇങ്ങിനെ നിങ്ങളുടെ പുത്രനായി ജനിച്ചു.

109. സംശയാൽ = സംശയത്തോടെ — പലതരം ശങ്കക

ളോടുംകൂടി:— ഭാവികാൎയ്യങ്ങളെപ്പററി ആലോചിച്ചു ചഞ്ചല മാനസനായി.

110—"ഈററില്ലത്തിലെ ബാലസ്വരം കേട്ടു" എന്ന വരിക്കും അതിൻെറ മുമ്പെയുള്ള വരിക്കും മദ്ധ്യേ—വസുദേവൻ ആ കുമാരിയെ കൊണ്ടുവന്ന് ദേവകിയുടെ കയ്യിൽ കൊടുത്ത്, അവരിരുവരും യഥാപൂൎവ്വം വസിച്ചു– എന്നുള്ള കഥാഭാഗം സംകല്പിച്ചുകൊള്ളണം.

132 — മന്ദബുദ്ധിയായ്=ബുദ്ധിമന്ദിച്ച്—മനസ്സിടിഞ്ഞ്.

133.=ചിന്ത=ആധി— ഇവിടെ ശ്രീകൃഷ്ണനെപ്പററി വൎണ്ണിക്കുവാനുള്ള ബദ്ധപ്പാടുകൊണ്ട്, കവി, ദേവകീവസുദേവന്മാരെ കംസൻ ആശ്വസിപ്പിക്കുന്നതും ബന്ധനത്തിൽനിന്നു വിട്ടതും വിട്ടുകളഞ്ഞിരിക്കുന്നു.

144—പൂതനേയും=പൂതനയേയും.

148—ശ്രീകൃഷ്ണൻെറ ബാലലീലകൾ വൎണ്ണിക്കുവാൻ ബദ്ധപ്പാടായി കവി ശൈശവസംഭവങ്ങളെ ഒന്നായി വിട്ടിരിക്കുന്നു. പൂതനാമോക്ഷത്തിന്നു ശേഷം, കവി പിന്നെ സംകല്പദൃഷ്ട്യാ കാണുന്നത്, ഓടിക്കളിച്ചു നടക്കുന്ന കൃഷ്ണനെയാണ്. കവിയുടെ ഉദ്ദേശവും ബാലകൃഷ്ണൻെറ ലീലാവിലാസങ്ങളെ വൎണ്ണിക്കേണമെന്നതു മാത്രമായിരുന്നു എന്നു "ശ്രീകൃഷ്ണവിലാസകഥാസാരം" എന്ന പേരുകൊണ്ടുതന്നെ ഊഹിക്കാം. കൃഷ്ണൻെറ വിലാസകഥകളുടെ:— വിളയാട്ടങ്ങളുടെ — സാരം മാത്രമാണല്ലൊ വിവരിക്കാൻ പ്രതിജ്ഞചെയ്യുന്നത്.

158—പച്ചപ്പോളകൾ=വാഴയുടെ പച്ചപ്പോളകൾ.

159—പിച്ചകൾ=പിച്ചകളെന്നു പറയാറുള്ള ഒരു തരം കളിക്കോപ്പുകൾ. പോളകൊണ്ടുണ്ടാക്കിയ ഇത് ഒരു നാരു കെട്ടി പമ്പരംപോലെ തിരിച്ചു കുട്ടികൾ കളിക്കുക പതിവാകുന്നു. (പിച്ച=കളിക്കോപ്പ്. എന്നും അൎത്ഥം പറയാം. അതിനാൽ പല തരം കളിക്കോപ്പുകളുണ്ടാക്കി എന്നും അൎത്ഥമാവാം.)

161. പററത്താണ്=പററെ+താണ്:—നിലത്തു തൊടത്തക്കവണ്ണം ദേഹം പതിഞ്ഞമൎന്ന്. ബാലസ്വഭാവത്തിന്നനുസരിച്ചു ഈ വക കളികൾ വളരെ സ്വാഭാവികമായ വിധം വിവരിച്ചിരിക്കുന്നു.

164. കൊട്ടപ്പാലം തിരിഞ്ഞ്=വേഗം വട്ടത്തിൽ തിരിഞ്ഞ്. നിന്ന നിലയിൽനിന്നു നീങ്ങാതെ, നിൽക്കാതെ വട്ടം തിരിയുക: ഇതു കുട്ടികളുടെ ഒരുതരം കളിയാകുന്നു.

168—"തലയും കുലുക്കിക്കൊണ്ട്"—ഈ വൎണ്ണനം വളരെ സ്വാഭാവികമായിരിക്കുന്നു. ലീലകളുടെ വൎണ്ണനമെല്ലാം ബാലസ്വഭാവത്തിന്നു വളരെ യോജിച്ചിരിക്കുന്നുവെങ്കിലും ഇതിന്നു കുറച്ചധികം സ്വാഭാവികത്വം തോന്നിക്കാൻ കഴിഞ്ഞിട്ടുണ്ട്.

169—ഇട്ടിൽ=ഇടവഴി.

172—ആനപ്പാവൻ=ആനപ്പാവാൻ, ആനപ്പാപ്പാൻ:—ആനക്കാരൻ.

176—പൊന്നുടഞ്ഞാണ്=പൊന്നരഞ്ഞാണ്.

180-ാം വരിമുതൽ 205-ാംവരിവരെയുള്ള ഭാഗങ്ങളെക്കൊണ്ട് യശോദയുടെ മാതൃസ്വഭാവം നന്നായി ചിത്രീകരിച്ചിരിക്കുന്നു.

അനന്തരം കവിക്ക് ശ്രീകൃഷ്ണന്റെ ഉദാരചൌൎയ്യക്രീഡകളെ വൎണ്ണിക്കുവാൻ വൈകിയതുപോലെ ആ പ്രകൃതത്തിൽ പ്രവേശിക്കുന്നു.

"ഉണ്ണിക്കണ്ണന്റെ" എന്നു മുതല്ക്കുള്ള ഭാഗങ്ങൾ—'കാർവൎണ്ണനക്കാലമതിപ്രലോഭാൽ പാൽവെണ്ണ വഞ്ചിപ്പതിനും തുടൎന്നാൻ" എന്നുള്ള ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെ പ്രതിച്ഛായയാകുന്നു.—"ഗോപീ സമാഗമഭിയാ ച തൃഷാ ച ഗുൎവ്വ്യാ പാതും വിഹാതുമഹിഗോപ ഗൃഹേഷ്വജാനൻ ആദാരമാദധിഘടം ച ഗതാഗതാനി കുൎവ്വൻ സരോജനയനഃ ശ്രമമേവ മേനേ" എന്ന കൃഷ്ണവിലാസ ശ്ലോകത്തെയും അനുസ്മരിപ്പിക്കുന്നു.—

214—251. ആലാപം=വിലാപം. പാലുപോലെന്നു കേൾക്കാം=പാലുപോലെ എന്നു കേട്ടിട്ടുണ്ട്. അത്രമാത്രമല്ലാതെ അതിന്റെ ശീലം=മാതിരി.—ഈ ഭാഗങ്ങളെക്കൊണ്ടു കവി വൎണ്ണിച്ചിട്ടുള്ള സംഗതി യശോദയുടെ ഗൃഹത്തിൽ തന്നെ സംഭവിച്ചതായിട്ടാണ് കൃഷ്ണഗാഥയിൽ വിവരിച്ചിട്ടുള്ളത്. പക്ഷെ—ഉറി എത്താത്തതിന്നു കുട്ടിയുടെ ചുമലിൽ കയറിനിന്നു പാലു കുടിച്ചു തുടങ്ങുന്നതും, കൃഷ്ണൻ സുഖമായി പാലു

KOTTAYAM PUBLIC LIBRARY KOTTAYAM

കുടിക്കുന്നതും തനിക്കൊട്ടും കിട്ടാതിരിക്കുന്നതും കണ്ടു കൊതിച്ചു നായ കുട്ടി ഓടിപ്പോവുന്നതും ഈ കവിയുടെ മനോധൎമ്മമാണെന്നേ ഉള്ളൂ. കുട്ടികളുടെ സംസാരവും പ്രവൃത്തികളും ഉ[illegible]പ്പുരമാൎത്ഥിയാണെന്നു ഭാവിക്കുന്ന കൃഷ്ണൻെറ വാക്കും വളരെ സ്വാഭാവികമായിരിക്കുന്നു. കൃഷ്ണഗാഥയിലെ ഈ ഘട്ടം താഴെ ചേക്കുന്നത് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

“സ്നാനത്തിനായിട്ടു മാതാവു പോകുന്ന
നേരത്തെപ്പാൎത്തുനിന്നന്നൊരുന്നാൾ
വെണ്ണയും പാലും വെച്ചുള്ളകം പൂകിനാൻ
വേഗത്തിൽ നോക്കിക്കൊണ്ടങ്ങുമിങ്ങും.
തൂക്കിന നല്ലുറി തൻകീഴിൽ ചെന്നിട്ടു
നോക്കിനിന്നീടിനാ നൊട്ടുനേരം.
ശബ്ദത്തിൽച്ചേൎന്നുള്ളോരൎത്ഥത്തെക്കാണ്മോനായ്
ശാബ്ദികനോൎത്തങ്ങു നില്ക്കുംപോലെ
പാരിച്ചു ഖേദിച്ചു നീളമില്ലായ്കയാൽ
ഈരേഴുപാരുമളന്നോൻ പിന്നെ.
എന്തിനി നല്ലതെന്നിങ്ങിനെ തന്നിലേ
ചിന്തിച്ചുനിന്നു നറുങ്ങുനേരം.
ദൂരത്തുനിന്നൊരു പാഴുരൽ കൊണ്ടന്നു
ചാരത്തു ചാലെക്കമഴ്ത്തിവെച്ചാൻ
ഉന്നതി പോരാഞ്ഞു പിന്നെയതിന്മീതെ
യുന്നതമായൊരു പീഠം വെച്ചാൻ
പെട്ടെന്നു പാഞ്ഞു കരേറിനാൻ തന്മീതെ
പൊട്ടനല്ലേതുമവററിനൊട്ടും.
ചിത്തം തെളിഞ്ഞിട്ടു പുത്തനാം നല്ലുറി-
യെത്തിനിന്നങ്ങു പിടിക്കും നേരം
പീഠം പുരണ്ടു നിലത്തങ്ങു വീഴ്കയാൽ
ആടിത്തുടങ്ങിനാനങ്ങുമിങ്ങും.
ഭൂതലം തന്നിലോ തുള്ളിനിന്നീടുവാൻ
കാതരനായിട്ടു വന്നുകൂടി.
ചാലെക്കരഞ്ഞു തുടങ്ങിയാൻ, പിന്നെയോ
ബാലകന്മാരുടെ ശീലമല്ലോ.

രോദനം കേട്ടോരു മാതാവു താനപ്പോൾ
ഓടിവന്നീടിനാൾ പേടിയോടെ.
ബാലകൻ തന്നുടെ ലീലയെക്കണ്ടിട്ടു
ചാലെച്ചിരിച്ചങ്ങു ചെന്നെടുത്താൾ.
രോദനം തന്നെയും പോക്കിനിന്നീടിനാൾ
ആദരിച്ചീടിന വാത്തയോതി.
വ്യത്ഥമായുള്ളോരു വേലയെച്ചിന്തിച്ചു
മുഗ്ദ്ധനായുള്ളോരു ബാലൻ പിന്നെ.
എന്തിതെൻ പൈതലെ! നിന്നുടെ സാഹസം
എന്നവൾ ചോദിച്ച നേരം ചൊന്നാൻ.
സ്നാനത്തിന്നായിട്ടു പോകുന്ന നേരമി-
പ്പാൽവെണ്ണ സൂക്ഷിച്ചു വെച്ചായല്ലീ
എന്നതു നോക്കട്ടെയെന്നതു ചിന്തിച്ചു
ഇന്നടെ നീയങ്ങു പോയനേരം
രാപ്പകലേററവും ദണ്ഡിച്ചുനിന്നു നീ
വായ്പോടു കാച്ചുപാൽ വെണ്ണയെല്ലാം
പൂച്ചതാൻ വന്നു കുടിക്കൊല്ലായെന്നുള്ളോ-
രോച്ചുകൊണ്ടിങ്ങിനേ ചെയ്തു ഞാനോ.
മുററുമിപ്പാൽവെണ്ണ സൂക്ഷിക്കയെന്നിയേ
മറെറാന്നും ചിന്തിച്ചിട്ടല്ല ചൊല്ലാം.
നിശ്ചയമായി ഞാൻ ചൊല്ലുന്ന വാത്തകൾ
വിശ്വസിച്ചീടുകേ വേണ്ടുവമ്മേ!
വഞ്ചിക്കയെന്നുള്ള തെഞ്ചിത്തം തന്നുള്ളിൽ
തഞ്ചിനിന്നീടുവോന്നല്ല തെല്ലും.
ഇല്ലാത്തതോക്കിലോ പാപമുണ്ടായ്വരും
ചൊല്ലിനിന്നീടാമിന്നിന്നോടിപ്പോൾ.
വെണ്ണപാൽ കണ്ടു കൊതിക്കയില്ലേതുമേ
നിർണ്ണയിച്ചാലും നീയെന്നേവേണ്ടു
അപ്പാടപ്പൈതങ്ങൾ കാട്ടുന്നപോലെ ഞാൻ
നല്പാലെക്കാണുംപോളുണ്ടോ കാട്ടു.
നന്മടിതന്നിലങ്ങെന്നെയും ചേത്തിട്ടു
സമ്മാനിച്ചമ്മേനി പുൽകുംനേരം,

എന്മകനാകിലോ നല്ലോരു ശീലമു-
ണ്ടെന്നെന്നോടെന്നച്ഛൻ ചൊല്ലീതിന്നാൾ.
വഞ്ചനമുമ്പായ ശീലക്കേടൊന്നുമേ
കിഞ്ചനയില്ലെനിക്കെന്നു വന്നു.
എന്നാലപ്പാൽവെണ്ണ കാത്തുനിന്നീടുവാ-
നെന്നോടു ചൊന്നാലുമെന്നേവേണ്ടു.
ഈച്ചക്കുപോലും കൊടുക്കയില്ലെന്നും ഞാൻ
പൂച്ചക്കെന്നുള്ളതോ പിന്നെയല്ലോ.
രാപ്പകലാരാനും കാത്തുകൊള്ളായ്കിലോ
കോപ്പായിപ്പോമല്ലോ വെണ്ണയെല്ലാം.
കള്ളങ്ങളായുള്ള മാൎജ്ജാരക്കൂട്ടവും
പിള്ളരുമുണ്ടു ചതിപ്പതിന്നായ്
കേടുവരുന്നുണ്ടിപ്പാൽവെണ്ണയെന്നിട്ടു
ഖേദമുണ്ടുള്ളിലെനിക്കേറ്റേപ്പോഴും
എന്നതുകൊണ്ടു ഞാനിങ്ങിനേ ചൊല്ലുന്നു
നിന്നുടേ ദണ്ഡങ്ങളോൎത്തു താനും.
തന്നുനിന്നീടുന്ന വെണ്ണപാലെന്നി മ-
റ്റൊന്നുമേ വേണ്ടതില്ലിന്നെനിക്കോ.
*    *    *    *    *    *
സ്നാനത്തെ ചെയ്തു നീയാഗമിപ്പോളവും
പാലിച്ചേനല്ലോയിപ്പാൽവെണ്ണ ഞാൻ
ഇങ്ങിനെയുള്ളെനിക്കേതുമേ താരാതെ-
യെങ്ങുനീ പോകുന്നതെന്നമ്മേ! ചൊൽ.
ഓമനപ്പൈതൽതാനിങ്ങിനേ ചൊല്ലിത്തൻ
കോമളച്ചുണ്ടു പിളുക്കുന്നേരം
ഉണ്ണിക്കൈ തന്നിലേവെച്ചുനിന്നീടിനാൾ
വെണ്ണയെക്കൊണ്ടുവന്നമ്മയപ്പോൾ."

കൃഷ്ണഗാഥയിൽ ഇനി വിവരിക്കുന്നതു്, കുട്ടി വെണ്ണ ചങ്കിലിരുന്നു എന്നു ഭാവിച്ചു കാട്ടുന്ന കപടനാട്യങ്ങളും മററുമാകുന്നു. മേൽ വിവരിച്ച ഭാഗം ഓൎമ്മവെച്ചുകൊണ്ടാണു് കൃഷ്ണവിലാസകഥാസാരകൎത്താവു് കവിതയെഴുതീട്ടുള്ളതെങ്കിലും സ്വന്തം മനോധൎമ്മമുപയോഗിച്ചു സന്ദൎഭവും സംപ്രദായവും

ഭേദപ്പെട്ടത്തീട്ടുണ്ടെന്നു സ്പഷ്ടമാണല്ലോ. അതിന്നു പുറമെ കുട്ടികളുടെ സ്വഭാവം കുറെക്കൂടി ലളിതമായി പ്രതിഫലിച്ചിട്ടുമുണ്ടെന്നും സമ്മതിക്കാതെ കഴിയില്ല.

253—പാററിക്കൂടിനാൻ=ആരുമറിയാതെ കടന്നുകൂടി. എത്തം=ഉയരം. ഒത്തിച്ചാടി=ചാടി. (ഒത്തി എന്നതിന്നുതന്നെ ചാടി എന്നൎത്ഥമാകുന്നു.) ഈ പദ്യം—ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ—"എത്താഞ്ഞു ശിക്യങ്ങളിലുള്ള കുംഭം കുത്തിത്തുളക്കും കടകോലിനാലെ ഉത്താളധാരാളമതായ ദുഗ്ദ്ധം മുഗ്ദ്ധാനനം കൊണ്ടു പരിഗ്രഹിക്കും." എന്ന പദ്യത്തിന്റെ അനുകരണമായിരിക്കുന്നു.

കൃഷ്ണഗാഥയിൽ ഈ ഘട്ടത്തിൽ—

"കാച്ചുപാൽ ചേൎന്നുള്ള ഭാജനം തന്മൂട്ടിൽ
മൂൎച്ചയേറീടുന്ന കോൽകൊണ്ടുടൻ
കുത്തിക്കൊണ്ടെണ്ണാന്നു വായും പിളൎന്നവ-
നാസ്ഥയിൽനിന്നു നൽപ്പാൽ കുടിക്കും
കണ്ടുകൊണ്ടെങ്ങളും പിമ്പേപോയ്ച്ചെല്ലുമ്പോൾ
മണ്ടിനാനെങ്ങാനുമെന്നിരിക്കും." എന്നിങ്ങിനെ

വൎണ്ണിച്ചിരിക്കുന്നു.

"ആരും കാണാതെ കിങ്ങിണിയും പൊത്തി സാരസേക്ഷണൻ ധാവതി വെക്കയും" എന്ന പദ്യത്തിലെ "കിങ്ങിണിയും പൊത്തി" എന്ന പ്രയോഗം നല്ലൊരു പൊടിക്കയ്യായിട്ടുണ്ട്. ഏതു വഴിക്കാണോടിയത്, എവിടെയാണൊളിച്ചത് എന്നറിഞ്ഞു കണ്ടുപിടിക്കാതിരിക്കാൻവേണ്ടി കിങ്ങിണി പൊത്തി കിലുങ്ങാതെയാക്കിയത് ഉചിതമാണല്ലോ. ഈ ഫലിതം കൃഷ്ണഗാഥാകൎത്താവും മണിപ്രവാളകാരനും കൂടി കണ്ടെത്താത്ത ഒന്നാണെന്നു സമ്മതിക്കാതെ തരമില്ല.

ധാവതിവെക്കയും=ഓടുകയും.—ഇതൊരു ദേശ്യപദമാണ്. ദേശ്യമായിട്ടുതന്നെ "ധാവതി ചെയ്കയും" എന്നാണുപയോഗിക്കുക പതിവെന്നു തോന്നുന്നു.—സംസ്കൃതത്തിൽ—"ധാവതി" എന്ന ഒരു പദമുണ്ട്. അതൊരു ക്രിയാപദമാകുന്നു. ഓടുന്നു എന്നൎത്ഥവുമാണ്. മണിപ്രവാളപ്രയോഗത്തിന്നു ഇത്ര ശുദ്ധിയും നിയമവുമില്ലാത്ത കാലത്ത്:—മലയാളം സംസ്കൃതമാക്കി

യും സംസ്കൃതം മലയാളമാക്കിയും അല്ലാതെയും ഇടകലൎത്തി ഉപയോഗിച്ചിരുന്ന കാലത്ത്—ആരെങ്കിലും ഉപയോഗിച്ചതും, മററുള്ളവർ ഗതാനുഗതികത്വംകൊണ്ട് കൈക്കൊണ്ടതുമായിരിക്കാം. അല്ലെങ്കിൽ പരിഹാസരീതിയിൽ ആരോ ആദ്യം പ്രയോഗിച്ചത് ആലോചന കൂടാതെ മററുള്ളവരും പിന്തുടൎന്നതിനാൽ മലയാളത്തിൽ ഇങ്ങിനെയൊരു പദം ഉണ്ടായിത്തീൎന്നതായിരിക്കണം.

264—265. പേടമാൻമിഴിയാളുടെ വീടുകൾ തേടിത്തേടി= ഇവിടെ ഇതിന്ന്—ഗോപസ്ത്രീകളുടെ വീട് എവിടെയുണ്ടോ അവിടെയെല്ലാം പോയി എന്നൎത്ഥമാകുന്നു.

285. ഇന്നുരാവിലുടച്ച=ഇന്നു രാവിലെ ഉടച്ച.

296. ഈ സത്യവാചകം കവി ഒരു മരുമക്കത്തായക്കാരനായിരുന്നു എന്നു സൂചിപ്പിക്കുന്നു.

298—ഈ ഭാഗം—"ഉണ്ണിക്കുവേണ്ടുന്നതു നൽകുവാനും
ദണ്ഡിക്കുമാറില്ലിഹ ഗോപിമാരും
ദണ്ഡിച്ചു കിട്ടുന്നൊരു പാത്രമെല്ലാം
ഖണ്ഡിച്ചുപോകുന്നതു സംകടം കേൾ" എന്ന മണിപ്രവാളശ്ലോകത്തിൻെറ ഒരു വിവരണംപോലെയിരിക്കുന്നു.

ഈ ഘട്ടം കൃഷ്ണഗാഥയിൽ വൎണ്ണിച്ചിരിക്കുന്നതിങ്ങിനെയാണ്.

"ആഴിമാതാഴുന്ന നമ്മുടെ പൈതല്ക്കു
പാഴായ്മയേറുന്നു പാരമിപ്പോൾ
* പാൽവെണ്ണ ചാലെക്കവൎന്നുനിന്നാലെന്തേ
* ബാലകനെന്നപ്പോൾ ചേരുമത്രെ.
ഭാജനം കൂടെ തകൎത്തുനിന്നീടുന്നോൻ
വേദനയാകുന്നതെന്നതത്രെ."

* ഈ അടയാളം കാണുന്ന വരികൾ വിശേഷിച്ചും സ്വാഭാവികമായിട്ടുണ്ട്. ഈ രണ്ടു കവികളുടെയും കഥാസാരകൎത്താവിൻെറയും കവിതകൾ കൂട്ടിവെച്ചു നോക്കുംപോൾ ഈ ഭാഗത്തു കാണുന്ന ഗണ്യമായ വ്യത്യാസമെന്തെന്നാൽ—കഥാസാരകൎത്താവിൻെറ സംകല്പപ്രകാരമുള്ള ഗോപസ്ത്രീകൾ

മററു രണ്ടു കവികളുടെയും സംകല്പപ്രകാരമുള്ളവരോളം നാഗരികമില്ലാത്തവരാകുന്നു എന്നതു തന്നെ. കഷ്ടനഷ്ടങ്ങളാൽ കുഴങ്ങിയ അവർ വന്നു തങ്ങളുടെ സംകടങ്ങൾ ഉള്ളവണ്ണം പറയുന്നു. അതിന്ന് ആ രീതിക്കനുസരിച്ചു നല്ല ശക്തിയുമുണ്ട്. എന്നല്ലാതെ യശോദയുടെ മുമ്പാകെ കുറച്ചു ഭംഗിയാക്കിപ്പറയാനൊന്നും ശ്രമിച്ചിട്ടില്ലെന്നു കാണാം.

306—7—“നീയെന്നിയേ ശീലമടക്കിവെപ്പാ-
നീയാളുകൾക്കിന്നൊരു സാദ്ധ്യമാമോ” എന്നുള്ള പദ്യം നോക്കുക.

308—9. ഈ പദ്യം—“കേളിക്കു ചേരുംപടി നിങ്ങളെല്ലാം
ലാളിക്കകൊണ്ടിത്ര തരംകെടുന്നു;
കേളിക്കുമേലിൽ കുറവും ഭവിക്കും” എന്ന മണിപ്രവാള പദ്യത്തിൻെറ സംഗ്രഹമായിരിക്കുന്നു.

നാണ്കേട് = അവമാനം. (നാണയക്കേട് എന്ന പദം ദുഷിച്ചുപയോഗിച്ചതായും വരാം. നാണയം = കീൎത്തി).

311—12. “വല്ലാത്ത ബാലപ്രഭവത്തിനേക്കാൾ ഇല്ലാത്ത ബാലപ്രഭവം സുഖംപോൽ” എന്നുള്ള മണിപ്രവാള പദ്യത്തിൻെറ അനുകരണം തന്നെയാകുന്നു ഇത്.

314—കൊററ് = ഉപജീവനം.

317—അയ്യമിരക്കുന്നു = താണപേക്ഷിക്കുന്നു—കെഞ്ചുന്നു—അയ്യം = യാചന.

320—പാട്ടനെല്ലില്ല = പാട്ടം നെല്ലു വരുവാനില്ല. പാട്ടകൃഷിയില്ല = കൃഷി പാട്ടത്തിന്നേററു വാങ്ങി നടന്നിട്ടുള്ള ആദായവുമില്ല.

321—കൂട്ടം = നാട്ടുകൂട്ടം—പഴയ കാലങ്ങളിൽ മലയാളത്തിൽ നടപ്പുണ്ടായിരുന്ന ഒരുതരം ഭരണരീതിയാകുന്നു കൂട്ടം.—ഇത്—ദേശക്കൂട്ടം (തറക്കൂട്ടം)—കരക്കൂട്ടം (അംശക്കൂട്ടം)—നാട്ടുകൂട്ടം—(ഒരു പ്രഭുവിൻെറയോ നാടുവാഴിയുടെയോ അധികാരത്തിൽ പെട്ട കരക്കാരെല്ലാവരും ചേൎന്ന കൂട്ടം) എന്നിങ്ങിനെ വിഭജിച്ചിരുന്നു. ഓരോ തറയിലും നേരിടുന്ന തൎക്കങ്ങൾ അതാതു തറയിലെ പ്രമാണികളും ജനസമ്മതന്മാരുമായ ആളുകടങ്ങിയ തറക്കൂട്ടത്തിൽ ആലോചനക്കെടുക്കുകയും, കൂട്ടത്തിലെ തീൎപ്പ്

ഇരുകക്ഷികളും (വാദിപ്രതിവാദികൾ) സമ്മതിക്കുകയും, ആ തീൎപ്പിന്മേൽ വല്ല ആക്ഷേപവുമുണ്ടെങ്കിൽ കരക്കൂട്ടത്തിൽ ബോധിപ്പിക്കുകയും, കരയിലെ പ്രമാണികളായ ജനപ്രതിനിധികൾ ചേൎന്ന് ആ കൂട്ടത്തിൽ വെച്ചും വിചാരണ ചെയ്തു തീൎപ്പു കല്പിക്കുകയും, അതിലും ആക്ഷേപമുണ്ടെങ്കിൽ, നാടുവാഴിയുടെയും മററു കരകളിലെ പ്രധാനികളുടെയും കൂടി സാന്നിദ്ധ്യമുള്ള നാട്ടുകൂട്ടത്തിൽ ബോധിപ്പിക്കുകയും, അവിടെ നിന്ന് ഇളക്കമില്ലാത്ത തീൎപ്പു കല്പിക്കുകയും പതിവായിരുന്നു. ചില വലിയ കാൎയ്യങ്ങൾ നിശ്ചയമായും നാട്ടുകൂട്ടത്തിലെത്തുകയും, ചുരുക്കം ചിലത് നാടുവാഴിയുടെയും നാട്ടുകൂട്ടത്തിൻെറയും തീൎപ്പിന്മേലും അവസാനിക്കാതെ രാജസന്നിധിയിൽ എത്തുകയും പതിവുണ്ടായിരുന്നു. ഇങ്ങിനെ നടപ്പുണ്ടായിരുന്ന കൂട്ടങ്ങളിലെല്ലാം വിചാരണക്കു വരുന്ന ആക്ഷേപങ്ങളുടെ അവസ്ഥക്കനുസരിച്ച് ഇന്ന തോതിലുള്ള ഒരു സംഖ്യ അടക്കേണമെന്നും നിശ്ചയമുണ്ടായിരുന്നു. അങ്ങിനെ, ആ കൂട്ടം വകയായിട്ടുള്ള വരവിനെ ഉദ്ദേശിച്ചാണ് ഇവിടെ "കൂട്ടം" എന്നു പറഞ്ഞിരിക്കുന്നത്.

ചങ്ങാതം = വൃത്തി:—മുൻകാലങ്ങളിൽ മലയാളത്തിൽ വരുന്ന വിദേശീയരുടെ സഹായത്തിന്നായി നായർപടയാളികളെ അയച്ചുകൊടുക്കുക പതിവുണ്ടായിരുന്നു. അങ്ങിനെ നില്ക്കുന്ന ഭടന്മാൎക്കു അതിന്നു പ്രതിഫലമായി ഭൂമി അനുഭവം കൊടുക്കുകയും പതിവായിരുന്നു. ആവക ഭൂമിയിൽനിന്നുള്ള വരവിനെയാണ്—വൃത്തി—വിരുത്തി—ചങ്ങാതം—എന്നെല്ലാം പറയുന്നത്.

കൂലിച്ചും = കൂലിച്ചേകം = ഭടന്മാൎക്കുള്ള പ്രതിഫലം:—മുൻ വിവരിച്ചവയെപ്പോലെതന്നെ ആ കാലങ്ങളിൽ മലയാളത്തിലെ നായർപടയാളികൾക്ക്, അവർ പടയാളികളായി സേവിക്കുന്നതിന്നു പ്രതിഫലമായി ഭൂമി അനുഭവം കൊടുത്തിട്ടുണ്ടായിരുന്നു. ആ വക ഭൂമികളിൽനിന്നുള്ള വരവിനെയാണ് "കൂലിച്ചും" എന്നതു സൂചിപ്പിക്കുന്നത്.

കൂട്ടം വകയായോ, ചങ്ങാതം വകയായോ, കൂലിച്ചേകം വകയായോ ഉള്ള വരവൊന്നും ഞങ്ങൾക്കില്ല എന്നൎത്ഥം.

ഇവിടെ ഗോപികമാരുടെ വാക്കിൽ മലയാളത്തിൽ നടപ്പുണ്ടായിരുന്ന സംപ്രദായങ്ങളായിരിക്കുന്നത് മലയാളിയായ കവിയുടെ മനസ്സിൽ മലയാളത്തിലെ രീതി പ്രതിഫലിച്ചതിനാലാണെന്നേ വിചാരിക്കുവാനുള്ളു. നാം നിൎമ്മിക്കുന്ന ദൈവപ്രതിമകൾക്കു കൂടി നമ്മുടെ ആകൃതിയാണല്ലോ വരുത്താറുള്ളത്.

322. കെട്ടിവെച്ച ധനമില്ല = പണ്ടു വല്ലവരും നേടിവെച്ച മുതലില്ല. പൊന്നില്ല = സ്വൎണ്ണമില്ല — അഥവാ — പണ്ടു നടപ്പുണ്ടായിരുന്ന "പൊന്ന്" എന്ന നാണ്യമില്ല.

324 — കാൎയ്യക്കൂറ് = കാൎയ്യങ്ങൾക്കുള്ള കൂറ് (ഓഹരി — ഭാഗം) — ദേശത്തു നടക്കുന്ന ഏത് അടിയന്തരങ്ങൾക്കും, കാൎയ്യങ്ങൾക്കും, ദേശക്കാൎക്ക് — അല്ലെങ്കിൽ ദേശത്തു പ്രധാനപ്പെട്ടവൎക്ക് — ദേശത്തു പ്രമാണികൾക്ക് — ഒക്കെ ഇന്നിന്നതു കൊടുക്കേണമെന്നു നിയമമുണ്ടായിരുന്നു. അവർ ചെന്നിരുന്ന് ആ വക കാൎയ്യങ്ങൾ മുടക്കം കൂടാതെ വേണ്ടതുപോലെ നടത്തിക്കുന്നതിന്നുള്ള ഒരു പ്രതിഫലമായും ദേശത്ത് അവകാശമായും വെച്ചിരുന്നതാണ് അത്. ആ വക — ദേശത്ത് അവകാശങ്ങൾ വക — വരവ് എന്നാണ് കാൎയ്യക്കൂറ് എന്നതിന്നൎത്ഥം.

കാണക്കൊട = നിലം, പറമ്പു മുതലായവ പാട്ടത്തിന്നേല്പിച്ചു കൊടുക്കുന്നതിന്നു കുടിയാന്മാരിൽനിന്നു കിട്ടുന്ന പ്രതിഫലം. (കാണം കൊടുത്ത് ഏററുവാങ്ങീട്ടുള്ള നിലം പറമ്പു മുതലായവക്കും "കാണക്കൊട" എന്നു പറയും.) അതിനാൽ — വസ്തുക്കൾ കുടിയാന്മാൎക്ക് ഏല്പിച്ചുകൊടുത്തതിന്നു പ്രതിഫലമായി കിട്ടുന്ന കാണംവക വരവില്ല എന്നോ — കാണം കൊടുത്തു വാങ്ങീട്ടുള്ള വസ്തുക്കളിൽനിന്നുള്ള ആദായം ഇല്ല എന്നോ "കാണക്കൊടയില്ല" എന്നതിന്നൎത്ഥം പറയാം.

വാരക്കൂറ് = വാരമായിട്ടുള്ള കൂറ്. വാരം = വസ്തുവിൽനിന്നുള്ള ആദായത്തിൻെറ ഒരു ഭാഗം ഭൂമിയുടമസ്ഥന് — (ജന്മിക്ക്) കിട്ടുന്നത്. സ്ഥാനമില്ല = സ്ഥാനംവക വരവില്ല. തറയിൽ വരവില്ല = ദേശത്തുനിന്നുള്ള ദേശവരി മുതലായ വരവ് ഇല്ല. പ്രതിഗ്രഹം = വല്ല കൎമ്മവും ചെയ്യിച്ചിട്ടു ദക്ഷിണയായി കിട്ടുന്ന ധനം.

328—ദേശത്തോകഠ വമ്പില്ല=ദേശത്തു പ്രമാണിയായതിനാൽ ഉള്ള വരവില്ല. മുമ്പില്ല=ദേശത്തു നടക്കുന്ന കാൎയ്യങ്ങളിൽ മുൻനില്ക്കുന്നതിനുള്ള അവകാശവും ആ വകക്കുള്ള വരവുമില്ല.

329. വേശമാൎക്കുള്ള കാണപ്പണമില്ല=വേശ്യമാർ ദേവദാസിമാരായി ആ വൃത്തിയിലിരിക്കുന്നതിന്നു പ്രതിഫലമായി, അവരുടെ കുടുംബത്തിൽ ജനിക്കുന്ന പെൺകുട്ടികളുടെ, ചോറൂണ്, കല്യാണം മുതലായ ഓരോ അവസരങ്ങളിൽ പ്രഭുക്കഠ അവൎക്ക് ഓരോ സംഖ്യ കൊടുക്കുക എന്നൊരു പതിവു തമിഴ ദേശങ്ങളിലുണ്ടായിരുന്നു. ഇപ്പോഴും അപൂൎവ്വമായി അങ്ങിനെയൊരാചാരമുണ്ട്. ആ വിധത്തിലുള്ള അൎത്ഥം എന്നുദ്ദേശിച്ചുകൊണ്ടാണ് വേശമാൎക്കുള്ള കാണപ്പണം എന്നുപയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നു. അവതാരികയിൽ ഇതിനെപ്പററി വിവരിക്കുന്ന ഭാഗം നോക്കുക.

330—32. കൂത്ത്=നൃത്തം, പാട്ട്, ആട്ടം=വേഷങ്ങഠ കെട്ടി നാടകം മുതലായവ കളിക്കുക. തൊഴിലുകഠ=മററു ആദായകരങ്ങളായ പ്രവൃത്തികഠ. മാത്രക്കോൽ=ഞാണിന്മേൽ കളിക്കാർ മുതലായവൎക്ക് അഭ്യാസങ്ങഠ കാണിക്കുവാനായിട്ടുള്ള ഒരു വക കുററി (കാൽ):—ഈ വക കളികളെക്കൊണ്ടുള്ള വരവും ഇല്ല എന്നൎത്ഥം. ശാസ്ത്രക്കൂട്ടത്തിൽ ഓഹരി=ശാസ്ത്രസംഘം, ശാസ്ത്രാങ്കം, ശാസ്ത്രക്കളി, സംഘക്കളി എന്നൊക്കെ പറഞ്ഞുവരാറുള്ള ഒരു വക കളിയിൽനിന്ന് ഓഹരിയായിട്ടുള്ള വരവ്. ഈ വക സമ്പാദ്യമാൎഗ്ഗങ്ങളൊന്നുമില്ല എന്നു താല്പൎയ്യം.

336. തിരടിത്തുടങ്ങിയാൽ=മോഷ്ടിച്ചുതുടങ്ങിയാൽ.

338—9. ഒന്നും തിന്നാൻ കിട്ടാതെ അലഞ്ഞു നടക്കുന്ന പട്ടിയെപ്പോലെ പട്ടണം തോറും ഉഴന്നു നടക്കുകയോ?

340—41. പെട്ടവണ്ണം=വല്ലവിധവും. കൊട്ടണച്ചോറ്=വെറുവെറുത്ത ചോറ്.

342. പാള . . . ക്കയോ=ഇരക്കുവാൻ നടക്കുകയോ?

343. കാള . . . ക്കയോ=പൊതിക്കാളപോലെ ചുമടു ചുമന്ന് ഉപജീവനം കഴിക്കുകയോ?

344. ആട്ടക്കാ . . . . ക്കയോ = ആട്ടക്കാരുടെ (മോഹിനിയാട്ടക്കാരുടെ) കഥകളിക്കാരുടെ എന്നുമാവാം. പെട്ടി = ആഭരണാദികളായ ഉപകരണങ്ങൾ വെച്ചിട്ടുള്ള പെട്ടി എടുത്തുംകൊണ്ടു അവരുടെ കൂടെ നടക്കുകയോ?

345. കോട്ട . . . . ക്കയോ = രാജധാനിയുടെ ഗോപുരത്തിൽ ചെന്ന് അവിടെ വരുന്ന പ്രഭുക്കന്മാരിൽനിന്നു വല്ലതും കിട്ടുമെന്നു വിചാരിച്ചു കാത്തു കിടക്കുകയോ?

346. പേക്കോലം . . . . ക്കയോ = ഓരോ ഗോഷ്ഠിവേഷങ്ങളും കെട്ടി കളിച്ചുകൊണ്ടു നടക്കുകയോ?

350. മാടണി . . . . ക്കയോ = (മാട് + അണി + കൊംകമാർ. മാടുപോലെ (കുന്നുപോലെ) അണിയലായ (ഭംഗിയുള്ള) കൊംകളോടു കൂടിയവർ:—സുന്ദരിമാരായ സ്ത്രീകൾ. അവരുടെ ഒപ്പം, ചേടി = ദാസി ആയിട്ട് മുററമടിക്കുക മുതലായ ദാസ്യപ്രവൃത്തികൾ ചെയ്യുകയോ?

354—5. ഈ പദ്യം — മണിപ്രവാളത്തിലെ — "മൺപാത്രമെന്നല്ല നമുക്കു ഭാവം പൊൻപാത്രമിപ്പോളുടയുന്നതെല്ലാം" എന്ന പദ്യത്തിൻെറ ഒരു രൂപാന്തരമാകുന്നു.

356. മുററിമുറം = കുട്ടികൾ കളിക്കുന്ന ചെറിയ മുറം.

358—9. അത്ഥമുള്ള . . . . സമംതന്നെ = ധനമുള്ള ആൾക്കും രാജാവിന്നും ധനം നശിച്ചാലുള്ള ദുഃഖം തുല്യം തന്നെ.

ഇതിനെക്കാൾ കുറച്ചുകൂടി ഭംഗി മണിപ്രവാളത്തിലെ — "സംപൽക്ഷയേ സംകടമെന്നതോത്താൽ സംപൂണ്ണനും നിദ്ധനനും സമാനം" എന്ന പദ്യത്തിലെ ആശയമാണെന്നു തോന്നുന്നു.

"മൺപാത്രമെന്നല്ല നമുക്കു ഭാവം; പൊൻപാത്രമിപ്പോളുടയുന്നതെല്ലാം; സംപൽക്ഷയേ സംകടമെന്നതോത്താൽ സംപൂണ്ണനും നിദ്ധനനും സമാനം." എന്ന മണിപ്രവാളപദ്യത്തിലെ ആശയങ്ങളുടെ ഇടയിൽ "പൂഴി കോരുന്ന മുററിമുറംപോലും നാഴിയെന്നല്ലു കൊടുക്കാതെ കിട്ടുമോ?" എന്നുള്ള ഒരു വാക്യം ഈ കവി സ്വന്തമായി ചേത്തിട്ടുണ്ടെന്നേ ഭേദമുള്ളു.

359—60. "എറുമ്പിന്നു ഇറവെള്ളം കടൽ" എന്ന പഴമൊഴിയുടെ അത്ഥം വിവരിച്ചുകൊണ്ട്, പാവപ്പെട്ട തങ്ങൾക്ക്

ഉള്ളത് മററുള്ളവൎക്ക് വളരെ നിസ്സാരമായി തോന്നുമെങ്കിലും തങ്ങളുടെ സ്ഥിതിക്ക് അതു വലിയ മുതലാണെന്നും, അതു നഷ്ടംവരുന്നതു വലിയ നഷ്ടമായി തോന്നുമെന്നും വെളിപ്പെടുത്തിയിരിക്കുന്നു. – ഈ അഭിപ്രായം തന്നെ ഇനിയും ആറു വരികളെക്കൊണ്ടു സ്പഷ്ടമാക്കുന്നു. അനന്തരം, എന്തിനേറെപ്പറയുന്നു; എല്ലാം അവിടെക്കറിയാമല്ലോ എന്നിങ്ങിനെ അവൾ തൻെറ ആവലാതി നിറുത്തിയിരിക്കുന്നു.

ഇനി മറെറാരു ഗോപി സങ്കടം പറയുന്നതാണ്.

372. അന്നേരം തന്നെ=അപ്പോൾത്തന്നെ. അപ്പോൾ ചെയ്തുകഴിഞ്ഞു; അത്രയേ ഉള്ളൂ എന്നൎത്ഥം. മച്ചിൽ=അറയിൽ. തട്ടിട്ട അറക്ക് ചില ദിക്കിൽ മച്ച് എന്നു പറയാറുണ്ട്.

381. മണ്ണ=മുഴുവൻ. നടെയത്തെ സ്ഥാനത്ത്=മുമ്പിലത്തെ സ്ഥാനത്തുതന്നെ.

387. മാതുലൻ=അമ്മാമൻ.—ഇവിടെ കവി ഗോപസ്ത്രീയെ മരുമക്കത്തായക്കാരത്തിയാക്കിരിക്കുന്നു. മണിപ്രവാളത്തിലും മററുള്ള കൃഷ്ണകഥകളിലും – "അച്ഛനു പാലു കുറുക്കിവെച്ചിരുന്നത് കൃഷ്ണൻ എടുത്തു കുടിച്ചു പകരം വെള്ളം നിറച്ചു വെച്ചു പോയി എന്നാണ് വൎണ്ണിച്ചിരിക്കുന്നത്. മണിപ്രവാളത്തിലെ— "അച്ഛൻ മഹാ വൃദ്ധനവൎക്ക്വേണ്ടി കാച്ചിയങ്ങു വെച്ചേനിരുനാഴി ദുഗ്ദ്ധം; കണ്ണൻ തദാ വന്നു കുടിച്ചു ശേഷം കിണ്ണത്തിലംഭസ്സു നിറച്ചു പോയാൻ" എന്ന പദ്യം പ്രസിദ്ധമാണല്ലോ. ഈ സ്ഥാനത്ത് അമ്മാമനാക്കിത്തീൎത്തതും മുമ്പെ സത്യവാചകത്തിൽ അമ്മാമനെ ചേൎത്തതുപോലെ തന്നെ, കവി ഒരു മരുമക്കത്തായക്കാരനായിരുന്നു എന്ന ഊഹത്തിന്നുള്ള തെളിവാകുന്നു.

394—5. പച്ചവെള്ളം ചുവയ്ക്കുക=പച്ചവെള്ളത്തിൻെറ സ്വാദു വരിക. – ഈ ചോദ്യത്തിൽ അല്പം ആലോചനക്കുറവു കാണുന്നു. പച്ചപ്പാലാണ് വെച്ചിരിക്കുന്നതെങ്കിലും അതിന്നു പച്ചപ്പാലിൻെറയല്ലാതെ പച്ചവെള്ളത്തിൻെറ സ്വാദുണ്ടാവാൻ നിവൃത്തിയില്ലല്ലോ.

396—7. എടീ! നീ, വെള്ളം കുടിപ്പിക്കുവാൻവേണ്ടി, നമ്മോടു കള്ളത്തൊഴിൽ ഉള്ളിൽ ഓൎത്തു നന്ന്. എന്നു

വാക്യക്രമം. കള്ളത്തൊഴിൽ = കള്ളപ്പണി — ചതി. ഉള്ളിലോ ത്തത് = കരുതിയത്.

400. രാത്രി അമ്മാമൻ വന്ന് അത്താഴം കഴിഞ്ഞ് മെത്ത യേറിശ്ശയിപ്പാൻ തുടങ്ങിയപ്പോഴാണ് ഗോപസ്ത്രീ പാലിരിക്കു ന്നുണ്ടെന്നു പറഞ്ഞതും, ആയാൾ എടുത്തു മോന്തി, പച്ചവെ ള്ളം ചുവയ്ക്കുന്നു എന്നു പറഞ്ഞു, ദ്വേഷ്യപ്പെട്ടു, കിണ്ടികൊ ണ്ടെറിഞ്ഞതും. ആ സമയത്ത് — ആ രാത്രി — അത്ര വൈകീ ട്ട് — കേവലം കുട്ടിയും, ഗോപരാജാവിൻെറ മകനും, എല്ലാവ രുടെയും ഓമനക്കുട്ടിയുമായ ശ്രീകൃഷ്ണൻ അന്യ ഗൃഹത്തിൽ പോയി എന്നു പറയുന്നതു കുറച്ചു യോജിപ്പുകേടായിത്തോ ന്നുന്നു. മായാമനുഷ്യനായ കൃഷ്ണൻെറ ഒരു വിദ്യയാണിതെന്നും സമാധാനിക്കാം.

40൫. എന്നു ചൊല്ലുന്ന "നന്ദനോടുത്തരം" എന്ന ദിക്കിൽ അൎത്ഥം യോജിക്കേണമെങ്കിൽ "നന്ദജനോട്" എന്നോ "നന്ദ നനോട്" എന്നോ വേണം. "നന്ദജനോടു ഞാൻ" എന്നോ "നന്ദനനോടു ഞാൻ" എന്നോ ആയിരുന്നുവോ എന്നറിയു ന്നില്ല.

406. ഒരുത്തിയും = മറെറാരുത്തിയും

415. കാണാതെ പോയാൻ = ആരും കാണാതെ പോയി. ഈ പ്രകൃതം കൃഷ്ണഗാഥയിൽ കാണുന്നത് ഇതാണ്.

"പൈതല്ക്കു നൽകുവാൻ പായസം നിൎമ്മിച്ചു
പൈതലെത്തേടി ഞാൻ പോയനേരം
പായസമുണ്ടിട്ടു ഭാജനംതന്നെയും
ചാണകംകൊണ്ടു നിറച്ചുവെച്ചാൻ."

ശേഷമുള്ളതെല്ലാം: — കുട്ടിയോടു പായസം കഴിച്ചുകൊള്ളു വാൻ പറഞ്ഞപ്പോൾ "മണ്ടിച്ചെന്നു വാരിബ്ഭുജിക്കു"ന്നതും "തൊണ്ടപൊട്ടുമാറോക്കാനിക്കു"ന്നതും "എന്തിതുണ്ണി!" എന്ന് അമ്മ ചോദിച്ചപ്പോൾ ശണ്ഠകൂടുന്നതും, "കൊല്ലുവാൻവേണ്ടി ചെയ്യുന്നതാണെങ്കിലും ചാണകം തന്നു കൊല്ലേണമെന്നു ണ്ടോ" എന്നു കരഞ്ഞുകൊണ്ടു പറയുന്നതുമെല്ലാം ഈ കവി സ്വന്തം മനോധൎമ്മത്തിന്നനുസരിച്ചു ചേൎത്ത നേരംപോക്കുക ളാണ്.

428. മുതൽ മററൊരുത്തിയുടെ ആവലാതിയാകുന്നു — എന്നുമല്ല = ഇനിയുമുണ്ട്.

430. അപ്പാടെ വീട്ടിൽ = അച്ഛൻെറ വീട്ടിൽ (ഇതും ഗോപന്മാരെ മരുമക്കത്തായക്കാരാക്കിയതിന്നു ചെറിയ ഒരു ഉദാഹരണമായി കരുതാം.

437. കടൽവൎണ്ണൻ = കാർവൎണ്ണൻ — കടലിലെ ജലം ആകപ്പാടെ കാണുംപോൾ കറുപ്പുനിറമാണല്ലോ തോന്നുന്നത്.

469. പേയായി + അച്ഛൻ, ചൊടിച്ചു = അച്ഛൻ ദ്വേഷ്യപ്പെട്ടു ഭ്രാന്തനെപ്പോലെയായി.

471. ആശ്ചൎയ്യം + ഇത് + ഇവിടെയും + ഉണ്ട് + എടി! — ഈ പ്രകൃതം കൃഷ്ണഗാഥയുടെ നേരുപകൎപ്പുപോലെയിരിക്കുന്നു:—

"അപ്പാടെ വീട്ടിലെയച്ഛനു നൽകുവാൻ
അപ്പങ്ങൾ നിൎമ്മിച്ചു നിന്നൊരുനാൾ
പാത്രത്തിലാക്കിയടച്ചങ്ങു ബന്ധിച്ചു
യാത്രക്കു പിന്നെ ഞാൻ പാൎത്തനേരം
പിൻവാതിലൂടെയകത്തങ്ങു പൂകിനാൻ
പിമ്പേയതിലൂടെ നോക്കിയപ്പോൾ
തപ്പിനിന്നീടുംപോളപ്പങ്ങൾ കാണായി-
ത്തപ്പില്ലുകെല്ലാമേ നൽകി മുമ്പിൽ
താനുമെടുത്തുകൊണ്ടാസ്വാദിച്ചീടിനാൻ
മാനിച്ചു പിന്നെ മനം കുളിക്കേ.
ശുഷ്കങ്ങളായുള്ള ഗോമയലേശങ്ങ-
ളൊക്കവേ കൊണ്ടന്നു പാത്രംതന്നിൽ
പൂരിച്ചു പിന്നെപ്പൊതിഞ്ഞു കെട്ടീടിനാ
നാരുമേ കാണാതെ മുന്നേപ്പോലെ.
താനങ്ങു പിന്നെത്താൻ പിള്ളരുമായ് പോയി
ഗാനംതുടങ്ങിനാന്നൂനം നീക്കി.
യാത്രക്കു കാലമണഞ്ഞൊരു നേരത്തു
പാത്രവുമായി ഞാൻ മെല്ലെ മെല്ലെ
അപ്പാടെ വീട്ടിലകത്തങ്ങു പൂകിനേ-
നപ്പങ്ങൾ നൽകുവാനച്ഛനായി.
കൂരിരുട്ടായോരു മച്ചകം തന്നിലേ

പാരംകുരച്ചുള്ളോരച്ഛനപ്പോൾ
മച്ചകംതന്നിലും മെച്ചമേ ചെന്നു ഞാ-
നച്ഛൻെറ മുമ്പിലപ്പാത്രംതന്നെ
മെല്ലവെ വെച്ചു ഞാൻ ചൊല്ലിനിന്നീടിനേ-
നെല്ലാരും വന്നങ്ങു നിന്ന നേരം.
"വേഴ്ച്ചയിലേതാനുമുണ്ടു ഞാൻ കൊണ്ടെന്നു
കാഴ്ചയായ്നൽകുവാ"നെന്നിങ്ങിനെ.
എന്നതു കേട്ടവനേറിയ മോദത്താൽ
"നന്നായി"തെന്നങ്ങു ചൊല്ലിപ്പിന്നെ,
ഭാജനംതന്നെയഴിച്ചു നിന്നപ്പോൾ
ബാലകന്മാൎക്കെല്ലാം നൽകി മുമ്പിൽ,
ചുററത്തിൽ വന്നങ്ങു ചുററിനിന്നീടുന്ന
മററുള്ളോൎക്കായിട്ടും തെററന്നപ്പോൾ
തന്നുടെ കയ്യിലും നാലുമൂന്നങ്ങിനെ
നന്നായി വാരിപ്പിടിച്ചുകൊണ്ടാൻ.
കാതലായുള്ളോരു കൈതവം പൂണ്ടമി-
പ്പൈതൽ താൻ ചെയ്യുള്ള വഞ്ചനത്തെ
മച്ചകമായിട്ടു കാണരുതായ്കയാൽ
അച്ഛനമാരുമറിഞ്ഞീലപ്പോൾ.
ചാണകം നാറുന്നതെന്തിതെന്നെല്ലാരും
സംശയിച്ചപ്പോൾ വായിലാക്കി
വേഗത്തിൽനിന്നു മെതിച്ചോരുനേരത്തു
വേറൊന്നായ്വന്നു മുഖങ്ങളെല്ലാം.
തുമകലൎന്നുള്ള കൈനഖം തന്നിലെ
തുശിതറകളംപോളെന്നപോലെ,
തങ്ങളിൽ തങ്ങളിൽ നോക്കിത്തുടങ്ങിനാർ
കൊഞ്ഞങ്ങൾ കാട്ടുന്നോരെന്നപോലെ.
ആനനം കണ്ടിട്ടു തങ്ങളെന്നോൎത്തിട്ടു
വാനരൻ ചെന്നങ്ങു പൂണ്ടതും താൻ
ചിന്തയും പൂണ്ടു നിന്നെന്നെയും നോക്കിക്കൊ-
ണ്ടെന്തിതെന്നാലും ചൊല്ലിപ്പിന്നെ
ഓക്കാനിച്ചന്നേരമോടിത്തുടങ്ങിനാ-

ത്രുക്കിത്തുടങ്ങിനാരുണ്ടചോറും.
ബാലകന്മാക്ക്മെങ്ങുച്ചനും ചെഞ്ചെമ്മെ-
യാലസ്യമായിത്തുടങ്ങീതപ്പോൾ.
പിന്നെയങ്ങെല്ലാരും വന്നുനിന്നെന്മുഖം-
തന്നിലേ പിന്നെയും ചൂണ്ടിച്ചുണ്ടി
കോപിച്ചു നിന്നങ്ങു വേപിച്ചധീയുമായ്
പേപറഞ്ഞീടിനാരായവണ്ണം.
എല്ലാമേ കണ്ടു ചിരിച്ചു നിന്നീടിനാൻ
പിള്ളരുമായ്യുന്നിക്കള്ളനപ്പോൾ.
ഖേദവും പൂണ്ടു നിന്നാനനം താഴ്ത്തി ഞാ-
നേതുമേ മിണ്ടാതെ പോന്നുകൊണ്ടേൻ.
ഇങ്ങിനെ വന്നതിൻ കാരണമെന്തെന്നു-
മെന്നിലേ നണ്ണി ഞാൻ നിന്നനേരം
അഞ്ചനവണ്ണൻെറ വഞ്ചനമെന്നതും
ചെഞ്ചെമ്മേ കേട്ടിതു പിള്ളർ ചൊല്ലി.
ഇങ്ങിനെ പാഴായ്മചെയ്തു തുടങ്ങിയാ-
ലെങ്ങിനേ ഞങ്ങൾ പുലന്നുകൊൾവൂ."

481. വീട്ടിൽ = എൻെറ വീട്ടിൽ

489. തുണിപ്പാലു കറന്നായം നിത്യവും = ഞാൻ ദിവസേന [ഒരു തുണി = സുമാറ് ഒന്നര ഇടങ്ങഴി കൊള്ളുന്ന ഒരളവ്] ഒന്നര ഇടങ്ങഴി പാലു കറക്കുക പതിവാണ്.

490. മുണ്ടുവാലി = ഒരു പശുവിൻെറ പേർ (വാൽ നീളം കുറഞ്ഞ പശു).

493. രണ്ടു നാലു ദിനമുണ്ടു കാണാത്തു = രണ്ടു നാലു ദിവസമായി കാണുന്നില്ല.

494. അങ്ങൂട്ടെ വിട്ടിലെ = അങ്ങേ വീട്ടിലെ.

---

3. മംഗളഗുണഗണവിശദാ = മംഗളങ്ങളായ ഗുണഗണങ്ങൾ വിശദങ്ങളായിട്ടുള്ളവൾ. — നല്ല നല്ല ഗുണങ്ങളെല്ലാം സ്പഷ്ടമായി വിളങ്ങുന്നവൾ എന്നു താല്പര്യം. [ക്ലേശിച്ച സമാസമാണ്.]

7. നാടകം ഈ വക = ഈ മാതിരി കളികൾ.

11-ാംവരി മുതൽ ബാലൻെറ മനോഹരമായ കേശാദിപാദം വൎണ്ണിച്ചുകൊണ്ട്, ഇങ്ങിനെ കോമളനായ അവനെ ശാസിപ്പാൻ തന്നാലാവില്ലെന്നു യശോദ പറയുന്നു. [ "എന്നുണ്ണിതൻ ചാപലമെന്നു കേട്ടാലെന്നുള്ളിലും കുണ്ഠിതമുണ്ടിദാനീം എന്നാകിലും തജ്ജനമാശ്രു ചെയ്യാൻ എന്നാലസാദ്ധ്യം ഖലു ഗോപിമാരെ!" എന്നു മണിപ്രവാളം.]

13. പഞ്ചമ . . . . ന്നൊരു = പഞ്ചമിച്ചന്ദ്രൻെറ കല ലജ്ജിക്കുന്ന (അതിനേക്കാൾ അഴകുള്ളതിനാൽ) വടിവും = ആകൃപ്പാടെയുള്ള ഭംഗിയും.

17. ജലജദലത്തിന്നുള്ള + അകം + ഇടിയും = താമരദളത്തിന്നു മനസ്സലിയുന്ന — താമരദളം തോല്ക്കുന്ന.

27. പുഞ്ചിരിപ്പുതുമകൾ കാണുമ്പോൾ കൊഞ്ചിലാളിക്കാനല്ലാതെ തോന്നുകയില്ല.

29. മിന്നിക്കൊണ്ടിരിക്കുന്ന ഗണ്ഡസ്ഥലം വിചാരിക്കുംപോൾ ഉന്നീടുംപോൾ = ഓക്കുംപോൾ — വിചാരിക്കുംപോൾ.

31—2. എന്മക . . . . രിപ്പിൻ = എൻെറ മകനായതുകൊണ്ടു ഇങ്ങിനെ ഓരോന്നു ഗുണം പറയുകയല്ല എന്നു മനസ്സിലാക്കണം.

34. സങ്കട . . . . വാൻ = അവന്ന് അപ്രിയമായിട്ടെന്തെങ്കിലും പറയുവാൻ സങ്കടം തോന്നുന്നു.

36. ശിക്ഷകൾ = ഭംഗി.

37. അണിവയർ = ഭംഗിയുള്ള വയറ്.

48. കണ്ടാവൂ . . . . തിച്ചു = എനിക്കെപ്പോഴും കാണ്മാനിട വരണെ എന്നു കൊതിച്ചു.

55. മനസിയിൽ = മനസ്സിൽ. ഇതും ഒരു സ്വാതന്ത്ര്യപ്രയോഗം. മനസ്സ് എന്നൎത്ഥമുള്ള മനഃ എന്ന വാക്ക് സംസ്കൃതമാണ്. അതിൻെറ സപ്തമി മനസി എന്നുമാകുന്നു. അതിന്നു "മനസ്സിൽ" എന്നൎത്ഥവുമാകുന്നു. അതിനോടു പിന്നെ മലയാള സപ്തമീപ്രത്യയമായ 'ഇൽ' എന്നു ചേൎക്കേണ്ടതില്ല. ഇത് ലേഖകപ്രമാദമാണെന്നും വന്നുകൂടെന്നില്ല. "മനമ

തി"ൽ എന്നത് മനസിയിൽ എന്ന് തെററി എഴുതിയതായിരിക്കാം.

57—8. പാൽകിഴ = പാൽപാത്രം — പാൽക്കലം. താരാം = തരാം. ഇതു ഗാനരീതിക്ക യോജിപ്പിച്ച താരാം എന്നാക്കിയിരിക്കുന്നു.

ഈ പ്രകൃതത്തിൽ മണിപ്രവാളകൎത്താവ്

"മൺപാത്ര ദേശേ പകരം തരുന്നേൻ
പൊമ്പാത്രമെന്നല്ലിഹ രത്നപാത്രം.
സംപത്തനേകം ബത സംഭരിപ്പിൻ
സംപൂൎണ്ണമോദേന ഗമിച്ചുകൊൾ്‌വിൻ." എന്നു

ചുരുക്കിപ്പറഞ്ഞു കഴിച്ചിരിക്കുന്നു. കൃഷ്ണഗാഥാകൎത്താവും.

"കാരിയക്കേട്ടടൻ വന്നതിനെല്ലാമേ
പാരാതെ നൽകുവൻ ചൊന്നതെല്ലാം"

ഇത്യാദി 12 വരികൊണ്ടു കഴിച്ചിരിക്കുന്നു.

63—64. തച്ചുടച്ച മൺകിണ്ടിക്ക പകരം ഇതാ പൊൻകിണ്ടികൾ, വെച്ചുതെടുപ്പിൻ — ബോധിച്ചുതെടുത്തുകൊൾവിൻ.

68. വിലയും കേട്ടാൽ = വില ചോദിച്ചാൽ — പറഞ്ഞാൽ

71—4. പുത്രവാത്സല്യം നിറഞ്ഞൊഴുകുന്ന വരികൾ എന്നേ പറയാനുള്ളു.

79—80. മത്തമ....നിമാരെ—മദിച്ച ആനയെപ്പോലെ ഗമിക്കുന്നവർ = മത്തമദംഗജഗാമിനിമാർ.

85. വന്നീതനവധി = അനവധി സാധനങ്ങൾ വന്നിതു. നഷ്ടം തീൎത്തു കൊടുത്തു — ഏല്പിച്ചുകൊടുത്ത സാധനം തിരികെ കിട്ടാൻ നിവൃത്തിയില്ലാതെ വരുമ്പോൾ പകരം വല്ലതും കൊടുക്കുന്നതിന്നു വന്തി എന്നു പറയും. ആ വാക്കിൽനിന്ന് — പകരം കൊടുത്തു എന്നൎത്ഥത്തിൽ ഇങ്ങിനെയൊരു വാക്കുണ്ടാക്കിയതായിരിക്കണമെന്നു വിചാരിക്കുന്നു.

ശുഭം.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No M.A.5....... Acc. No 12592...

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 12 JUN 1984 | | |
| 23 APR [illegible] | | |
| 9 OCT 1990 | | |
| 5 JUL 1996 | | |
| 29 DEC 2001 | | |

If the book is not returned on due date a fine of 5 P. (five) per day will be charged.

MA5 12592

അച്യുതമേനോൻ ചേലനാട്ട്

കുചേലവൃത്തം